**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി I**

**(SUBJECT COMMITTEE I)**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**

**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

# ആനുകാലിക റിപ്പോർട്ട്

**(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)**

# (PERIODICAL REPORT FROM 1ST APRIL 2022 TO 31ST MARCH 2023)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 14-ാം തീയതി സമർപ്പിച്ചത്
(Presented on 14th September 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി I**
**(SUBJECT COMMITTEE I)**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**
**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

**ആനുകാലിക റിപ്പോർട്ട്**

**(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2022 TO 31ST MARCH 2023)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

## സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (2021-23)

**ഘടന**

**ചെയർമാൻ :**

**ശ്രീ. പി. പ്രസാദ്,**
**കൃഷി വകുപ്പുമന്ത്രി.**

**എക്സ്-ഒഫീഷ്യോ അംഗം :**

**ശ്രീമതി ജെ. ചിഞ്ചുറാണി,**
**മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി.**

**ശ്രീ. സജി ചെറിയാൻ,**
**മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി.**

**അംഗങ്ങൾ:**

**ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.**

**ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.**

**ശ്രീ. പി.ജെ. ജോസഫ്, എം.എൽ.എ.**

**ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.**

**ശ്രീ. കെ.പി.മോഹനൻ, എം.എൽ.എ.**

**ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.**

**ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.**

**ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.**

**നിയമസഭാ സെക്രട്ടേറിയറ്റ് :**

**ശ്രീ. എ. എം. ബഷീർ, സെക്രട്ടറി**

**ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി**

**ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി**

## അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (I)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 26 പ്രകാരം 2021-2023 കാലയളവിലേയ്ക്കായി രൂപീകരിച്ച കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 11.04.2022, 20.04.2022, 27.04.2022, 18.07.2022, 02.11.2022, 05.12.2022, 08.12.2022, 14.02.2023, 16.02.2023, 22.02.2023 എന്നീ തീയതികളിലായി 10 യോഗങ്ങളും 07.12.2022-ന് The University Laws (Amendment) (No.2) Bill, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി, സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും), സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം), സബ്ജക്ട് കമ്മിറ്റി XII (ആരോഗ്യവും കുടുംബക്ഷേമവും), സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ) എന്നിവയുടെ സംയുക്ത യോഗവും ചേരുകയുണ്ടായി. 11.04.2022-ലെ യോഗത്തിൽ 2022-23 സാമ്പത്തിക വർഷത്തെ XXIX-കൃഷി, XXX-ഭക്ഷ്യം, XXXIX-വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 20.04.2022-ലെ യോഗത്തിൽ 2022-23 സാമ്പത്തിക വർഷത്തെ XXXI-മൃഗസംരക്ഷണം, XXXII-ക്ഷീരവികസനം, XXXIII-മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 27.04.2022-ലെ യോഗത്തിൽ സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ച് അംഗീകരിച്ചു.

18.07.2022-ലെ യോഗത്തിൽ 01-04-2021 മുതൽ 31.03.2022 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും, അംഗീകരിക്കുകയും, 2018-19, 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ, കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) സംബന്ധിച്ച എസ്.ആർ.ഒ. എന്നിവയും പരിഗണിച്ചു.

02.11.2022-ലെ യോഗത്തിൽ 'കാർഷിക ഉൽപന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ സമിതി 29.12.2021-ന് നടത്തിയ ചർച്ചയുടെ തുടർനടപടി റിപ്പോർട്ട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവയും പരിഗണിച്ചു.

05.12.2022-ലെ യോഗത്തിൽ 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

07.12.2022-ലെ യോഗത്തിൽ "The University Laws (Amendment)(No.2) Bill 2022, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും), സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം), സബ്ജക്ട് കമ്മിറ്റി XII (ആരോഗ്യവും കുടുംബക്ഷേമവും), സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ) എന്നിവയുടെ സംയുക്ത യോഗം ചേരുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

08.12.2022-ലെ യോഗത്തിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട 'ഗോവർദ്ധിനി പദ്ധതി' സംബന്ധിച്ച് ചട്ടം 235(എ) പ്രകാരം സമിതി ചർച്ച നടത്തി.

14.02.2023-ലെ യോഗത്തിൽ സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXIX-(കൃഷി), XXX-(ഭക്ഷ്യം), XXXIX-(വൈദ്യുതപദ്ധതികൾ) എന്നി ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തി.

16.02.2023-ലെ യോഗത്തിൽ സമിതി 2023-24 സാമ്പത്തിക വർഷത്തെ XXXI-(മൃഗസംരക്ഷണം), XXXII-(ക്ഷീരവികസനം), XXXIII-(മത്സ്യബന്ധനം) എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തി.

22.02.2023-ൽ ചേർന്ന യോഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 69% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിഗണിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടം / എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |
| അദ്ധ്യായം V | - | നിയമസഭാ ചട്ടം 236(6) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം. |
| അദ്ധ്യായം VI | - | (a) 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം |

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 12.09.2023-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. പ്രസാദ്<br>ചെയർമാൻ<br>സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,<br>2023 സെപ്റ്റംബർ 14.

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 27.06.2022-ന് സമർപ്പിച്ചു.
2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 19.07.2022-ന് സമർപ്പിച്ചു.
3. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 19.07.2022-ന് സമർപ്പിച്ചു.
4. 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 06.12.2022-ന് സഭയിൽ സമർപ്പിച്ചു.
5. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 27.02.2023-ന് സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകൾ

2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ 05.12.2022-ന് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് 06.12.2022-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ എന്നിവ സംബന്ധിച്ച വിശദാംശം

കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി)സംബന്ധിച്ച എസ്.ആർ.ഒ 18.07.2022-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

1. നിയമസഭാ ചട്ടം 235(എ) പ്രകാരം 'കാർഷിക ഉത്പന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ 29.12.2021-ലെ സമിതിയോഗം നടത്തിയ ചർച്ചയിന്മേലുള്ള കൃഷി (എൻ.സി.എ) വകുപ്പിന്റെ തുടർ നടപടി റിപ്പോർട്ട് 02.11.2022-ലെ യോഗത്തിൽ പരിഗണിക്കുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

2. നിയമസഭാ ചട്ടം 235(എ) പ്രകാരം മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട 'ഗോവർദ്ധിനി പദ്ധതി' സംബന്ധിച്ച് 08.12.2022-ന് യോഗം ചേർന്ന് ചർച്ച നടത്തുകയുണ്ടായി.

## അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXIX-കൃഷി | 2021-22 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്) | 28.06.2022 |
| 2 | XXIX-കൃഷി | 2021-22 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം) | 28.06.2022 |
| 3 | XXIX-കൃഷി | 2015-16 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് (പശ്ചിമഘട്ട സെൽ) | 28.06.2022 |
| 4 | XXIX-കൃഷി | 2021-22 | കേരള കാർഷിക സർവ്വകലാശാല | 28.06.2022 |
| 5 | XXIX-കൃഷി | 2021-22 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | 20.07.2022 |

| | | | | |
|---|---|---|---|---|
| 6 | XXIX-കൃഷി | 2021-22 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കാസർഗോഡ് വികസന പാക്കേജ്) | 20.07.2022 |
| 7 | XXIX-കൃഷി | 2017-18 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | 01.09.2022 |
| 8 | XXIX-കൃഷി<br>XXX- ഭക്ഷ്യം<br>XXXIX-വൈദ്യുത പദ്ധതികൾ | 2021-22 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 01.09.2022 |
| 9 | XXIX-കൃഷി | 2021-22 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് (സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ കേരള) | 01.09.2022 |
| 10 | XXIX-കൃഷി | 2021-22 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | 01.09.2022 |
| 11 | XXXI-മൃഗസംരക്ഷണം | 2021-22 | മൃഗസംരക്ഷണ വകുപ്പ് | 01.09.2022 |
| | | | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | 01.09.2022 |
| | | | കേരള ഫീഡ്സ് ലിമിറ്റഡ് | 01.09.2022 |
| 14 | XXIX-കൃഷി | 2018-19 | കേരള കാർഷിക സർവ്വകലാശാല | 06.12.2022 |
| 15 | XXXIII-മത്സ്യബന്ധനം | 2020-21 | മത്സ്യബന്ധന വകുപ്പ് | 15.03.2023 |

## അദ്ധ്യായം VI

**(a) 2022-23 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ 161 ശിപാർശകളുണ്ടായിരുന്നതിൽ ഖണ്ഡിക നം. 1, 2, 4, 9, 10, 11, 12,13, 16, 17, 44, 46, 48, 50, 51, 55, 57, 58, 59, 62, 63, 64, 65, 70, 71, 72, 94-100, 119-161 എന്നിവയിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| കൃഷി | 3,5,6,7,8,14,15,<br>18-43,45,47,49,<br>52-54,56,60,61,66-69,73-76 |
| മൃഗസംരക്ഷണ വകുപ്പ് | 77-93 |
| ക്ഷീരവികസന വകുപ്പ് | 101-118 |

**b) <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ)</u>**

## I. 2021-22 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

**ശിപാർശ**

2401-00-001-88 - മലബാർ മാർക്കറ്റ് കമ്മറ്റിക്കുള്ള സഹായം

വിഹിതം : 60,00,000 രൂപ (പദ്ധതിയേതരം)

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 1)**

**സ്വീകരിച്ച നടപടി**

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും, കുടുംബ പെൻഷൻകാർക്കും, അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി തുക വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന വഴി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

**ശിപാർശ**

2401-00-102-90 - ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 1,16,14,00,000 രൂപ (പദ്ധതി)

സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ജില്ലകൾ ആവശ്യപ്പെട്ട തുക നൽകുന്നതിനായി 3368 ലക്ഷം രൂപയും, കരനെൽ കൃഷി വികസനത്തിനും

വ്യാപനത്തിനുമായി 81 ലക്ഷം രൂപയും നെല്ലിന്റെ ജൈവ വൈവിധ്യം നിലനിർത്തുന്നതിനും പരമ്പരാഗത നെല്ലിനങ്ങൾ അന്യം നിന്നു പോകുന്നത് ഒഴിവാക്കുന്നതിനും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കൃഷി വകുപ്പിന്റെ പദ്ധതിക്കായി 56 ലക്ഷം രൂപയും നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കുന്നതിനായി തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനായി 40 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35.45 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 3)**

**<u>സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം എന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനകൾ മുഖേന 47.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

**<u>ശിപാർശ</u>**

2401-00-109-84 – <u>കാർഷിക വിജ്ഞാനവും വ്യാപനവും</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കേരള കർഷകൻ മാസികയുടെ അച്ചടി, ട്രാൻസ്പോർട്ടേഷൻ, തപാൽ ചെലവുകൾക്കായി 199.076 ലക്ഷം രൂപയും, നിലവിൽ അനുവദിച്ച 30 ലക്ഷം രൂപയ്ക്കു പുറമേ 20 ലക്ഷം രൂപയും, മീഡിയ ലെയ്സണിനും മറ്റ് വിവര വിനിമയ പ്രവർത്തനങ്ങൾക്കുമായി 108.12016 ലക്ഷം രൂപയും ഉൾപ്പെടെ 3.2719 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 8)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക വിജ്ഞാനവും വ്യാപനവും എന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനകളിലൂടെ 3.272 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല. കാർഷിക വിജ്ഞാനവും വ്യാപനവും പദ്ധതിയിൽ കേരള കർഷകൻ പ്രസിദ്ധീകരണവും അനുബന്ധ പരിപാടികൾക്കും വേണ്ടി 199.076 ലക്ഷം രൂപയും മറ്റ് പ്രസിദ്ധീകരണങ്ങൾക്ക് വേണ്ടി 20 ലക്ഷം രൂപയും മീഡിയ ലെയ്സണും മറ്റ് വിവര വിനിമയ പ്രവർത്തനങ്ങൾക്കും വേണ്ടി 108.12016 ലക്ഷം രൂപയും ചേർത്ത് ആകെ 327.19616 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ (Additional Authorization) അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചില്ല.

## ശിപാർശ

2401-00-109-80 - കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 11,70,00,000 രൂപ (പദ്ധതി)

ലീഡ്സിന്റെ പ്രവർത്തനങ്ങൾക്കും 9 ടെക്നോളജി മാനേജർമാരുടെയും 134 ഫീൽഡ് അസിസ്റ്റന്റുമാരുടെയും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ശമ്പളം നൽകുന്നതിനുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 74.2388 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 9)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ലീഡ്സിന്റെ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന വഴി 74.24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-109-73 - ആത്മ കോൾ സെന്ററുകൾ (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

വിഹിതം : ഇല്ല (പദ്ധതി)

ആത്മ കോൾ സെന്ററിന്റെ പ്രവർത്തനത്തിനായി 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 10)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ആത്മ കോൾ സെന്ററുകൾ (ഒറ്റത്തവണ അധിക കേന്ദ്രസഹായം) എന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന മുഖേന 74.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-109-61-(02) - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം

വിഹിതം : 19,08,62,000 രൂപ (പദ്ധതി)

2021-22 വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിന് നീക്കി വയ്ക്കുന്നതിനായി 203.4134 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 12)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക യന്ത്രവത്കരണം ഉപദൗത്യം എന്ന പദ്ധതിയിൽ (ജനറൽ, സെൻട്രൽ & സ്റ്റേറ്റ് ഷെയർ) പൊതു വിഭാഗത്തിന് നീക്കി വയ്ക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി സെൻട്രൽ ഷെയർ ഇനത്തിൽ 12204.97 ലക്ഷം രൂപയും സ്റ്റേറ്റ് ഷെയർ ഇനത്തിൽ 8136.36 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. എന്നാൽ 2401-00-109-58-01 പുതുക്കിയ ശീർഷകത്തിൽ (ജനറൽ

കേന്ദ്ര വിഹിതം) പദ്ധതിക്കായി 31.12.2021 തീയതിയിലെ സ.ഉ(ആർ.റ്റി) നം. 8557/2021/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 5442.53 ലക്ഷം രൂപയും 2401-00-109-58-02 എന്ന പുതിയ ശീർഷകത്തിൽ (ജനറൽ സ്റ്റേറ്റ് വിഹിതമായി) 3628.07 ലക്ഷം രൂപയും അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2401-00-109-61-(04) - തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം

വിഹിതം : 22,25,00,000 രൂപ (പദ്ധതി)

2021-22 വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിന് നീക്കി വയ്ക്കുന്നതിനായി 19.2863 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 13)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം തോട്ട കൃഷിയ്ക്കായുള്ള സംയോജിത വികസന ദൗത്യം എന്ന പദ്ധതിയിൽ (MIDH) (ജനറൽ, സെൻട്രൽ & സ്റ്റേറ്റ് ഷെയർ) പൊതു വിഭാഗത്തിന് നീക്കി വയ്ക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി സെൻട്രൽ ഷെയർ ഇനത്തിൽ 1157.178 ലക്ഷം രൂപയും സ്റ്റേറ്റ് ഷെയർ ഇനത്തിൽ 771.452 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. എന്നാൽ 2401-00-109-57-01 പുതുക്കിയ ശീർഷകത്തിൽ MIDH (ജനറൽ കേന്ദ്ര വിഹിതം) പദ്ധതിക്കായി 15.03.2022 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 1874/2022/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 534 ലക്ഷം രൂപയും 2401-00-109-57-02 പുതുക്കിയ ശീർഷകത്തിൽ MIDH (ജനറൽ സ്റ്റേറ്റ് വിഹിതമായി) 355.99 ലക്ഷം രൂപയും ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2401-00-109-60 - കൃഷി പാഠശാല -അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം

വിഹിതം : 50,00,000 രൂപ (പദ്ധതി)

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം ഉണ്ടാക്കുന്നതിനും നൈപുണ്യ പരിശീലന പരിപാടി എല്ലാ കൃഷി ഭവനുകളിലും വ്യാപിപ്പിക്കുന്നതിനുമായി 3.1427 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 14)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷം കൃഷി പാഠശാല-അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം എന്ന പദ്ധതിക്കായി 314.27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-115-99 - ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 35,50,00,000 രൂപ (പദ്ധതിയേതരം)

KSEB യ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 84.4413 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 17)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനകൾ വഴി 8444.13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2401-00-191-50 - <u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (കോർപ്പറേഷൻ)</u>

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 66.51 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 23)**

**<u>സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (കോർപ്പറേഷൻ) മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി 66.51 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2401-00-192-50 - <u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുൻസിപ്പാലിറ്റി)</u>

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 3.0534 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 24)**

**<u>സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പാലിറ്റി) മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി 305.34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-198-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്)

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 41.9156 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 25)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്) മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി 4209.56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-789-84-02 - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം

വിഹിതം : 2,14,80,000 രൂപ (പദ്ധതി)

പ്രസ്തുത ഘടക പദ്ധതിയിലേക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 22.8519 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 27)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക യന്ത്രവത്കരണം ഉപദൗത്യം എന്ന പദ്ധതിയിൽ (പ്രത്യേക ഘടക പദ്ധതി സെൻട്രൽ & സ്റ്റേറ്റ് ഷെയർ) വിഭാഗത്തിന് നീക്കി വയ്ക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി സെൻട്രൽ ഷെയർ ഇനത്തിൽ 1137.997 ലക്ഷം രൂപയും, സ്റ്റേറ്റ് ഷെയർ ഇനത്തിൽ 914.198 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

എന്നാൽ കേന്ദ്ര വിഹിതത്തിനായും സംസ്ഥാന വിഹിതത്തിനായും പുതിയ ശീർഷകങ്ങൾ യഥാക്രമം 2401-00-789-78-01, 2401-00-789-78-02

അനുവദിക്കുകയും ചെയ്തു. 2401-00-789-79-01 എന്ന ശീർഷകത്തിൽ കേന്ദ്ര വിഹിതമായി അധിക ധനാനുമതി മുഖേന 08.07.2021-ലെ സ.ഉ. (ആർ.റ്റി) 4878/2021/ഫിൻ നമ്പർ പ്രകാരം 68.64 ലക്ഷം രൂപയും 31.12.2021-ലെ സ.ഉ. (ആർ.റ്റി) 8557/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 756.8 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2401-00-789-78-02 എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി അധിക ധനാനുമതി മുഖേന 08.07.2021-ലെ സ.ഉ. (ആർ.റ്റി) 4878/2021/ഫിൻ നമ്പർ പ്രകാരം 45.96 ലക്ഷം രൂപയും 31.12.2021-ലെ സ.ഉ. (ആർ.റ്റി) 8557/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 504.53 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2401-00-796-85-02 - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം

വിഹിതം : 21,58,000 രൂപ (പദ്ധതി)

2021-22 -ൽ കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിലെ പട്ടികവർഗ്ഗ ഉപ പ്രത്യേക ഘടക പദ്ധതിക്ക് നീക്കിവയ്ക്കുന്നതിനായി 2.2842 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 30)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം കാർഷിക യന്ത്രവത്കരണം ഉപദൗത്യം എന്ന പദ്ധതിയിലെ പട്ടികവർഗ്ഗ ഉപ പ്രത്യേക ഘടകത്തിന് (സെൻട്രൽ & സ്റ്റേറ്റ് ഷെയർ) നീക്കി വയ്ക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി സെൻട്രൽ ഷെയർ ഇനത്തിൽ 136.999 ലക്ഷം രൂപയും, സ്റ്റേറ്റ് ഷെയർ ഇനത്തിൽ 91.419 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വിഹിതത്തിനായി 2401-00-796-77-01 എന്ന ശീർഷകവും സംസ്ഥാന വിഹിതത്തിനായി 2401-00-796-77-02 എന്ന പുതിയ ശീർഷകവും അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2401-00-796-85-04 - തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം

വിഹിതം : 25,00,000 രൂപ (പദ്ധതി)

2021-22 -ൽ കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിലെ പട്ടികവർഗ്ഗ ഉപ പദ്ധതിക്ക് നീക്കിവയ്ക്കുന്നതിനായി 21.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 31)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം തോട്ട കൃഷിയ്ക്കായുള്ള സംയോജിത വികസന ദൗത്യം (MIDH) എന്ന പദ്ധതിയിലെ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് തുക അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ട പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന വഴി സെൻട്രൽ ഷെയർ ഇനത്തിൽ 13.002 ലക്ഷം രൂപയും, സ്റ്റേറ്റ് ഷെയർ ഇനത്തിൽ 8.668 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

എന്നാൽ ധനപുനഃവിനിയോഗം വഴി 15.03.2022-ലെ സ.ഉ.(ആർ.റ്റി)1874/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 2401-00-796-76-01 പുതുക്കിയ ശീർഷകത്തിൽ MIDH (TSP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 6 ലക്ഷം രൂപയും 2401-00-796-76-02 പുതുക്കിയ ശീർഷകത്തിൽ MIDH (TSP സംസ്ഥാന വിഹിതം) പദ്ധതിക്കായി 4.01 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2415-01-277-98– സീനിയർ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

വിഹിതം : 2,42,00,000 രൂപ (പദ്ധതി)

SAMETI-യുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ചെലവുകൾക്കും പൂന്തോട്ടം, കദളീവന പരിപാലനം, പോളി ഹൗസ് പരിപാലനം, കരാർ ദിവസവേതന ജീവനക്കാരുടെ വേതനം തുടങ്ങിയവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 97.2 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 34)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷം സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം എന്ന പദ്ധതിക്കായി 97.2 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന മുഖേന അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2435-01-101-85– വില സ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

കോവിഡ് വ്യാപനം മൂലം കേരളത്തിലെ കപ്പ കർഷകർ വിളവെടുത്ത ഉല്പന്നം വിൽക്കാനാവാതെ ബുദ്ധിമുട്ടുകൾ നേരിട്ട സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഹോർട്ടികോർപ്പ് മുഖേന കപ്പ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുണ്ടായി. കപ്പക്ക് പ്രഖ്യാപിച്ച താങ്ങുവില AIMS Portal-ൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നതിനും രജിസ്റ്റർ ചെയ്യാത്ത കർഷകർക്ക് വില സ്ഥിരത ഫണ്ട് വഴി നൽകുന്നതിനുമായി, 10 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 35)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം വില സ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ എന്ന പദ്ധതിയുടെ ഭാഗമായി വില സ്ഥിരത ഉറപ്പു വരുത്തുന്നതിന് വേണ്ടി സംഭരണ ഏജൻസികളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയ്ക്ക് സഹായം നല്കുന്നതിനുവേണ്ടി 10 കോടി രൂപ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന വഴി അധിക തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. എന്നാൽ അധികധനാനുമതി മുഖേന 8 കോടി രൂപ 29.12.2021-ലെ ജി.ഒ.(ആർ.റ്റി) 8503/2021/ഫിൻ. നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

## ശിപാർശ

2435-01-800-99– മാർക്കറ്റ് വികസനം

വിഹിതം : 9,70,00,000 രൂപ (പദ്ധതി)

ഓൺലൈൻ വിപണനം ശക്തിപ്പെടുത്തുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 36)**

## സ്വീകരിച്ച നടപടി

മാർക്കറ്റ് വികസനം എന്ന പദ്ധതിയിൽ ഓൺലൈൻ വിപണനം ശക്തിപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന മുഖേന 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശീർഷകം പുന:സ്ഥാപിക്കുന്നതിന്

## ശിപാർശ

2021-22 വർഷത്തിലെ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ് വർഷം ലഭ്യമാകുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-104-72– ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 20.0492 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 39)**

## സ്വീകരിച്ച നടപടി

ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ പൊതുവിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പു വർഷം ലഭ്യമാക്കുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-104-72 ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുന:സ്ഥാപിച്ചു അധിക തുക അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ പ്രകാരം കേന്ദ്ര വിഹിതത്തിനായി 2401-00-104-72-01 എന്ന ശീർഷകവും സംസ്ഥാനവിഹിതത്തിനായി 2401-00-104-72-02 എന്ന ശീർഷകവും പുന:സ്ഥാപിക്കുകയും അതോടൊപ്പമുള്ള 2004.92 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2021-22 വർഷത്തിലെ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ് വർഷം ലഭ്യമാകുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-789-83– ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി – പ്രത്യേക ഘടക പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 1.1139 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 40)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ വർഷം ലഭ്യമാക്കുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച തുക 2401-00-789-83 ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രത്യേക ഘടക പദ്ധതി (കേന്ദ്രാവിഷകൃതം) എന്ന ശീർഷകം പുന:സ്ഥാപിച്ച് അധിക തുക അനുവദിക്കണമെന്ന് സമിതിയുടെ ശിപാർശ പ്രകാരം, കേന്ദ്രവിഹിതത്തിനായി 2401-00-789-83-01 എന്ന ശീർഷകവും സംസ്ഥാനവിഹിതത്തിനായി 2401-00-789-83-02 എന്ന ശീർഷകവും പുന:സ്ഥാപിക്കുകയും അതോടൊപ്പമുള്ള സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന മുഖേന 111.39 ലക്ഷം രൂപ അധിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2021-22 വർഷത്തിലെ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ് വർഷം ലഭ്യമാകുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-796-83– ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി പട്ടികവർഗ്ഗ ഉപ പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 1.1139 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 41)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ വർഷം ലഭ്യമാക്കുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-796-83 ഭാരതീയ പ്രകൃതി കൃഷി പദ്ധതി പട്ടിക വർഗ്ഗ ഉപപദ്ധതിക്ക് (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുന:സ്ഥാപിച്ച് അധിക തുക അനുവദിക്കണമെന്ന് സമിതിയുടെ

ശുപാർശ പ്രകാരം, കേന്ദ്രവിഹിതത്തിനായി 2401-00-796-83-01 എന്ന ശീർഷകവും സംസ്ഥാന വിഹിതത്തിനായി 2401-00-796-83-02 എന്ന ശീർഷകവും പുന:സ്ഥാപിക്കുകയും സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥന മുഖേന 11.39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

**ശിപാർശ**

ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവന ശൃംഖല സംസ്ഥാനത്ത് 2 ജില്ലകളിൽ ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 46)**

**സ്വീകരിച്ച നടപടി**

കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവന ശൃംഖല ആരംഭിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ അനുവദിക്കണമെന്ന ശിപാർശ പ്രകാരം 2435-01-101-74P എന്ന ശീർഷകം അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം 1000 രൂപ ടോക്കൺ തുകയായി മാത്രം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

[16.07.2022-ലെ കൃഷി പി. എ 1/156/2021-കൃഷി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ-3,8,9,10,12-14,17,23-25,27,30,31,34,39-41 എന്നിവയുടെയും 16.08.2022-ലെ കൃഷി NCA3/228/2021-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 1,35,36,46 എന്നിവയുടെയും കാലതാമസ പത്രികകൾ 06.12.2022-ാം തീയതി സഭയിൽ സമർപ്പിച്ചു.]

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന 22.06.2021-ലെ സമിതി യോഗത്തിൽ, കേരളത്തിൽ കുളമ്പുരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ സമിതി നൽകിയ നിർദ്ദേശവും സർക്കാർ സ്വീകരിച്ച നടപടികളും

### സമിതി നിർദ്ദേശം

കേരളത്തിനു പുറത്തു നിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് കൃത്യമായ പരിശോധന നടത്താത്തതിനാൽ കേരളത്തിൽ കുളമ്പ് രോഗം ക്രമാതീതമായി വർദ്ധിക്കുന്നതായി സമിതി നിരീക്ഷിച്ചു. കൂടാതെ, ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം, കേരളത്തിലെ നിരവധി ചെക്ക് പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെന്നും അപ്രകാരമുള്ള ചെക്ക് പോസ്റ്റുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് ക്വാറന്റൈൻ സംവിധാനവും കൃത്യമായ പരിശോധനയും നടത്തുന്നതിനായി ഉപയോഗപ്രദമാക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. അതിനുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ മൃഗസംരക്ഷണം, നികുതി, ധനകാര്യം എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

### നികുതി വകുപ്പ് സ്വീകരിച്ച നടപടി

GST നടപ്പിലാക്കിയ ശേഷം ചരക്ക സേവന നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കി. 23.01.2018-ലെ സ.ഉ.(സാധാ)നം. 53/2018/നി.വ. പ്രകാരം ഇത്തരം സ്ഥലങ്ങളിൽ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണ സ്ക്വാഡുകളുടെ ക്യാമ്പ് ഓഫീസ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കമാൻഡിംഗ് സെന്ററുകളുടെ പ്രവർത്തനവും പുരോഗമിക്കുകയാണ്. ഈ സാഹചര്യത്തിൽ, ക്വാറന്റൈൻ സംവിധാനം ഉപയോഗിക്കുന്നതിനും കന്നുകാലികളെ പരിശോധിക്കുന്നതിനുമായി അത്തരം ഒഴിഞ്ഞു കിടക്കുന്ന ചെക്ക് പോസ്റ്റുകൾ വകുപ്പിന് കൈമാറ്റം ചെയ്യാൻ കഴിയില്ല.

### മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടി

അന്യസംസ്ഥാനങ്ങളിൽ നിന്നും ദിവസേന 1000-ൽ പരം കന്നുകാലികളാണ് കേരള അതിർത്തി കടന്നു എത്തുന്നത്. ഇവയുടെ ആരോഗ്യ പരിശോധന നടത്തുന്നതിനായി 2021-22 വർഷത്തിൽ സ്ഥാപിച്ച ഒരു ചെക്ക് പോസ്റ്റ് ഉൾപ്പെടെ 19

ചെക്ക് പോസ്റ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. 2021-22 വർഷത്തിൽ തെൻമല, ഇരിട്ടി, മട്ടത്ത് കാട് എന്നീ ചെക്ക് പോസ്റ്റുകൾ പുതുതായി പണി തീർത്ത പ്രീ ഫാബ് കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. ഏറ്റവും കൂടുതൽ കന്നുകാലികൾ കടന്നുവരുന്ന വാളയാർ ചെക്ക് പോസ്റ്റ് കോറിഡോർ ചെക്ക് പോസ്റ്റായി ഉയർത്തി പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. തൽസമയം പരിശോധനാഫലം ലഭിക്കുന്ന കിറ്റുകൾ ഉപയോഗിച്ച് കുളമ്പുരോഗം മുതലായ അസുഖങ്ങൾ നിർണ്ണയിക്കുന്നതിനുള്ള സൗകര്യം ഒരുക്കി 2022 ജനുവരി മുതൽ പരിശോധന ആരംഭിച്ചിരിക്കുന്നു. വാളയാർ ചെക്ക് പോസ്റ്റ് വെറ്ററിനറി സർജ്ജനു പുറമേ ചിറ്റൂർ വിജിലൻസ് യൂണിറ്റ്, കാലിവസന്ത നിർമ്മാർജ്ജന കേന്ദ്രത്തിനും കീഴിലുള്ള ലബോറട്ടറിയിലെ വെറ്ററിനറി സർജ്ജൻമാർ എന്നിവരെയും പ്രസ്തുത ദൗത്യത്തിന് നിയോഗിച്ചിട്ടുണ്ട്. പൊതു സമൂഹത്തിൽ നിന്നും വലിയ സ്വീകാര്യതയാണ് ഈ സംരംഭത്തിന് ലഭിക്കുന്നത്.

ആരോഗ്യ പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ രോഗം നിർണ്ണയിക്കപ്പെടുന്ന മൃഗങ്ങളെ തിരികെ മടക്കി അയക്കുന്ന സംവിധാനമാണ് നിലവിൽ ഉള്ളത്. എന്നാൽ ഇത് തികച്ചും അപ്രായോഗികമായതിനാൽ ക്വാറന്റൈൻ സംവിധാനം ചെക്ക്പോസ്റ്റ് പരിസരത്ത് കൊണ്ടുവരാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി അദ്യപടി എന്ന നിലയ്ക്ക് വാളയാർ ചെക്ക് പോസ്റ്റ് പരിസരത്ത് മൃഗസംരക്ഷണ വകുപ്പിന് സ്വന്തമായുള്ള 14 സെന്റ് സ്ഥലത്ത് രോഗവാഹകരായ മൃഗങ്ങളെ കെട്ടിയിട്ട് ഉടമസ്ഥന്റെ ചിലവിൽ ചികിത്സയും തീറ്റയും നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ നിലവിൽ അന്യസംസ്ഥാനത്ത് നിന്നും ആരാണ് കേരളത്തിലേക്ക് മൃഗങ്ങളെയും മറ്റും കൊണ്ടു വരുന്നത് എന്നതിന് ആധികാരികമായ രേഖകൾ ഒന്നും ഇല്ല. അത്തരം ഒരു രേഖ ഉണ്ടാക്കുന്നതിനായി മൃഗങ്ങളെയും മറ്റും ഇറക്കുമതി ചെയ്യുന്നവർക്ക് മൃഗസംരക്ഷണ വകുപ്പ് ഒരു രജിസ്ട്രേഷൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. 15.02.2022 വരെ 45 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ നമുക്ക് ആര്, എന്ത് സാധനങ്ങൾ എവിടെ നിന്ന് എവിടേയ്ക്ക് കൊണ്ടു പോകുന്നു എന്ന് ഒരു പരിധി വരെ അറിയുവാൻ സാധിക്കുന്നു.

ചെക്ക് പോസ്റ്റുകളിലൂടെ കടന്നു വരുന്ന വാഹനങ്ങൾക്ക് പരിശോധനകൾക്ക് ശേഷം എൻട്രി പാസ്സ് അനുവദിക്കുകയും, ആയത് എവിടെയാണോ കൊണ്ടു പോകുന്നത് ആ സ്ഥലത്ത് ഈ എൻട്രി പാസ്സ് പരിശോധിച്ച് മാത്രമേ കന്നുകാലികളേയും മറ്റും ഇറക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ പരിശോധനകൾക്കായി കേരളത്തിൽ ജോയിന്റ് ഡയറക്ടർ (ആർ.ഇ.)യുടെ കീഴിൽ 8 വിജിലൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളിൽ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഹൈവേകളിലും അംഗീകൃത ചന്തകളിലും അനധികൃത ഇറക്കുമതി കണ്ടെത്തിയാൽ നിയമ നടപടി സ്വീകരിയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ 2 ചെക്ക് പോസ്റ്റുകളിൽ വെറ്ററിനറി സർജൻമാരുടെ സേവനം ലഭിക്കുന്നുണ്ട്. ബാക്കി 17 സ്ഥലങ്ങളിൽ കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെയും ലബോറട്ടറി ടെക്നീഷ്യൻമാരെയും നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.

അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെയുള്ള കന്നുകാലി കടത്ത് രാത്രി കാലങ്ങളിൽ കൂടുതലായതിനാൽ, രാത്രികാല പരിശോധന ചിറ്റൂർ വിജിലൻസ് യൂണിറ്റ്, ചെമ്മണാമ്പതി ഫീൽഡ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു. വാളയാർ, കോഴിപ്പാറ, കുമളി എന്നീ ചെക്ക് പോസ്റ്റുകൾ ചരക്ക് സേവന നികുതി വകുപ്പിന്റെ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

### സമിതി ആവശ്യപ്പെട്ട അധികവിവരം

2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട 33, 34, 35 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അധികതുക അനുവദിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 02.07.2021-ലെ യോഗത്തിൽ പരിഗണിച്ച സമിതി, പ്രസ്തുത അധിക തുക അനുവദിയ്ക്കാതിരുന്നതിന്മേലുള്ള ധനകാര്യ വകുപ്പിന്റെ മറുപടി ലഭ്യമാക്കണമെന്ന്

നിർദ്ദേശിച്ചു.

**സ്വീകരിച്ച നടപടി**

ഉന്നതതല കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലാണ് സർവകലാശാലകൾക്ക് ഓരോ വർഷവും പദ്ധതിയേതര വിഹിതം വകയിരുത്തുന്നത്. ആയതിനാൽ പദ്ധതിയേതര ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്. കേരള കാർഷിക സർവ്വകലാശാല ഒരു Grand in Aid സ്ഥാപനമാണ്. എല്ലാ Grand in Aid സ്ഥാപനങ്ങൾക്കും മതിയായ തുക ബജറ്റിൽ വകയിരുത്തി വരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളുടെ മൊത്തം ചെലവും സർക്കാരിന് വഹിക്കുവാൻ കഴിയുകയില്ല. സർക്കാർ സഹായത്തിന് ഉപരിയായി വരുന്ന ആവശ്യങ്ങൾക്ക് സ്ഥാപനങ്ങൾ തനത് വരുമാനം കണ്ടെത്തേണ്ടതാണെന്നും അറിയിക്കുന്നു.

## 2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്

**ശിപാർശ**

2401-00-102-79-പ്രത്യേക കാർഷിക മേഖല

വിഹിതം: ഇല്ല

വിവിധ വിളകൾക്ക് ഏറ്റവും അനുയോജ്യമായ കാർഷികമേഖലകൾ കണ്ടെത്തി അവയുടെ സമഗ്രവികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി കർഷകരുടെ വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയിൽ മേഖലയുടെ സമഗ്ര വികസനത്തിനായി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടാതെ 2018-19 വർഷത്തിൽ ആരംഭിച്ചതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ വിവിധ പ്രവർത്തനങ്ങളുടെ നടത്തിപ്പിനുമായി 2019-20 വർഷത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 4)**

## സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ 1, 2, 3 എന്നീ ബാച്ചുകളിലെ അധിക ധനാഭ്യർത്ഥനയ്ക്കുള്ള (സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സ്) പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിക്കായി 2401-00-102-79 പ്ലാൻ ശീർഷകത്തിൽ 10 കോടി രൂപ വീതം അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശിപാർശ

2402-00-102-88 - ജലവിതരണ പദ്ധതികളിലെ റിസർവോയറുകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണം.

വിഹിതം: 55,00,000/- രൂപ (പദ്ധതി)

2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ പദ്ധതികളിലെ പ്രവർത്തനങ്ങൾ തുടരുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 30)**

## സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം ആകെ 55 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. പ്രസ്തുത തുക 2019 നവംബർ മാസത്തോടു കൂടി പൂർണ്ണമായും വിനിയോഗിച്ച ശേഷം അധികാനുമതിയ്ക്കായി ശിപാർശ സമർപ്പിക്കുവാനാണ് വകുപ്പ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2019 ലുണ്ടായ പ്രളയം, കോവിഡ്-2019 മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗൺ തുടങ്ങിയ അപ്രതീക്ഷിത സാഹചര്യങ്ങൾ നിമിത്തം 2019-20 സാമ്പത്തിക വർഷം അധിക ധനവിനിയോഗം അസാധ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ 2402-00-102-88 പദ്ധതി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി അധികമായി തുക

വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**ശിപാർശ**

4408-02-101-98-ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം: 1,50,00,000/- രൂപ (പദ്ധതി)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് 4480 MT ഗോഡൗണിന്റെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകിയിട്ടുള്ള ബജറ്റ് വിഹിതം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 35)**

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷം 150 ലക്ഷം രൂപ ഗോഡൗൺ നിർമ്മാണത്തിനായി വകയിരുത്തിയിരുന്നുവെങ്കിലും 30,00,000/-രൂപ റിലീസ് ചെയ്തു നൽകുകയും ആയത് പൂർണ്ണമായും ഗോഡൗൺ നിർമ്മാണത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

**ശിപാർശ**

6408-02-190-98 - RIDF XVII- നു കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം: ഇല്ല (പദ്ധതി)

നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ പുനലൂർ, നോർത്ത് പറവൂർ, മുതലമട എന്നിവിടങ്ങളിലെ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 11.75 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 36)**

## സ്വീകരിച്ച നടപടി

കോർപ്പറേഷൻ സമർപ്പിച്ച Reimbursement Claim പരിഗണിച്ച് '6408-02-190-98-RIDF XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ലോൺ' എന്ന ശീർഷകത്തിൽ 45,32,000/-രൂപ (45.32 ലക്ഷം രൂപ) റിലീസ് ചെയ്ത് നൽകുകയും ആയത് പൂർണ്ണമായും ഗോഡൗൺ നിർമ്മാണത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

## ശിപാർശ

2405-00-101-57 - മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവര ശേഖരണം

വിഹിതം: ഇല്ല

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 68)**

## സ്വീകരിച്ച നടപടി

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ടി ശീർഷകത്തിൽ 52 ലക്ഷം രൂപ SDG മുഖാന്തിരം ആവശ്യപ്പെട്ട തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

## ശിപാർശ

2405-00-101-53- ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കൽ

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട് അതിനുള്ള സാങ്കേതിക പിന്തുണ, മാർഗ്ഗ നിർദ്ദേശം, മേൽ നോട്ടം എന്നിവയ്ക്കായി ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനും അതിന്റെ നടത്തിപ്പിനുമായി

ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**(ഖണ്ഡിക 69)**

**<u>സ്വീകരിച്ച നടപടി</u>**

സർക്കാർ ഉത്തരവ് നം.(കൈ നം.18/19/മ തു.വ തീയതി 22.06.2019 പ്രകാരം ഫിഷറീസ് വകുപ്പിൽ 16 ഉൾനാടൻ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2019-20 വർഷം 2405-00-101-53 ശീർഷകത്തിൽ വകയിരുത്തിയ തുകയായ 1.50 കോടി രൂപ മുഴുവൻ ചെലവഴിച്ചിട്ടില്ല. ആയതിനാൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധിക തുക അനുവദിക്കേണ്ട ആവശ്യം വന്നില്ല.

**<u>ശിപാർശ</u>**

2405-00-102-97- <u>ബോട്ടുനിർമ്മാണശാലകൾ</u>

വിഹിതം : 6,27,000 രൂപ (പദ്ധതിയേതരം)

ബേപ്പൂരിലേയും ശക്തികുളങ്ങരയിലേയും ബോട്ടുനിർമ്മാണ ശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.73 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 70)**

**<u>സ്വീകരിച്ച നടപടി</u>**

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 6,27,000/- രൂപയായിരുന്നു. ആയതിൽ 5,59,468/- രൂപയാണ് ചെലവായിട്ടുള്ളത്. അതിനാൽ അധിക ഫണ്ടിന്റെ ആവശ്യം വന്നില്ല.

**ശിപാർശ**

2405-00-103-99 - **സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റൽ**

വിഹിതം : 9,24,99,000 രൂപ (പദ്ധതിയേതരം)

കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 75.01 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 71)**

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിന്റെ ഉപശീർഷകമായ 2405-103-99-21-2-ൽ 4,10,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2405-00-109-98 – **മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും**

വിഹിതം : 7,69,87,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേയും പരിശീലന കേന്ദ്രങ്ങളിലേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും, മറ്റ് അറ്റകുറ്റ പണികൾക്കും വേണ്ടി ഈ ശീർഷകത്തിൽ 30.13 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 78)**

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 7,70,66,000/- രൂപ അനുവദിച്ചിരുന്നു. അധിക ധനാനുമതിയായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ശീർഷകമായ 2405-00-109-98-01-04 ൽ 79,000/- രൂപ അധികമായി

അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2405-00-109-95 - പരിശീലനവും വിപുലീകരണവും

വിഹിതം : 73,40,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 16.60 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 79)**

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ ടി ശിർഷകത്തിൽ ധനപുന:വിനിയോഗം വഴി 14,22,000/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2405-00-109-91 -വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 2,50,00,000/- രൂപ (പദ്ധതി)

ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 80)**

**സ്വീകരിച്ച നടപടി**

ഉദ്യോഗസ്ഥർക്കുള്ള പരിശീലനത്തിനും ഇ-ഓഫീസ് നടപ്പിലാക്കുന്ന തിനുമായി അധിക തുക ആവശ്യമായി വരാത്ത സാഹചര്യത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

## ശിപാർശ

4405-00-104-37 - മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതും നിലവിൽ ജോലികൾ നടന്നുകൊണ്ടിരിക്കുന്നതുമായ തുറമുഖങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 91)**

## സ്വീകരിച്ച നടപടി

കോവിഡ് 19-നെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

## ശിപാർശ

4405-00-104-34 - തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ എക്കൽ മണ്ണടിയൽ പ്രശ്നങ്ങൾ പരിഹരിക്കാൻ തെറ്റുതിരുത്തൽ പ്രവൃത്തി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 92)**

## സ്വീകരിച്ച നടപടി

പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയത് മറ്റൊരു ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക ഫണ്ട് അനുവദിക്കേണ്ട് ആവശ്യം വന്നില്ല.

## ശിപാർശ

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടിവരുന്നതിന്റെ പൂർണ്ണബാധ്യത ഏറ്റെടുത്ത് അവർക്കായി സ്ഥലവും ഭവനവും മറ്റ് ജീവനോപാധി സഹായങ്ങളും പരിശീലനങ്ങളും നൽകുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിലുള്ള 4405-00-103-92 എന്ന ശീർഷകം പുന:സ്ഥാപിച്ച് 50 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 97)**

## സ്വീകരിച്ച നടപടി

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട പുനരധിവാസത്തിന് ഫിഷറീസ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള 4405-00-103-92 എന്ന ശീർഷകത്തിൽ നിന്നാണ് പണം ചെലവഴിച്ചിരുന്നത്. എന്നാൽ തുറമുഖ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചതോടെ ടി ശീർഷകത്തിലുള്ള വകയിരുത്തൽ നിർത്തലാക്കുകയും ധനകാര്യ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് 5051-01-001-99(P) എന്ന പുതിയ ശീർഷകത്തിൽ വകയിരുത്തൽ നടത്തുകയും ചെയ്തു. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ ക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഈ നടപടി സ്വീകരിച്ചത്. അതുകൊണ്ട് പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ പ്രവർത്തനങ്ങൾ, ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ എന്നിവയ്ക്കുള്ള ബജറ്റ് വിഹിതം വകയിരുത്തുന്നത് 5051-01-001-99(P) എന്ന

ശീർഷകത്തിലൂടെയാണ്. ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തുകയും ആവശ്യാനുസരണം ധനപുനർവിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥനവഴിയോ പദ്ധതി ചെലവി- നാവശ്യമായ തുക വകയിരുത്തുകയാണ് പതിവ്. 2019-20 സാമ്പത്തിക വർഷം 23 കോടി രൂപ പ്രസ്തുത ശീർഷകം വഴി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. പദ്ധതിക്കായി ഏറ്റെടുത്ത ഭൂഉടമകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് വിവിധ നിരക്കിൽ നഷ്ടപരിഹാരം നിശ്ചയിക്കുകയും 44.97 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ ആവശ്യമായ തുക 5051-01-001-99(P) എന്ന ശീർഷകം വഴി വകയിരുത്തി വരുന്നതിനാൽ ഫിഷറീസ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള 4405-00-103-92 ശീർഷകം പുനസ്ഥാപിക്കേണ്ടതില്ല എന്ന വിവരം അറിയിക്കുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

2019-20 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് പുതിയ ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ**

തിരുവനന്തപുരം പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 98)**

**സ്വീകരിച്ച നടപടി**

തിരുവനന്തപുരം പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി പുതിയ ശീർഷകം അനുവദിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

മലപ്പുറം ആനങ്ങാടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടു ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ

ചെയ്യുന്നു.

**(ഖണ്ഡിക 99)**

**<u>സ്വീകരിച്ച നടപടി</u>**

മലപ്പുറം ആനങ്ങാടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോട് ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള പ്രോജക്ട് അംഗീകരിക്കാത്തതിനാൽ പുതിയ ശീർഷകം അനുവദിക്കേണ്ട ആവശ്യം വന്നില്ല.

**<u>ശിപാർശ</u>**

കാസർഗോഡ് ആഴിത്തല മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടു ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 100)**

**<u>സ്വീകരിച്ച നടപടി</u>**

കാസർഗോഡ് ആഴിത്തല മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോട് ചേർന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതി അംഗീകരിക്കാത്തതിനാൽ പുതിയ ശീർഷകം അനുവദിക്കേണ്ട ആവശ്യം വന്നില്ല.

**<u>ശിപാർശ</u>**

മലപ്പുറം കൂട്ടായി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടു ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 101)**

**<u>സ്വീകരിച്ച നടപടി</u>**

മലപ്പുറം കൂട്ടായി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോട് ചേർന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതി അംഗീകരിക്കാത്തതിനാൽ പുതിയ ശീർഷകം

അനുവദിക്കേണ്ടി വന്നില്ല.

**ശിപാർശ**

മലപ്പുറം പുതുപൊന്നാനി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോട്ടു ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 102)**

**സ്വീകരിച്ച നടപടി**

മലപ്പുറം പുതുപൊന്നാനി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിനോട്ടു ചേർന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതി അംഗീകരിക്കാത്തതിനാൽ പുതിയ ശീർഷകം അനുവദിക്കേണ്ടി വന്നില്ല.

**ശിപാർശ**

കണ്ണൂർ നീർക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോട്ടു ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 103)**

**സ്വീകരിച്ച നടപടി**

കണ്ണൂർ നീർക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിനോട്ടു ചേർന്ന് വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതി അംഗീകരിക്കാത്തതിനാൽ പുതിയ ശീർഷകം അനുവദിക്കേണ്ടി വന്നില്ല.

**ശിപാർശ**

കാസർഗോഡ് ഷിറിയ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോട്ടു ചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

**സ്വീകരിച്ച നടപടി**

കാസർഗോഡ് ഷിറിയ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിനോടു ചേർന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതി അംഗീകരിക്കാത്തതിനാൽ പുതിയ ശീർഷകം അനുവദിക്കേണ്ടി വന്നില്ല.

**ശിപാർശ**

തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തന ചെലവിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

**സ്വീകരിച്ച നടപടി**

തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തന ചെലവുകൾക്കായി 2020-21 സാമ്പത്തിക വർഷം 4405-00-190-98 (പി) share capital contribution to KSCADC എന്ന പുതിയ ശീർഷകം അനുവദിക്കുകയും 30 ലക്ഷം രൂപ വകയിരുത്തുകയും KSCADC ക്ക് ടി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

**സ്വീകരിച്ച നടപടി**

മത്സ്യഫെഡിൽ അഫിലേയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി മത്സ്യഫെഡ് സമർപ്പിച്ച 10 കോടി രൂപയുടെ " Strengthening of Co-operative and Development of Core Solution" എന്ന പദ്ധതിയിൽ ഓരോ ഘടകങ്ങളിന്മേലും വ്യക്തത വരുത്തി, ആദ്യ ഘട്ടത്തിൽ എത്ര സംഘങ്ങൾക്ക് കൊടുക്കാൻ പറ്റുമെന്നും മറ്റുമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മത്സ്യഫെഡ് പ്രതിനിധികളോട് ഫിഷറീസ് ഡയറക്ടർ

നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് വരുന്നു.

**ശിപാർശ**

ആലപ്പുഴ ജില്ലയിലെ പറവൂറിലെ യാൺ ട്വിസ്റ്റിംഗ് യൂണിറ്റിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 107)**

**സ്വീകരിച്ച നടപടി**

27/12/2019 ലെ ജി.ഒ (ആർ.ടി) നം. 1018/2019/മ.ഉ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മത്സ്യഫെഡിന്റെ ഉടമസ്ഥതയിൽ ആലപ്പുഴ ജില്ലയിലെ പറവൂരിൽ ട്വൈൻ ട്വിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2405-00-800-96 (പ്ലാൻ) ശീർഷകത്തിൽ നിന്നും 550 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഭരണാനുമതി നൽകി. 2020-21 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി മത്സ്യഫെഡിന് അനുവദിച്ചു നൽകി.

**ശിപാർശ**

ബോട്ട് നിർമ്മാണശാലയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 108)**

**സ്വീകരിച്ച നടപടി**

2019-2020 സാമ്പത്തിക വർഷത്തിൽ ഇതിലേയ്ക്കായി പുതിയ ശിർഷകം അനുവദിച്ചിട്ടില്ല.

**ശിപാർശ**

തീരപ്രദേശത്തെ കുട്ടികൾക്ക് പ്രാദേശിക ലൈബ്രറികളുമായി ബന്ധപ്പെടുത്തി പൊതുപഠനമുറികൾ ഒരുക്കുകയും പൊതുനിലവാരത്തിലേയ്ക്ക് ഉയർത്തുകയും ചെയ്യുന്നതിന് പ്രത്യേക പഠന, പഠനാനുബന്ധ പരിപാടികൾ ആവിഷ്കരിക്കുന്നതിനായുള്ള '**പ്രതിഭാതീരം**' എന്ന പദ്ധതിയ്ക്കായി 13 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 109)**

**<u>സ്വീകരിച്ച നടപടി</u>**

പദ്ധതി നിർവ്വഹണത്തിനായി 2019-20 വർഷം അധിക തുക ആവശ്യമായി വന്നിട്ടില്ല.

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്

**<u>ശിപാർശ</u>**

6408-02-190-98- <u>RIDF XVII-ന കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനു കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനു ലോൺ</u>

വിഹിതം : ഇല്ല (പദ്ധതി)

നബാർഡ് WIF(Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 11.75 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക-29)**

**<u>സ്വീകരിച്ച നടപടി</u>**

നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിരുന്നില്ലെങ്കിലും, വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ അനുസരിച്ച് ധനപുന:വിനിയോഗം വഴി നാളിതുവരെ 110.69 ലക്ഷം രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ഗോഡൗണുകളുടെ നിർമ്മാണത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്

### ശിപാർശ

2401-00-109-69-സംയോജിത കാർഷിക കോംപ്ലക്സ്

വിഹിതം : 97,00,000 രൂപ (പദ്ധതി)

തൃശ്ശൂരിലെ സംയോജിത കാർഷിക കോംപ്ലക്സിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി.സിയ്ക്ക് 183.40 ലക്ഷം രൂപ നൽകുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതമായ 97 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 86.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 5)**

### സ്വീകരിച്ച നടപടി

തൃശ്ശൂരിലെ സംയോജിത കാർഷിക കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷം 2401-00-109-69(പി) എന്ന ശീർഷകത്തിൽ 97 ലക്ഷം രൂപ വകയിരുത്തുകയും ടി തുക കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന് നൽകിയതുമാണ്. എന്നാൽ ടി തുകയിൽ 41.14 ലക്ഷം രൂപ മാത്രമാണ് ഇതുവരെയായി കരാറുകാർക്ക് നൽകിയിട്ടുള്ളത്. ബാക്കി തുകയായി 55,85,497 രൂപ വിനിയോഗിക്കുന്നതിനായി തൃശ്ശൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർക്ക് കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ കൈമാറിയെങ്കിലും, ടി തുക 2018 മാർച്ച് മാസത്തിൽ സർക്കാർ തിരിച്ചെടുത്തിരുന്നു. പ്രസ്തുത തുക 08.08.2018-ലെ ജി.ഒ (സാധ) നം. 6771/2018/ഫിൻ പ്രകാരം തിരിച്ച് കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന് തിരിച്ചു നൽകുകയും ചെയ്തു. ആയതിനാൽ ഈ തുക 2018-19 സാമ്പത്തിക വർഷത്തിൽ മാത്രമേ വിനിയോഗിക്കാൻ സാധിച്ചുള്ളൂ.

ഖണ്ഡിക 5-ന്മേൽ, നടപടിയായി 2401-00-109-69 (പി) ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് കേരള ലാൻഡ്

ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിലെ 1, 2, 3 ബാച്ചിലെ അധിക ധനാഭ്യർത്ഥന (Supplementary Demand for Grand) SDG യ്ക്കുള്ള പ്രൊപ്പോസലിൽ യഥാക്രമം 2017 ഏപ്രിലിൽ 86.4 ലക്ഷം രൂപയും, 2017 ജൂലൈയിൽ 80.4 ലക്ഷം രൂപയും, 2017 ഡിസംബറിൽ 86.4 ലക്ഷം രൂപയും സംയോജിത കാർഷിക കോംപ്ലക്സ് എന്ന പദ്ധതിയ്ക്കായി 2401-00-109-69 പ്ലാൻ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ലായെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

### ശിപാർശ

2408-02-800-99-പഴവർഗ്ഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഘടകം

വിഹിതം : 8,00,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 2014-15-ൽ അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 7 ലക്ഷം രൂപ റിലീസ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കണം.

**(ഖണ്ഡിക 22)**

### സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ ഖണ്ഡിക 22-ൽ പരാമർശിച്ചിരിക്കുന്ന 2408-02-800-99 പഴവർഗ്ഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഘടകം എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപ നോൺ പ്ലാൻ ഹെഡിലാണ് വകയിരുത്തിയത്. നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിലെ Skilled Assistant, Watchman എന്നീ തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥരുടെ ശമ്പളയിനത്തിൽ മേൽ നോൺ പ്ലാൻ ഹെഡിൽ നിന്നും തുക കണ്ടെത്തി നല്കിയിരുന്നു. ഈ ഇനത്തിൽ പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശമ്പളം മാറി നൽകുന്നതിന് 2,16,913 രൂപ ചിലവഴിക്കുകയും, മിച്ചമുള്ള തുക 31.03.2015-ലെ സ.ഉ.(സാധാ)നം. 3570/2015/ഫിൻ

ഉത്തരവ് പ്രകാരം സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തിട്ടുള്ളതുമാണ് എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സറ്റേറ്റ്മെന്റുകളുടെ വിശദാംശവും.

### I. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും-മണ്ണ് സംരക്ഷണ പദ്ധതികൾ-മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

### ശിപാർശ

കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും - അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി - 2401-00-113-83 - പ്ലാൻ, 4401-00-113-98- പ്ലാൻ

(ബി) ഓപ്പറേഷണൽ സപ്പോർട്ട് ടു മൊബൈൽ അഗ്രോ ക്ലിനിക്കുകൾ

(ഡ്രൈവർമാർക്കുള്ള ഹോണറേറിയം)

വിഹിതം - 100 ലക്ഷം രൂപ

കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് മൊബൈൽ അഗ്രോ ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുള്ളത്. കൃഷി ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ നേരിട്ട് സന്ദർശിക്കുന്നതിനും കീടരോഗ ബാധ സമയാസമയം തിരിച്ചറിഞ്ഞ് യുക്തമായ പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും, മണ്ണ് പരിശോധന കാര്യക്ഷമമാക്കുന്നതിനും, ബ്ലോക്കുകളിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ യഥാസമയം വിലയിരുത്തുന്നതിനും പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിനും, അവലോകനം ചെയ്യുന്നതിനും മൊബൈൽ അഗ്രോ ക്ലിനിക്കുകൾ സഹായകരമാണ്. കരാർ അടിസ്ഥാനത്തിൽ മൊബൈൽ അഗ്രോ ക്ലിനിക്കിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ഹോണറേറിയം നൽകുന്നതിന് തുക ലഭ്യമാക്കുന്നു.

ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം ചെലവാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 3)**

**സ്വീകരിച്ച നടപടി**

മൊബൈൽ അഗ്രോ ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ഹോണറേറിയം നൽകുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയതിൽ നിന്നും 76.60161 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

ബ്ലോക്ക് എ.ഡി.എ ഓഫീസിന്റെയും കൃഷി ഭവനുകളുടേയും അടിസ്ഥാന സൗകര്യ വികസനം

വിഹിതം - 210 ലക്ഷം രൂപ

2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം ചെലവാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

**(ഖണ്ഡിക 4)**

**സ്വീകരിച്ച നടപടി**

ബ്ലോക്ക് എ.ഡി.എ. ഓഫീസിന്റേയും കൃഷി ഭവനുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനായി 4401-00-113-98 പ്ലാൻ എന്ന ശീർഷകത്തിൽ അനുവദിച്ച വിഹിതമായ 210 ലക്ഷം രൂപയിൽ 145.48 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി തുക സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**ശിപാർശ**

സോയിൽ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കൽ

വിഹിതം - 70 ലക്ഷം രൂപ

സോയിൽ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുവാൻ സൗകര്യമുള്ള അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ആയതിന് 9.5 ലക്ഷം രൂപ/ സോയിൽ ടെസ്റ്റിംഗ് ലാബ് എന്ന തോതിൽ സഹായം നൽകുന്നതാണ്. കൂടാതെ കഴിഞ്ഞ കൊല്ലം തുടങ്ങിയ സോയിൽ ടെസ്റ്റിംഗ് ലാബുകൾക്ക് (കൂത്തുപറമ്പ്, പഴയന്നൂർ, കോതമംഗലം, പാറശ്ശാല) പ്രവർത്തിക്കുന്നതിനുള്ള ഫണ്ടും നൽകുന്നതാണ്.

ആയതിന്റെ നിലവിലെ സ്ഥിതി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 6)**

## സ്വീകരിച്ച നടപടി

2014-15 വർഷത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം കൂത്തുപറമ്പ്, പഴയന്നൂർ, കോതമംഗലം, പാറശ്ശാല എന്നിവിടങ്ങളിൽ ആരംഭിച്ച സോയിൽ ടെസ്റ്റിംഗ് ലാബുകളുടെ തുടർ പ്രവർത്തനത്തിനും, നീലേശ്വരം, ഇരിങ്ങാലക്കുട അഗ്രോ സർവ്വീസ് കേന്ദ്രങ്ങളോടൊപ്പം സോയിൽ ടെസ്റ്റിംഗ് ലാബ് ആരംഭിക്കുന്നതിനുമായും 70 ലക്ഷം രൂപ അനുവദിച്ചതിൽ 25.60023 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശിപാർശ

ശ്രമശക്തി അവാർഡ് ലഭിച്ചവർക്ക് യന്ത്രോപകരണങ്ങൾ

വിഹിതം - 20 ലക്ഷം രൂപ

ശ്രമശക്തി അവാർഡ് മുൻവർഷങ്ങളിൽ ലഭിച്ച ഇപ്പോഴും കർഷക തൊഴിലാളി ആയി കഴിയുന്ന വ്യക്തികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ലഭ്യമാക്കുന്നതിനായി ഒരാൾക്ക് 4 ലക്ഷം രൂപ നിരക്കിൽ 5 പേർക്ക് യന്ത്രോപകരണങ്ങൾ നൽകുന്നതാണ്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 9)**

## സ്വീകരിച്ച നടപടി

ശ്രമശക്തി അവാർഡ് ലഭിച്ച 4 പേർക്ക് 2015-16 വർഷത്തിൽ 4 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ നൽകിയിട്ടുണ്ട്. ആയതിലേയ്ക്ക് 16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശിപാർശ

2015-2016-ൽ നാളിതുവരെ അനുവദിച്ച തുക, ചെലവാക്കിയ തുക, അവശേഷിക്കുന്ന തുക വിനിയോഗിച്ച് പദ്ധതികൾ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 11 )**

## ശീർഷകങ്ങളിന്മേൽ സ്വീകരിച്ച നടപടി

1. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജലസംരക്ഷണം (ശീർഷകം 5402-00-208-97 P)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിയുടെയും സംരക്ഷണത്തിനായി 130 ഹെക്ടറിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 30 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

2. സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ (ശീർഷകം 2402-00-101-86 P)

2015-16 സാമ്പത്തിക വർഷത്തിൽ 61,905 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണ് പര്യവേഷണവും 21,294 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണ് പര്യവേഷണ പുനർനിർണ്ണയവും നടത്തി. 30 മണ്ണ് പര്യവേഷണ റിപ്പോർട്ടുകളും 1520 ഭൂപടങ്ങളും പ്രസിദ്ധീകരിച്ചു. 2402-00-101-86 P ശീർഷകത്തിൽ 65 ലക്ഷം രൂപ അനുവദിച്ചതിൽ 61.00 ലക്ഷം രൂപ ചെലവഴിച്ചു.

3. സോയിൽ മ്യൂസിയം (ശീർഷകം 2402-00-101-83 P)

സോയിൽ മ്യൂസിയത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും കൂടുതൽ പ്രദർശന വസ്തുക്കൾ സജ്ജമാക്കുന്നതിനുമായി 2015-16 സാമ്പത്തിക വർഷം അനുവദിച്ച 50 ലക്ഷം രൂപയിൽ 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. 31.18 ലക്ഷം രൂപ ചെലവഴിച്ചു.

4. പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ സമഗ്ര ഭൂവിഭവ പര്യവേഷണം (ശീർഷകം 2551-01-101-99 P)

2015-16 വർഷത്തിൽ പശ്ചിമഘട്ട വികസന പദ്ധതി നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുത്ത നീർത്തടങ്ങളുടെ 5614 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണുപര്യവേക്ഷണം നടത്തുകയും 41 മണ്ണുപര്യവേക്ഷണ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. 66.55 ലക്ഷം രൂപ അനുവദിച്ചതിൽ 65.39261 ലക്ഷം രൂപ ചെലവഴിച്ചു.

5. മണ്ണ് സംരക്ഷണ പദ്ധതികൾ - മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

(ശീർഷകം 2402-00-102-87 - പദ്ധതി)

2015-16 സാമ്പത്തിക വർഷം മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ 2402-00-102-87-പദ്ധതിയിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് 345 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരുന്നത്. പ്രസ്തുത തുക വിനിയോഗിച്ച് കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിലെ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ ബാധിച്ച 978 ഹെക്ടർ പ്രദേശത്ത് ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് വഴി ലഭിച്ച ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

**II. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

കൃഷിയും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 'പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിന്മേൽ റവന്യൂ (പി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 23.07.2020-ലെ സമിതി പരിശോധിക്കുകയും ആയതിന്മേലുള്ള പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി കയ്യേറിയ സ്ഥലങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി, പഞ്ചായത്തുമായി സഹകരിച്ച് റവന്യൂ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച 'സർവ്വേ സെൽ'-ന്റെ പ്രവർത്തനങ്ങൾക്കായി അതത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതിയിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ വിശദാംശം അധിക വിവരമായി ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചു.

## സ്വീകരിച്ച നടപടി

ടി സർവ്വേ സെൽ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഉന്നത തല സമിതിയിൽ അന്തിമ തീരുമാനം ആയിട്ടില്ല എന്നറിയിച്ചുകൊള്ളുന്നു. ടി സർവ്വേസെൽ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയം 07.06.2022 തീയതിയിലെ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ പരിഗണിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

തുടർന്ന് ടി യോഗത്തിൽ സർവ്വേ സെൽ രൂപീകരിക്കുന്നതിന്മേൽ വിശദമായ പരിശോധന നടത്തി ഒരു രേഖ തയ്യാറാക്കി, റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സർവ്വേ സെല്ലിന്റെ ഘടന</u>

1) ചെയർമാൻ - ജില്ലാ കളക്ടർ

2) വൈസ് ചെയർമാൻ - ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

3) എക്സിക്യൂട്ടീവ് അംഗങ്ങൾ - i) ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)

ii) ജില്ലാ പഞ്ചായത്ത് സെക്രട്ടറി

iii) ജില്ലാ സർവ്വേ സൂപ്രണ്ട്

iv) ജില്ലാ പോലീസ് മേധാവി

v) ജില്ലാ ഫയർ ഫോഴ്സ് മേധാവി

vi) ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

vii) ജില്ലാ ജിയോളജിസ്റ്റ്

4) മറ്റ് അംഗങ്ങൾ (ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്തെ ഏതെങ്കിലും 2 പേർ)

i) താലൂക്ക് തഹസിൽദാർ

ii) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

iii) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്

സർവ്വേ സെല്ലിന്റെ കർത്തവ്യങ്ങൾ

ഓരോ മാസവും സർവ്വേ സെല്ലിന്റെ യോഗം ചേരുകയും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും തദ്ദേശ വകുപ്പിൽ നിന്നും ബന്ധപ്പെട്ട കയ്യേറ്റങ്ങളുടെ പട്ടിക തയ്യാറാക്കി റവന്യൂ സർവ്വേ, പോലീസ് എന്നീ വകുപ്പുകളുടെ മേൽനോട്ടത്തിൽ അവ ഒഴിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും, പ്രതിമാസ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുയും ചെയ്യുവാൻ നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരം ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ട് സംസ്ഥാന ഉന്നതതല സമിതി യോഗം വിലയിരുത്താവുന്നതും തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ടി വിഷയത്തിന്മേൽ വിശദമായ ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുന്നതിനായി 08.11.2022-ൽ ചേരുവാൻ തീരുമാനിച്ചിട്ടുള്ള അടുത്ത സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ബഹു. സമിതിയെ അറിയിച്ചുകൊള്ളുന്നു.

പി. പ്രസാദ്
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2023 സെപ്റ്റംബർ 12

# അനുബന്ധം

## 11.04.2022 -ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2022 ഏപ്രിൽ 11-ാം തീയതി, തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
2. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ. എ.
4. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി & അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പ്.
2. ശ്രീ. സുഭാഷ് ടി. വി., ഡയറക്ടർ, കൃഷി വകുപ്പ്

3. ശ്രീ. എസ്. സുബ്രഹ്മണ്യൻ, ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്.
4. ശ്രീ. സജീവ് പി. പി., ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
5. ശ്രീ. നിസാമുദ്ദീൻ എ., ലാൻഡ് യൂസ് കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് & ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ
6. ഡോ. ടി പ്രദീപ് കുമാർ, ഡയറക്ടർ (പ്ലാനിംഗ്), കേരള കാർഷിക സർവ്വകലാശാല
7. ശ്രീ. ജോർജ് സെബാസ്റ്റ്യൻ, ഡയറക്ടർ, സമേതി
8. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
9. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
12. ശ്രീമതി ഗീത ജെ.ആർ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
13. ശ്രീമതി അനിത കുമാരി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
14. ശ്രീമതി ടെസ്സി പി. ജോസ്, അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ
15. ശ്രീ. ജോർജ് അലക്സാണ്ടർ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പ്ലാനിംഗ്), കൃഷി വകുപ്പ്
16. ശ്രീമതി. വി. ആർ. സോണിയ, അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കൃഷി വകുപ്പ്
17. ശ്രീ. എസ്. ബിജു, അഡീഷണൽ ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷൻ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
18. ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
19. ശ്രീമതി രാജശ്രീ ജെ., ജോയിന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ
20. ശ്രീ. പ്രമോദ് കുമാർ എം. എസ്., ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

21. ശ്രീമതി ടീന ഭാസ്കരൻ, ഡെപ്യൂട്ടി ഡയറക്ടർ (അഗ്രികൾച്ചർ), കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

22. ശ്രീ. ഇർഷാദ് എം. എസ്., ജനറൽ മാനേജർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

23. ശ്രീ. ബാലചന്ദ്രൻ പി., അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

24. ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ), ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ

25. ശ്രീമതി പ്രിയ വി. പി., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ കൺസർവേഷൻ), ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ

26. ശ്രീമതി ബീന എസ്, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

27. ശ്രീമതി ഷീന പി. കെ., അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

28. ശ്രീ. അജയ് സുകുമാരൻ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

29. ശ്രീ. വി. ശിവരാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്

30. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ, കൃഷി വകുപ്പ്

31. ഡോ. ഇ. ജി. രഞ്ജിത്ത് കുമാർ, കംപ്ട്രോളർ (ഇൻ-ചാർജ്), കേരള കാർഷിക സർവ്വകലാശാല

32. ശ്രീമതി രമ ഐ., അണ്ടർ സെക്രട്ടറി ഫിനാൻസ് & ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ

33. ശ്രീ. അനൂപ് എം. ആർ., അണ്ടർ സെക്രട്ടറി (പി.എ & പി.ബി), കൃഷി വകുപ്പ്

34. ശ്രീ. ഇ.പി. രാജമോഹൻ, സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്

35. ശ്രീ. സുനിൽ കുമാർ ആർ., പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സമിതി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി, XXX-ഭക്ഷ്യം, XXXIX-വൈദ്യുതി പദ്ധതികൾ) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി I-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി 04.04.2022-ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 11.04.2022-ലേക്ക് മാറ്റിയിട്ടും ധനാഭ്യർത്ഥന സംബന്ധിച്ച കുറിപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി വിലയിരുത്തിയ സമിതി ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട യോഗങ്ങളിൽ നേരത്തെ തന്നെ കുറിപ്പുകൾ ലഭ്യമാക്കണമെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചു.

തുടർന്ന് സമിതി ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു.

## XXIX - കൃഷി

2401-00-001-88 - മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇവർക്ക് പെൻഷനും ക്ഷാമബത്തയും, കുടിശ്ശികയും അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപനധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-001-86-99 - ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ വിവരസാങ്കേതിക വിദ്യ

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കംപ്യൂട്ടറുകൾ, ആക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ്‌വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കായും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-102-90 - ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

പ്രസ്തുത ശീർഷകത്തിലെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ബഡ്ജറ്റ് വിഹിതത്തിന്റെ 99 ശതമാനം ചെലവഴിച്ചിട്ടുണ്ടെന്നും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ പ്രൊപ്പോസൽ സമർപ്പിക്കാൻ കഴിയുകയുള്ളൂവെന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. എന്നാൽ മുൻവർഷങ്ങളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്ന ആക്ഷൻടേക്കൺ സ്റ്റേറ്റുമെന്റുകളിൽ പ്രൊപ്പോസൽ യഥാസമയം സമർപ്പിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്ക് നെൽകൃഷി ചെയ്യുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനായി റോയൽറ്റിയുടെ തുക ഹെക്ടറിന് 2000/- രൂപ എന്നത് 3000/- രൂപ ആയി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത ആനുകൂല്യം നൽകുന്നതിനായി 62 കോടി രൂപ ഈ ശീർഷകത്തിൽ ധന പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-86-01-34 - ഫാം സെക്ടറുകൾക്കുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ - മറ്റ് ചെലവുകൾ പദ്ധതിയേതരം

കേരള കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത തുകയിൽ കുടിശ്ശിക ഇനത്തിൽ നൽകുവാൻ ഉള്ള തുക പൂർണ്ണമായും നൽകുന്നതിനായി 131.68888 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-104-72-01 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്ര വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 16.19352 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)- (60% കേന്ദ്രാവിഷ്കൃതം)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള (40%) സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 10.79568 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-71-01 - പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ ) - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 9.3636 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-71-02 - പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ ) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാന വിഹിതമായി (40%) 6.2424 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-67 - കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

2022-23-ൽ പുതുതായി ആവിഷ്കരിച്ചതും ഓരോ പഞ്ചായത്തിലും 10 സെന്റ് മുതൽ 2 ഏക്കർ വരെയുള്ള കൃഷിയിടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഫാംപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനായുള്ള പദ്ധതിയായ 'കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ ഉൽപ്പാദന പൂർവ്വപിന്തുണ ഉൾപ്പെടെ' എന്ന പദ്ധതിക്കും പ്രാദേശിക പ്രാധാന്യമുള്ള വിളകൾ, പയർ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം, സുഗന്ധവ്യഞ്ജന വിളകളുടെ പരിപാലനം, മണ്ണിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് കക്ക മുതലായ വസ്തുക്കൾ നൽകുക, കവുങ്ങ് കൃഷി വികസനം മുതലായ പദ്ധതികൾക്കുള്ള തുകയുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-86 - ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

മണ്ണ് പരിശോധന ലബോറട്ടറികളുടെ ശാക്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപയും സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറി, മണ്ണുത്തിയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ലാബിനായി 65 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 95 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-85 - ഓർഗാനിക് ഫാമിംഗ്

ജൈവ കൃഷി- ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രോത്സാഹനം എന്ന ഘടകത്തിനായി 2 കോടി രൂപയും പദ്ധതി നിർവ്വഹണത്തിനായുള്ള സഹായം എന്ന് ഘടകത്തിലെ മാൻപവർ സപ്പോർട്ട് (ശമ്പള ഇനത്തിൽ) 43.6306 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.4363 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-107-78 - വിളകളുടെ ആരോഗ്യ സംരക്ഷണം

ജില്ലാ പ്ലാന്റ് ഹെൽത്ത് മാനേജർ, പെസ്റ്റ് സ്കൗട്ട് എന്നിവരുടെ വേതന വർദ്ധനവിനായി 95 ലക്ഷം രൂപയും കെ.സി.പി.എം.ന്റെ ഓപ്പറേഷൻ ചെലവുകൾക്കായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-108-59 - സുഗന്ധദ്രവ്യങ്ങളുടെ വികസനം

2000 ഹെക്ടർ കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി ഹെക്ടറിന് 10,000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-84 - കാർഷിക വിജ്ഞാനവും വ്യാപനവും

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 62 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-80 - കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

'കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ' പദ്ധതിയുടെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്കുള്ള ക്യാഷ് അവാർഡിനായി നിലവിലുള്ള വിഹിതമായ 1.5 കോടിക്ക് പുറമേ 1.1 കോടി രൂപയും പരിശീലന കേന്ദ്രങ്ങളായ ആർ.എ.റ്റി.റ്റി.സി, എഫ്.റ്റി.സി എന്നിവയുടെ നവീകരണത്തിനായി 1 കോടി രൂപയും ആത്മ പ്രോജക്ട് ഡയറക്ടറേറ്റിന്റെ വാടക നൽകുന്നതിനും, എച്ച്. ആർ. പിന്തുണ കരാർ ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം നൽകുന്നതിനുമായി 1 കോടി രൂപയും ലീഡ്സിനുള്ള സഹായത്തിനായി 1.5 കോടി രൂപയും കർഷക സഭകൾ നടത്തുന്നതിനായി 75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.35 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-76 - കർഷക ക്ഷേമനിധി ബോർഡ്

കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിലേക്കാവുന്നതോടെ ബോർഡിന്റെ ചെലവുകളും ഓൺലൈൻ പോർട്ടലിന്റെ ചെലവുകളും വർദ്ധിക്കുമെന്നതിനാലും ബജറ്റിൽ അനുവദിച്ച രൂപ അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-65-02 - അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതയോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും (60 %സി.എസ്.എസ്) - സംസ്ഥാന വിഹിതം

പ്രധാനമന്ത്രി ഫസൽ ഭീമ യോജന, നാളികേര വികസന ബോർഡ് എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 42.3402 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-60 - കൃഷി പാഠശാല -അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം

'കൃഷി' എന്ന ആശയത്തെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുക, മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ആധുനിക കൃഷിരീതികളും ഫീൽഡുതല പ്രദർശനങ്ങളിലൂടെ കർഷകർക്ക് പരിചയപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് കൃഷി പാഠശാല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും, ബ്ലോക്കുതല കർഷക വിജ്ഞാന കേന്ദ്രങ്ങൾ പുതിയതായി രൂപീകരിച്ചിട്ടുണ്ടെന്നും അതിൽ അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർമാർ എന്നിവരെ കൂടാതെ കാർഷിക സർവ്വകലാശാലയിലെ ഒരു ശാസ്ത്രജ്ഞനെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. നോഡൽ ഓഫീസറുടെ പേരുവിവരങ്ങൾ കൃഷി ഭവനുകളിൽ പ്രദർശിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ കാർഷിക സർവ്വകലാശാലയിലെ മൂന്നാം സെമസ്റ്റർ മുതലുള്ള ബിരുദ വിദ്യാർത്ഥികളുടെ സേവനം കൂടി കൃഷി പാഠശാലയിൽ ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സമിതി ചെയർമാൻ അറിയിച്ചു.

കൃഷി പാഠശാലകൾ സംസ്ഥാനത്തിലെ എല്ലാ കൃഷിഭവനുകളിലും വ്യാപിപ്പിക്കുന്നതിനായി 22500/- രൂപ / കൃഷി ഭവൻ എന്ന നിരക്കിൽ അധികമായി ഈ ശീർഷകത്തിൽ 1.75 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-01- രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്.- കേന്ദ്രവിഹിതം

കേന്ദ്രവിഹിതമായി 2022-23 സാമ്പത്തിക വർഷം ലഭിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.78 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-02- രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്. - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി അനുവദിച്ച കേന്ദ്രവിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 99.14 ലക്ഷം രൂപ ആവശ്യമായതിനാലും ആകെ 4.1714 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-58-01- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ 92.39 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-58-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം- സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 61.17 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-113-83- കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

മൊബൈൽ അഗ്രോക്ലിനിക് ഡ്രൈവർമാരുടെ വേതനത്തിൽ ഉണ്ടായ വർദ്ധനവ് നൽകുന്നതിനായി 31 ലക്ഷം രൂപയും 'ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം' എന്ന പദ്ധതിയിൽ 'എൻ.ഇ.ജി.പി-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഹോണറേറിയം,' എന്ന ഘടകത്തിനായും ഹോണറേറിയത്തിലുണ്ടായ വർദ്ധനവ്, മെറ്റേർണിറ്റി ആനുകൂല്യം എന്നിവ നൽകുന്നതിനായും 1.34 കോടി രൂപയും ഉൾപ്പെടെ 1.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-115-99-33- ചെറുകിട നാമമാത്രനെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി-സബ്സിഡികൾ

കൃഷി വകുപ്പ് കുടിശ്ശിക തുക അടയ്ക്കാത്തതിന്റെ പേരിൽ കൃഷിക്കാരന് നോട്ടീസ് നൽകുകയോ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയോ ചെയ്യരുതെന്നും സൗജന്യവൈദ്യുതി കണക്ഷൻ നൽകിയ ഒരു കൃഷിക്കാരന് എങ്ങനെയാണ് നോട്ടീസ് കൊടുക്കുന്നതെന്നും സമിതി ആരാഞ്ഞതിന് ഈ വിഷയത്തിൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ് തീരുമാനമെടുക്കുന്നതെന്നും വൈദ്യുതി വിച്ഛേദിക്കരുതെന്ന് കൃഷിവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടെന്നും കുടിശ്ശിക തുക ഈടാക്കുന്നതിന് സബ്ഡിവിഷനുകൾ നടപടിയെടുത്തില്ലെങ്കിൽ ഓഡിറ്റ് ഒബ്ജക്ഷനുണ്ടാകുമെന്നതിനാലും കൺസ്യൂമർ കർഷകനായതിനാൽ ഇൻവോയിസ് അവരുടെ പേരിലായതിനാലുമാണ് നോട്ടീസ് നൽകുന്നതെന്നും എന്നാൽ ഒരിടത്തും വൈദ്യുതി വിച്ഛേദിച്ചിട്ടില്ലെന്നും അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പ്ലാനിംഗ്) വിശദീകരിച്ചു. സർക്കാർ ബിൽ അടയ്ക്കേണ്ട സാഹചര്യത്തിൽ കൃഷിക്കാരന് നോട്ടീസ് നൽകാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അധിക തുക വകയിരുത്തേണ്ടതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബഡ്ജറ്റിൽ കൂടുതൽ വിഹിതം അനുവദിച്ചതിന്

പുറമേ മറുപടി പ്രസംഗത്തിൽ തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അതുസംബന്ധിച്ച അധിക ധനാഭ്യർത്ഥന വനം വകുപ്പിന്റെ ബഡ്ജറ്റ് അലോക്കേഷനിലാണ് വരുന്നതെന്നും മാനദണ്ഡം അനുസരിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തിക്കൊടുക്കു- ന്നതിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് നഷ്ടപരിഹാരത്തുക നൽകി വരുന്നതെന്നും ബഹു. കൃഷി വകുപ്പ് മന്ത്രി KSEB-ക്ക് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി 79.0505 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-191-50– റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്- മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 66.9887 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401 - 00 -192 -50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്-മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.99 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-198-50– റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്- ഗ്രാമ പഞ്ചായത്തുകൾക്കുള്ള ധനസഹായം

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 40.5371 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-91-01 - പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 0.5202 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-91-02 - പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)-
സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിനു ആനുപാതികമായിട്ടുള്ള (40%) സംസ്ഥാന വിഹിതം 0.3468 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-01- പരമ്പരാഗത കൃഷി വികാസ് യോജനക്ക്
(പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി -
(ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം) -കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 89.964 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-02- പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 59.976 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-01 രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്. എസ്.)
- കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനാവശ്യമായ 4.32 കോടി രൂപ ഉൾപ്പെടെ 8.18

കോടി രൂപ  ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കേന്ദ്രവിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 2.88 കോടി രൂപ ആവശ്യമായതിനാലും 5.44 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-78-01- കാർഷികയന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23.12 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-78-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം -സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് സംസ്ഥാനവിഹിതമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.32 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-01- പരമ്പരാഗത കൃഷിവികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 89.964 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-02- പരമ്പരാഗത കൃഷിവികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായി (40%) സംസ്ഥാന വിഹിതം 59.976 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-82-01- പരമ്പരാഗത കൃഷിവികാസ് യോജന (പി.കെ.വി.വൈ) - കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 0.5202 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-82-02- പരമ്പരാഗത കൃഷിവികാസ് യോജന (പി.കെ.വി.വൈ.) സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായ(40%) സംസ്ഥാനവിഹിതമായി 0.3468 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-78-01- രാഷ്ട്രീയ കൃഷി വികാസ് യോജന ( 60% സി.എസ്.എസ്.) കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കേന്ദ്ര വിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 88 ലക്ഷം രൂപ ആവശ്യമായതിനാലും 1.8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-78-02 -രാഷ്ട്രീയ കൃഷി വികാസ് യോജന ( 60% സി.എസ്.എസ്.)

സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കേന്ദ്ര വിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 57.81 ലക്ഷം രൂപ ആവശ്യമായതിനാലും 1.1781 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-77-01- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13.49 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-77-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം- സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.948 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-91- പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം വിതരണം ചെയ്യാനുള്ളതിന്റെ വിശദാംശം സമിതി ആരാഞ്ഞതിന് ഓരോ ജില്ലയിലും തുക അനുവദിക്കുന്നത് ടി ജില്ലകളിലെ ആവശ്യത്തിന് ആനുപാതികമായിട്ടാണെന്നും എറണാകുളം, കോഴിക്കോട്, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ 31.03.2021 വരെയുള്ള കാലയളവിലെ നഷ്ടപരിഹാരം കൊടുത്തുതീർത്തിട്ടുണ്ടെന്നും മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ 2021 മേയ് വരെയും ആലപ്പുഴ ജില്ലയിൽ 2021 ഡിസംബർ 15 വരെയും കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ 2021 ഡിസംബർ വരെയുമുള്ള കാലയളവിലെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പ്ലാനിംഗ്), വ്യക്തമാക്കി. കഴക്കൂട്ടം ഭാഗത്തെ കൃഷി ഭവനിൽ നിന്നും നെൽകൃഷിക്കായി നൽകിയ വിത്തിന്റെ കൂടെ കളവിത്ത് കൂടി ഉൾപ്പെട്ടുവെന്നുള്ള വിഷയത്തിന്മേൽ വ്യക്തത വരുത്തണമെന്ന് സമിതി ആവശ്യപ്പെട്ടതിന്, കഴക്കൂട്ടം ഏരിയയിലെ അണ്ടൂർകോണം കൃഷിഭവന്റെ

പരിധിയിൽ വരുന്ന പാടത്താണ് ടി പ്രശ്നമുണ്ടായതെന്നും യഥാർത്ഥത്തിൽ പ്രസ്തുത പ്രദേശത്തെ മണ്ണിലാണ് കളയുടെ വിത്ത് ഉള്ളതെന്നും കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), വിശദീകരിച്ചു.

2021-22 സാമ്പത്തിക വർഷത്തെ വിളനാശത്തിനു നൽകുവാൻ ആവശ്യമായ തുക, സംസ്ഥാന വിത്ത് വിതരണ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക, 2022-23 സാമ്പത്തിക വർഷം വിളനാശത്തിനും രോഗകീട നിയന്ത്രണത്തിനും മടവീഴ്ചയ്ക്കും നൽകുവാൻ ആവശ്യമായ തുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 44.42 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-28- മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും

പ്രസ്തുത ശീർഷകത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന തുക പോലും ചെലവഴിച്ചിട്ടില്ലെന്നും എല്ലാവർഷവും ചെലവ് കുറവാണെന്നും സമിതി അഭിപ്രായപ്പെട്ടതിന്, കഴിഞ്ഞ വർഷാവസാനത്തിൽ ബഡ്ജറ്ററി സീലിംഗ് മാറ്റിയ സമയത്ത് നെൽകൃഷിക്ക് കുമ്മായം ഉൾപ്പെടെയുള്ള മൂലകങ്ങൾ ഇടേണ്ട സമയം കഴിഞ്ഞിരുന്നുവെന്നും അതുകൊണ്ടാണ് എക്സ്പെൻഡിച്ചർ ഇല്ലാതെ പോയതെന്നും 2018-19-ൽ പ്രളയത്തെത്തുടർന്നാണ് എക്സ്പെൻഡിച്ചർ കുറഞ്ഞതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി.

2 ലക്ഷം ഹെക്ടറിൽ ഒരു വർഷത്തേക്ക് നെൽകൃഷി ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32.40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-004-88- കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും, ശമ്പള കുടിശ്ശികയും, ഓഫീസ് ചെലവുകളും, ഗവേഷണത്തിനായുള്ള ചെലവുകളും കൂടി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-277-98- സീനിയർ ഉദ്യോഗസ്ഥർക്ക് പരിശീലനം

പ്രസ്തുത ശീർഷകത്തിൽ കഴിഞ്ഞ വർഷം 35% തുക പോലും ചെലവഴിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. കോവിഡ് പ്രതിസന്ധി മൂലം ട്രെയിനിംഗുകളും മറ്റും നടത്താൻ വകുപ്പ് സാധിക്കാതിരുന്നതിനാണ് തുക ചെലവഴിക്കാൻ കഴിയാതെ പോയയെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

സമേതിയുടെ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി കർഷകഭവനത്തിന് 18 ലക്ഷം രൂപയും, കർഷക മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കായി 15 ലക്ഷം രൂപയും, ഇ-ഓഫീസ് സജ്ജമാക്കി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 12 ലക്ഷം രൂപയും സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിനായി 5 ലക്ഷം രൂപയും 2019-ലെ ശമ്പളപരിഷ്കരണ കുടിശ്ശിക ഇനത്തിൽ 20 ലക്ഷം രൂപയും കരാർ അടിസ്ഥാനത്തിലുള്ള കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ ശമ്പളത്തിനായി 3 ലക്ഷം രൂപയും എൻ.ഐ.പി.എച്ച്.എമ്മുമായി സഹകരിച്ച് കാര്യശേഷി വർദ്ധനവും പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി.ജി. ഡിപ്ലോമ കോഴ്സിനുമായി 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.53 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-101-85- വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ

കഴിഞ്ഞ ഓണക്കാലത്ത് തമിഴ്നാട്ടിൽ നിന്നും പച്ചക്കറികൾ കൊണ്ടുവന്ന് വിറ്റഴിച്ചിരുന്നുവോയെന്ന് സമിതി ആരാഞ്ഞതിന് അങ്ങനെ ചെയ്തിട്ടില്ലെന്നും സാധാരണയായി കൃഷി വകുപ്പ് നടത്തുന്ന ഓണവിപണികളിൽ പ്രാദേശിക കർഷകരിൽ നിന്നും കാർഷികോത്പന്നങ്ങൾ വില കൂട്ടി വാങ്ങി കുറഞ്ഞ വിലയ്ക്ക്

വിൽപ്പന നടത്തുകയാണ് ചെയ്യുന്നതെന്നും പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച ശേഷം കുറവുള്ള പച്ചക്കറിയിനങ്ങൾ ഹോർട്ടികോർപ്പ് മുഖേന സംഭരിക്കുകയാണ് ചെയ്തു വരുന്നതെന്നും ബഹു. കൃഷി വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. കേരളത്തിനാവശ്യമായ പച്ചക്കറികൾ സ്വന്തമായി കൃഷി ചെയ്തെടുക്കുന്നതിന് പരിശ്രമം നടത്തേണ്ടതാണെന്നും കഴിഞ്ഞ വർഷം തക്കാളിക്ക് ക്ഷാമം നേരിട്ടപ്പോൾ കേരളത്തിൽ നിന്നും ഉദ്യോഗസ്ഥരെ തമിഴ്നാട്ടിലേയ്ക്ക് അയച്ച് അവിടത്തെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ ഫലമായി കർഷക സംഘങ്ങൾ സംഭരിക്കുന്ന ഗുണമേന്മയുള്ള പച്ചക്കറികൾ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി കുറഞ്ഞവിലയ്ക്ക് വാങ്ങാൻ സാധിച്ചുവെന്നും അടിയന്തരഘട്ടങ്ങളിൽ മൂന്നാറിൽ നിന്നും ശൈത്യകാല പച്ചക്കറികൾ കൊണ്ടുവരാൻ മാത്രമാണ് അനുമതിയുള്ളതെന്നും കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) വ്യക്തമാക്കി. മറ്റുസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ വാങ്ങുമ്പോൾ അവർ കൃഷി ചെയ്യുന്ന സ്ഥലത്തെക്കുറിച്ചും തോട്ടങ്ങളെക്കുറിച്ചും ഒരു പഠനം നടത്തി വിഷാംശമില്ലാത്ത പച്ചക്കറികളാണ് സംഭരിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

'വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ' എന്ന ഘടകത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ഓണ വിപണികൾക്കും പഴം പച്ചക്കറികളുടെ വിലനിയന്ത്രണത്തിനും പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കേണ്ടതിനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശീർഷകം പുന:സ്ഥാപിക്കുന്നതിനായി**

കാൾ സെന്ററിന്റെ പ്രവർത്തനത്തിനായി 2019 വർഷത്തിൽ അധിക ധനാനുമതി നൽകിക്കൊണ്ട് അനുവദിച്ച 74.25 ലക്ഷം രൂപ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി 2401-00-109-73 എന്ന ശീർഷകം പുന:സ്ഥാപിച്ച് 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പുതിയ ശീർഷകം അനുവദിക്കുന്നതിന്

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മൂല്യവർദ്ധിത കാർഷിക മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം മൂല്യവർദ്ധിത കൃഷിയും മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികമേഖലയിൽ സർക്കാർ ആരംഭിക്കുന്ന മൂല്യവർദ്ധിത കാർഷിക ദൗത്യത്തിന്റെ ഭാഗമായി 7 ജില്ലകളിലായി കൃഷി വകുപ്പിന് കീഴിൽ 7 അഗ്രിടെക്ക് ഫെസിലിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 175 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനായി കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിന് സൗകര്യമുള്ളതും വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്നതുമായ പത്ത് മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം വിദേശ രാജ്യങ്ങളിലുൾപ്പെടെ വിവിധമേഖലകളിൽ തൊഴിൽ ചെയ്യുന്നവരെയും വ്യവസായ വാണിജ്യ സംരംഭകരെയും സഹകരിപ്പിച്ച് കാർഷിക മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി സിയാൽ മാതൃകയിൽ ആരംഭിക്കുന്നതും ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, ഗുണമേന്മ ഉറപ്പുവരുത്തൽ, മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള ചുമതലകൾ നിർവഹിക്കുന്നതുമായ 100 കോടി രൂപ മൂലധനമുള്ള മാർക്കറ്റിങ്ങ്

കമ്പനിക്കായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിനായി സ്വയം തൊഴിൽ കാർഷിക ഗ്രൂപ്പുകൾക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം ഇന്ത്യയിലും വിദേശത്തുമുള്ള കൃഷിയിടങ്ങൾ സന്ദർശിച്ച് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൃഷി ലാഭകരമാക്കുന്ന രീതിയിൽ കർഷകർക്ക് മനസിലാക്കാനുള്ള ഒരു നൂതന പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന് പുതിയ സാങ്കേതിക വിദ്യകൾ കരസ്ഥമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുമുള്ള മൂലധന നിക്ഷേപമായി പ്രഖ്യാപിച്ചിട്ടുള്ള 5 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള 'ജൈവകൃഷി മിഷൻ' രൂപീകരിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള 'കുട്ടനാട് വികസന ഏകോപന കൗൺസിൽ' രൂപികരിക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കായി നിലവിലുള്ള ശീർഷകങ്ങളിൽ അധികമായി അനുവദിക്കേണ്ട തുക**

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആരംഭിച്ചിരിക്കുന്ന 'ഞങ്ങളും കൃഷിയിലേക്ക്'' എന്ന പദ്ധതിയുടെ വിപുലീകരണത്തിനും കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 5 കോടി രൂപ 2401-00-119-85 എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നെല്ലുൽപാദനവർദ്ധനവിനും ജലവിഭവത്തിന്റെ കാര്യക്ഷമമായ പരിപാലനത്തിലൂടെ വെള്ളപ്പൊക്കത്തിൽ നിന്നും കോൾ മേഖലയെ സംരക്ഷിക്കുന്നതിനുമായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൻ പ്രകാരം 7.25 കോടി രൂപ 2401-00-102-90 എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലയോര മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളും പച്ചക്കറികളും കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള കോൾഡ് ചെയിൻ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൻ പ്രകാരം 8.15 കോടി രൂപ 2435-01-800-94 എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള കാർഷിക സർവ്വകലാശാല

2415-01-277-99-31- കേരള കാർഷിക സർവകലാശാല സഹായധനം -ശമ്പളം

ജീവനക്കാരുടെ/അദ്ധ്യാപകരുടെ ഡി.എ. കുടിശ്ശിക, പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.സി.ആർ.ജി. കുടിശ്ശിക, കമ്മ്യൂട്ടേഷൻ കുടിശ്ശിക, ആജീവനാന്തകുടിശ്ശിക, 2020-21 വിഹിതത്തിന്റെ അപര്യാപ്തത, 2022-23 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി 28.7038 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്

2402-00-001-99- ഡയറക്ടറാഫീസും ജില്ലാ ഓഫീസുകളും

കബനി പദ്ധതിയിൽ ഉൾപ്പെട്ടവരും സൂപ്പർ ന്യൂമററിയായി നില-നിർത്തപ്പെട്ടതുമായ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-101-90- മേഖലാ മണ്ണുപരിശോധനാ ലബോറട്ടറി സ്ഥാപിക്കലും
കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും

കർഷകർ കൊണ്ടുവരുന്ന മണ്ണ് പരിശോധിക്കുന്നതല്ലാതെ പ്രത്യേക സ്ഥലങ്ങൾ സെലക്ട് ചെയ്ത് മണ്ണ് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ചില സ്ഥലങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പോയി പരിശോധിക്കാറുണ്ടെന്നും എന്നാൽ മണ്ണ് പരിശോധന വ്യാപകമായി ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റിന് പുതിയ വാഹനം വാങ്ങുന്നതിനും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടു- ത്തുന്നതിനുമായി 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-101-86 - മണ്ണ് പര്യവേഷണ വിഭാഗത്തിന് അധിക സൗകര്യങ്ങൾ

മണ്ണ് പര്യവേഷണ ആഫീസുകളിൽ e-office, e-service, e-Mobility സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഡോക്യുമെന്റേഷൻ, പ്രചാരണം, സെർവ്വർ, വെബ്സൈറ്റ് എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിനുമായി 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-101-83 - സോയിൽ മ്യൂസിയം

സോയിൽ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനായി ആനിമേഷൻ വീഡിയോകൾ തയ്യാറാക്കുന്നതിനും കേരളത്തിലെ മണ്ണിനങ്ങളുടെ ഡോക്യുമെന്റേഷനു വേണ്ടി കിയോസ്കുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-101-82 - ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ

റിമോട്ട് സെൻസിംഗിൽ പ്രാവീണ്യമുള്ള ഒരു വിദഗ്ധനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും നിലവിലുള്ള Arc GIS സോഫ്റ്റ്വെയറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമായി 11 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-102-81 – ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വകുപ്പിൽ e-office, e-service സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-102-78 – ജലാശയങ്ങളുടേയും നീരുറവകളുടെയും പുനരുജ്ജീവനം

സംസ്ഥാനത്തുടനീളമുള്ള വിവിധ ജലാശയങ്ങളും കുളങ്ങളും നവീകരിക്കുന്നതിനും പുനരുജ്ജീവനം നടപ്പിലാക്കുന്നതിനും ലഭ്യമായ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം**

2402-00-001-94-31 – കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം-ശമ്പളം)

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി 70.38 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

2401-00-111-99 – കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)

2022-23 സാമ്പത്തിക വർഷത്തിൽ പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി താൽക്കാലികമായി നിയമിക്കപ്പെട്ട 6500 എന്യൂമറേറ്റർമാരുടെ ഹോണറേറിയം, പരിശീലനം മുതലായ കാര്യങ്ങൾക്കായി 8.42 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

2551-60-101-97 – കാസർഗോഡ് പാക്കേജ്

മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും ഈ വർഷത്തെ പദ്ധതികൾക്കുമായി 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം**

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

2408-02-190-98 – കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്കും ഗോഡൗണുകളിൽ CCTV സ്ഥാപിക്കുന്നതിനും ബയോമെട്രിക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി 88 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4408-02-101-98 – ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിൽ Godown cum Agri Complex നിർമ്മിക്കുന്ന പദ്ധതിയുടെ പൂർണമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6408-02-190-98 ആർ.ഐ.ഡി.എഫ്. XVII-കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

ഭരണാനുമതി ലഭിച്ച 8 ഗോഡൗണുകളിൽ നിർമ്മാണം പൂർത്തികരിക്കാനുള്ള 7 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തികരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

വെയർഹൗസിംഗ് കോർപ്പറേഷൻ സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സബ്സിഡൈസ്ഡ് നിരക്കിൽ ഗോഡൗണുകൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്, ഈ വകയിൽ പ്രതിവർഷം 4 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നതിനാൽ പ്രസ്തുത വരുമാന നഷ്ടം നികത്തുന്നതിനായി 'New Service Procedure ' പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നം. XXXIX വൈദ്യുത പദ്ധതികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) അറിയിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 12.50-ന് പിരിഞ്ഞു.

# 20.04.2022-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി-I 2022 ഏപ്രിൽ 20-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതി ചെയർമാനും ബഹു. കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദ് വീഡിയോ കോൺഫറൻസ് മുഖേന അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
2. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :</u>

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി ഷീല പി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
2. ശ്രീമതി ഗിരിജ കുമാരി ജി., അഡീഷണൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്

3. ശ്രീ. സുരേഷ്കുമാർ വി. പി., ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
4. ശ്രീ. ജോമോൻ കെ. ജോർജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
5. ഡോ. സാബു എസ്. എം., അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
6. ഡോ. വിനുജി ഡി.കെ., അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്
7. ശ്രീമതി ശ്രീലു എൻ. എസ്., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
8. ശ്രീ. അനിൽകുമാർ എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ക്ഷീരവികസന വകുപ്പ്
10. ശ്രീ. ഇഗ്നേഷ്യസ് മൺട്രോ ബി., എക്സിക്യൂട്ടീവ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK) & ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്
11. ശ്രീ. കെ. ശശികുമാർ, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
12. ശ്രീമതി സ്മിത ആർ. നായർ, ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് (പ്രോജക്ട്), ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
13. ഡോ. ദിനേശൻ ചെറുവാട്ട്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
14. ഡോ. പാട്ടീൽ സുയോഗ് സുബാഷ്റാവു, മാനേജിംഗ് ഡയറക്ടർ, മിൽമ
15. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്
16. ഡോ. ആർ. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്
17. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
18. ശ്രീ. എം. എസ്. സാജു, മാനേജിംഗ് ഡയറക്ടർ, കേരള അക്വാവെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL)
19. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
20. ശ്രീമതി പി. വിജയലക്ഷ്മി, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

21. ശ്രീമതി അജിത ബി., ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
22. ശ്രീമതി വിജി രാജ് എൽ., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
23. ശ്രീ. അനിൽകുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
24. ശ്രീ. രാജീവ് എസ്. ഐ., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
25. ശ്രീമതി ശോഭ ജെ, മാനേജർ, മത്സ്യഫെഡ്
26. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
27. ശ്രീ. ഷിബു ജി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
28. ശ്രീമതി ജയശ്രീ പി. എൻ., അണ്ടർ സെക്രട്ടറി, ക്ഷീരവികസന വകുപ്പ്
29. ശ്രീ. ബെൻസൺ കെ., അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
30. ശ്രീമതി ഷമീന ജെ., അസിസ്റ്റന്റ് മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
31. ശ്രീ. അച്യുത് എൻ. വി., അസിസ്റ്റന്റ് എഞ്ചിനീയർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
32. ഡോ. പി. ലാലു, അസിസ്റ്റന്റ് പ്രൊഫസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
33. ശ്രീ. ഡി. രാജീവ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്
34. ശ്രീമതി ശ്രീലത എം., ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
35. ശ്രീ. രാഹുൽ ഹരിമോഹൻ, ഫിനാൻസ് ഓഫീസർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
36. ശ്രീ. എച്ച്. സലീം, മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഫിഷ് സീഡ് സെന്റർ, കൊല്ലം
37. ശ്രീ. കെ. ടി. രാഘവൻ, ലെയ്സൺ ഓഫീസർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

38. ശ്രീ. അലോഷ്യസ് ഫ്രാൻസിസ്, ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

39. ശ്രീമതി ബിന്ദു വർഗീസ്, സീനിയർ സൂപ്രണ്ട്, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

സമിതി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം**

2403-00-001-99 - ഭരണവും നടത്തിപ്പും

ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-001-98 - ജില്ലാഭരണം

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-99 - കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനം

കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകക്കുടിശ്ശികയ്ക്കും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുമായി 2.10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-98 - ആശുപത്രികളും ഡിസ്പെൻസറികളും

ജില്ലാ വെറ്ററിനറി സെന്ററുകൾ, മേഖലാ മരുന്ന് സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളുടെ വാടക, കരം, ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97 – മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

മൃഗാശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ (പദ്ധതി) ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97 – മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ (പദ്ധതിയേതരം)3 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-84 – ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം.

സ്ഥാപനം GMP നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായും ഫാമുകളിലെ തീറ്റ, പാരൻസ് സ്റ്റോക്ക്, മരുന്നുകൾ, മുതലായവയുടെ ചെലവുകൾക്കായും 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-71 – വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വർഷം മുഴുവനും ലഭ്യമാക്കുന്നതിന് 3.89 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-99 - ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-97 - ലൈവ് സ്റ്റോക്ക് ഫാമുകൾ

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96 - വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൃത്രിമ ബീജദാനപരിപാടിയുടെ ബീജത്തിനായുള്ള ചെലവായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് നൽകാൻ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96 - വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ, ഒൻപതാം പദ്ധതിയിൽ ആരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-81 - ഡിപാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം, യന്ത്രവൽക്കരണം, പേരന്റ്സ് സ്റ്റോക്ക്, തീറ്റപ്പുൽ, പോഷക ദ്രവ്യങ്ങൾ, മരുന്നുകൾ,

ജൈവ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-78 – ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

16000 പശുക്കുട്ടികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതോട് കൂടി കേരളത്തിലെ എല്ലാ പശുക്കുട്ടികളെയും പദ്ധതിയുടെ ഭാഗമാക്കാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് അതിന് കഴിയില്ലെന്നും ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന രണ്ട് ലക്ഷത്തോളം പശുക്കുട്ടികളിൽ നാൽപതിനായിരത്തോളം പശുക്കുട്ടികളെ മാത്രമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്നതെന്നും ഇത് കൂടാതെ Calf Programme-ൽ ഏകദേശം 12000 പശുക്കുട്ടികളെ എൻറോൾ ചെയ്യുന്നുണ്ടെന്നും മൃഗസംരക്ഷണവകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

ഗോവർദ്ധിനി പദ്ധതിയിൽ പുതിയതായി 16000 പശുക്കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-99 – കോഴി വളർത്തൽ കേന്ദ്രങ്ങൾ

സെൻട്രൽ ഹാച്ചറിയിലേയും പ്രാദേശിക കോഴി വളർത്തൽ കേന്ദ്രങ്ങളിലെയും ജില്ലാ കോഴിവളർത്തൽ കേന്ദ്രങ്ങളിലെയും ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-98 – ഊർജ്ജിത കോഴിവളർത്തൽ വികസന ബ്ലോക്കുകൾ

തിരുവനന്തപുരം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രത്തിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 50,000/- രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-109-96 – വെറ്റിനറി വികസനം

കുടപ്പനക്കുന്ന്, ആലുവ, മലമ്പുഴ, മുണ്ടയാട്, തലയോലപ്പറമ്പ് എന്നീ പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്

2403-00-190-94 – കെ.എസ്.പി.ഡി.സി.ക്ക് സഹായം

പൗൾട്രി സൊസൈറ്റികളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ ആശ്രയ പദ്ധതി മുഖേന കെപ്കോ ഫാമുകളിൽ നിന്നുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് നൽകുന്നതെന്നും ആയത് മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ ഗവൺമെന്റ് ഫാമുകളിൽ നിന്നും വാങ്ങാറുണ്ടെന്നും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി യോഗത്തിൽ അറിയിച്ചു. പൗൾട്രി സൊസൈറ്റികളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള സമിതിയുടെ അഭിപ്രായത്തിന് കെപ്കോ ഫാമുകളിലെ കോഴിക്കുഞ്ഞുങ്ങൾ ആവശ്യത്തിന് ലഭ്യമാകാതെ വരുമ്പോൾ പൗൾട്രി സൊസൈറ്റികളിൽ നിന്നും വാങ്ങുന്നതാണെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് വേണ്ടിയും ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയും 6.3125 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93 – മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

കൊല്ലം ജില്ലയിലെ ഏരൂർ പഞ്ചായത്തിൽ 'വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി ' എന്ന മാംസ സംസ്കരണ യൂണിറ്റിനായി ടെണ്ടറിൽ

ഇല്ലാത്ത ഘടകങ്ങൾ ഉൾപ്പെടുത്തേണ്ടി വന്നിട്ടുണ്ടെന്നും ഏന്തെങ്കിലും അപായം സംഭവിച്ചാൽ വെള്ളം കൊണ്ടു പോകുന്നതിനായി ഒരു ലക്ഷത്തി അൻപതിനായിരം ലിറ്റർ സംഭരണശേഷിയുള്ള കോൺക്രീറ്റ് ടാങ്ക് നിർമ്മിക്കുന്നതിനും ഫാക്ടറിക്കായി കിട്ടിയ കുന്നിൻപ്രദേശത്തെ മണ്ണ് മാറ്റി നിക്ഷേപിക്കുന്നതിനും അധിക ചെലവുണ്ടാകുമെന്നതിനാൽ 21 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് എം.പി.ഐ. മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.

കേരളത്തിൽ പല സ്ഥലങ്ങളിലും അറവുമാലിന്യങ്ങൾ സംസ്കരിക്കാൻ സാധിക്കുന്നില്ലെന്നും ഈ മാലിന്യങ്ങൾ കുളങ്ങൾ, തണ്ണീർത്തടങ്ങൾ, റോഡ്‌വക്കുകൾ തുടങ്ങിയയിടങ്ങളിൽ വലിച്ചെറിയുകയും തമിഴ്‌നാട് പോലുള്ള സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നതായും ആയതിനാൽ ആലപ്പുഴ, കാസർഗോഡ് എന്നീ രണ്ട് ജില്ലകളിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ റെൻഡറിംഗ് പ്ലാന്റ് ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപ അനുവദിക്കണമെന്നും എം.പി.ഐ. ഡയറക്ടർ ആവശ്യപ്പെട്ടു. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി രണ്ടേക്കർ സ്ഥലം ആവശ്യമാണെന്നും കുടുംബശ്രീ മുഖേന അറവുശാലകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് ഉച്ചയോടെ പ്ലാന്റിൽ എത്തിക്കുകയും വൈകുന്നേരം ആറ് മണിക്കുശേഷം പ്രവർത്തനം ആരംഭിച്ച് രാവിലെയോടുകൂടി അവസാനിപ്പിക്കാൻ കഴിയുന്ന രീതിയിലാണ് നടപ്പിലാക്കുന്നതെന്നും എം.പി.ഐ. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. നിലവിൽ മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിലും മണ്ണുത്തിയിലെ വെറ്ററിനറി യൂണിവേഴ്സിറ്റിയിലും ബ്രഹ്മഗിരിയിലും റെൻഡറിംഗ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വളരെ നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള ജർമ്മൻ മെഷിനറീസാണ് നല്ലതെന്നും എം.പി.ഐ. മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി. കരട് DPR തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നടക്കുകയാണെന്നും എം.പി.ഐ. മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു.

പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ കൊല്ലം ജില്ലയിലെ ഏരൂർ പഞ്ചായത്തിലെ വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി എന്ന മാംസ സംസ്കരണ യൂണിറ്റിനായി 21 ലക്ഷം രൂപയും

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ പരിയാരം വില്ലേജിലുള്ള കാള, പോത്ത്, കിടാരി വളർത്തൽ കേന്ദ്രം എന്ന പദ്ധതിയ്ക്കായി 4 കോടി രൂപയും പക്ഷിമൃഗാദികളുടെ അറവുമാലിന്യം സംസ്കരിച്ച് ഉപോൽപ്പന്നങ്ങളായ എല്ലുപൊടി, ടാലോ, പെറ്റ്ഫുഡ് എന്നിവ നിർമ്മിച്ച് വിപണനത്തിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 1 കോടി രൂപയും ഭക്ഷ്യസുരക്ഷ അവയർനസ്സ് പ്രോഗ്രാമിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ അടിസ്ഥാനമാക്കി കർഷകർ, ഉപഭോക്താക്കൾ, ബുച്ചറന്മാർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ എന്നിവർക്ക് ബോധവൽക്കരണത്തിനുള്ള പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയ്ക്കായി 1 കോടി രൂപയും ഉൾപ്പെടെ 6.21 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള ഫീഡ്സ് ലിമിറ്റഡ്**

2403-00-190-86 – കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

അസംസ്കൃത വസ്തുക്കളുടെ വില വർദ്ധിക്കുന്നതിനനുസരിച്ച് കേരള ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാത്തതിനാൽ ഉത്പാദനചെലവിൽ സംഭവിക്കുന്ന നഷ്ടം നികത്തുന്നതിനായുള്ള മാർക്കറ്റ് ഇന്റർവെൻഷൻ ഫണ്ടിൽ 10 കോടി രൂപയും കമ്പനികളുടെ വിവിധ യൂണിറ്റുകളുടെ അപ്ഗ്രഡേഷനും റീവാമ്പിംഗിനുമായി 3.65 കോടി രൂപയും ഫാക്ടറികളിലുള്ള ക്വാളിറ്റി ലാബുകളിലെ എക്യുപ്മെന്റിന്റെ അപ്ഗ്രഡേഷനുവേണ്ടി 1.65 കോടി രൂപയും കമ്പനികളിലെ 7 യൂണിറ്റുകളിൽ ERD-യുടെ അത്യാധുനിക പാക്കേജ് ഇംപ്ലിമെന്റ് ചെയ്യുന്നതിനായി 2.54 കോടി രൂപയും കേരളത്തിൽ maize ഉൽപ്പാദിപ്പിക്കാനായി 1.5 കോടി രൂപയും കിസാൻ റെയിൽ പദ്ധതി ഉപയോഗപ്പെടുത്തി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കളായ അഗ്രി പ്രൊഡക്ടുകൾ കൊണ്ടുവരുന്നതിന് 6.84 കോടി രൂപയും ഉൾപ്പെടെ ആകെ 26.1808 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും 10 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും ആയതിനാൽ 16.1808 കോടി രൂപ അധികമായി വകയിരുത്തണമെന്നും കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു. കിസാൻ റെയിൽ പദ്ധതി ഉപയോഗപ്പെടുത്തുന്നതിലൂടെ ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് കുറയുകയും കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് നല്കാൻ സാധിക്കുകയും ചെയ്യുമെന്നും കേരള ഫീഡ്സ് ലിമിറ്റഡിനെ കൂടാതെ മിൽമയും

സ്വകാര്യസ്ഥാപനങ്ങളും കേരളത്തിനാവശ്യമായ കാലിത്തീറ്റ പ്രൊഡക്ഷൻ നടത്തുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി 16.1808 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്**

2403-00-190-83 - കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

ധോണി ഫാമിലെ ജലദൗർലഭ്യത പരിഹരിച്ച് അവിടെ പരിപാലിക്കപ്പെടുന്ന മുന്തിയ ഇനം ആട്/കന്നുകാലികൾക്കാവശ്യമായത്രയും തീറ്റപ്പുൽ ഉൽപാദിപ്പിക്കാവുന്ന രീതിയിൽ വിഭാവനം ചെയ്ത പദ്ധതി നടത്തിപ്പിനും നിലവിൽ മഴക്കാലത്ത് മഴവെള്ളം നഷ്ടപ്പെടുന്നത് തടയുന്നതിനും ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള സാദ്ധ്യതാ പഠനത്തിനായി 1.7945 കോടി രൂപയും സുസ്ഥിരവും സന്തുലിതവുമായി കൃഷിയും ഗ്രാമീണ സമൃദ്ധിയും പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി കർഷക ഉൽപ്പാദന സംഘങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, സ്വയം പര്യാപ്തത കൈവരിച്ച്, പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുന്ന രീതിയിൽ കർഷക ഉൽപ്പാദക സംഘങ്ങളിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും നൽകി സ്വയംപര്യാപ്തരാക്കുന്നതിനായി 10.52 ലക്ഷം രൂപയും ഉൾപ്പെടെ 1.8997 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

## ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി

2415-03-277-99-31 – കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി- സഹായധനം- ശമ്പളം

സർവ്വകലാശാലയിൽ നിന്നും വിരമിച്ചവർക്ക് കൊടുക്കാനുള്ള ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, പെൻഷൻ പരിഷ്കരണത്തിനാവശ്യമായ തുക, അദ്ധ്യാപകരുടെ യു.ജി.സി റിവിഷൻ, കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപകർക്കും തൊഴിലാളികൾക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക, വിരമിച്ചവർക്ക് നൽകാനുള്ള ക്ഷാമാശ്വാസ കുടിശ്ശിക, ഓഡിറ്റ് ചാർജ് കുടിശ്ശിക, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, 2022-23 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ മറ്റു ചെലവുകൾക്കായി അധികമായി ആവശ്യമാകുന്ന പ്രതീക്ഷിത ചെലവിനായി 108.6095 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-03-277-99-36 - കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി- സഹായധനം- ശമ്പളേതരം

വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ്/ഇന്റേൺഷിപ്പ്/അസിസ്റ്റന്റ്ഷിപ്പ് എന്നിവ നൽകുന്നതിനായും പി.ജി, പി.എച്ച്.ഡി വിദ്യാർത്ഥികളുടെ അലവൻസ് വർദ്ധിപ്പിച്ച സാഹചര്യത്തിലും, കോവിഡ് പ്രതിസന്ധി കാരണം മാറ്റിവച്ച സ്റ്റഡി ടൂർ നടത്തേണ്ടതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ധനാഭ്യർത്ഥന നമ്പർ നിലവിൽ കൃഷി (XXIX) കീഴിലാണ് വരുന്നത്. എന്നാൽ ടി സർവ്വകലാശാല മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ടി സ്ഥാപനത്തിന്റെ ധനാഭ്യർത്ഥന നമ്പർ മൃഗസംരക്ഷണം (XXXI)-ന് കീഴിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXII-ക്ഷീരവികസനം

2404-00-001-99 - ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 3 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 6.5 ലക്ഷം രൂപയും ഉൾപ്പെടെ 9.5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-98 - ജില്ലാഭരണം

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1 കോടി രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 4 ലക്ഷം രൂപയും (06) വാടക, കരം, നികുതി ഇനത്തിൽ 16.5 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1.205 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-97 - വികസന പ്രവർത്തന ഘടകങ്ങൾ

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 8 ലക്ഷം രൂപയും 02(4) വേജസ് കൺസോളിഡേറ്റഡ് പേ ഇനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെട 28 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-99 - പശുക്കളുടെ ക്ഷീരോല്പാദനശേഷി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പാൽ ഉൽപാദിപ്പിക്കാനുമുള്ള പദ്ധതി

വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക് ഇൻസെന്റീവ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കും കന്നുകാലികളിലെ കൃത്രിമ ബീജദാനത്തിനുള്ള സെമന്റെ വിലയ്ക്കുമായുള്ള ചെലവുകൾക്കുമായി 9.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-96 – ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയ്ക്കായും ക്ഷീരമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ക്ഷീരപരിശീലന കേന്ദ്രങ്ങളെയും ക്ഷീരസംരഭകത്വ വികസന കേന്ദ്രങ്ങളായി ഉയർത്തുന്നതിനായും 6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-79-33 – കാലിത്തീറ്റക്കുള്ള സബ്സിഡി

3634 ക്ഷീര സംഘങ്ങളിൽ ഏകദേശം 2.1 ലക്ഷം ക്ഷീരകർഷകരാണ് സ്ഥിരമായി പാൽ അളക്കുന്നതെങ്കിലും 257 സംഘങ്ങളിലുള്ള കർഷകർക്ക് മാത്രമാണ് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വയ്ക്കോൽ എന്നിവ നൽകാൻ നിലവിലെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് കഴിയുകയുള്ളൂയെന്നതിനാലും വരൾച്ച മാസങ്ങളിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാലും പ്രസ്തുത പദ്ധതി പരമാവധി നടപ്പിലാക്കുന്നതിനായി 7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-77 – കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

തീറ്റപ്പുൽ കൃഷിപദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കൂടുതൽ തീറ്റപ്പുൽകൃഷി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-76 – ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് സഹായം

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-75 – കന്നുകാലിത്തീറ്റ കൃഷി - വലിയതുറ സ്വീവേജ് ഫോം

സ്റ്റേറ്റ് ഫോഡർഫാമിന്റെ ദൈനംദിന പ്രവർത്തന ചെലവുകളും ഫാം തൊഴിലാളികളുടെ വിവിധ ആനുകല്യങ്ങൾ നൽകുന്നതിനുമായി 02(1) ശമ്പളം ഇനത്തിൽ 60 ലക്ഷം രൂപയും 02(3) മറ്റ് അലവൻസുകൾ ഇനത്തിൽ 4 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-69 – കേരള സ്റ്റേറ്റ് ഫോഡർഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

തിരുവനന്തപുരം സ്റ്റേറ്റ് ഫോഡർഫോം ആസ്ഥാനമാക്കി ഒരു കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-98 – ക്ഷീരവികസന പരിശീലന കേന്ദ്രം

ഈ ശീർഷകത്തിൽ 02(2) വേജസ് ക്ഷാമബത്ത ഇനത്തിൽ 2 ലക്ഷം രൂപയും 02(4) ക്ഷാമബത്ത ഇനത്തിൽ 1 ലക്ഷം രൂപയും 05(4) മറ്റ് അലവൻസുകൾ ഇനത്തിൽ 75,000/- രൂപയും ഉൾപ്പെടെ ആകെ 3.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-95 – ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും, പാലുല്പന്നങ്ങളുടെയും, കാലിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ സ്റ്റേറ്റ് ഡയറി ലാബ്, റീജിയണൽ ഡയറി ലാബ്, മൊബൈൽ ലാബ്, ജില്ലാ ലാബുകൾ എന്നിവയുടെ ആധുനികവത്കരണത്തിനായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-93 – വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പദ്ധതി

ക്ഷീരോൽപാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും കൊണ്ടുവരുക, സംസ്ഥാനത്തെ പാലുൽപാദനത്തിൽ സ്വയം പര്യാപ്തമാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-195-94 – ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം

ക്ഷീരകർഷകർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ പാലിന് സബ്സിഡി നൽകുന്നതിനും, കാലിത്തീറ്റ ഇൻസെന്റീവ് നൽകുന്നതിനും, ധർമ്മടം അസംബ്ലി നിയോജകമണ്ഡലത്തിലെ വേങ്ങാട് അടിസ്ഥാനമാക്കി സംയോജിത കാർഷിക വികസന പരിപാടി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് പദ്ധതിക്കായും 96.97 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-102-87 – ക്ഷീര വകുപ്പിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ

ചേർത്തല സബ്കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ തുറവൂർ കാലിത്തീറ്റ ഫാക്ടറിക്കുവേണ്ടി 3.5132 ലക്ഷം രൂപയും തിരുവനന്തപുരം സബ്കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ അമ്പലത്തറ ഡയറി പ്ലാന്റിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 4.015 കോടി രൂപയും സുൽത്താൻ ബത്തേരി കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മാനന്തവാടി പാൽ ശീതികരണശാലയ്ക്ക് വേണ്ടി 14.15 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 4.1916 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-195-98 – ക്ഷീര സഹകരണ സംഘങ്ങളിലുള്ള നിക്ഷേപം

ക്ഷീര സഹകരണ സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കാലിത്തീറ്റ ഗോഡൗണുകൾ സ്ഥാപിക്കൽ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ എന്നിവ കൂടാതെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവു കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-195-97 – കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള സഹായം

പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9.02 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശീർഷകം പുന:സ്ഥാപിക്കുന്നതിന്**

സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധികസാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനാവശ്യമായ 115.2 കോടി രൂപ 2404-00-800-78 എന്ന ശീർഷകം പുനസ്ഥാപിച്ച് ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIII-മത്സ്യബന്ധനം

2405-00-001-99- നടത്തിപ്പ്

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിൽ 5 ലക്ഷം രൂപയും കൺസോളിഡേറ്റഡ് പേയിൽ 2 ലക്ഷം രൂപയും ദിവസവേതനത്തിൽ 2 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 28 ലക്ഷം രൂപയും ഓഫീസ് ചെലവ് മറ്റിനങ്ങളിൽ 5 ലക്ഷം രൂപയും റെന്റ് റേറ്റ് & ടാക്സ് ഇനത്തിൽ 2 ലക്ഷം രൂപയും വാഹനങ്ങളുടെ റിപ്പയർ & മെയിന്റനൻസ് ഇനത്തിൽ 1 ലക്ഷം രൂപയും അദർ ചാർജ്ജസ്- അദർ ഐറ്റംസിൽ 1 ലക്ഷം രൂപയും, പി.ഒ-എൽ-ൽ- 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 51 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-001-96 – ആസൂത്രണവും സ്ഥിതിവിവരക്കണക്കും

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 50,000/- രൂപയും യാത്രാബത്ത ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-101-90 – ദേശീയ വിത്തുൽപാദന പരിപാടി

ടൂർ ടി.എ. ഇനത്തിൽ 50,000/- രൂപയും ടെലിഫോൺ ചാർജ്ജിനത്തിൽ 10,000/- രൂപയും ഓഫീസ് എക്സ്പെൻസ് - അദർ ഐറ്റത്തിൽ 25,000/- രൂപയും അദർ ചാർജ്ജസ് അദർ ഐറ്റംസിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ 2.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന: പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-87 – നഴ്സറികൾ സ്ഥാപിക്കൽ

നിലവിലുള്ള ഹാച്ചറികളുടെയും മത്സ്യവിത്ത് ഫാമുകളുടെയും നടത്തിപ്പിനും പരിപാലനത്തിനുമായി ആവശ്യമായ പ്രജനന മത്സ്യങ്ങൾ, മത്സ്യത്തീറ്റ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-54 - മത്സ്യകൃഷി വികസനം

മത്സ്യകൃഷിക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-101-48- അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി IEC പ്രവർത്തനങ്ങൾ, മാനവശേഷി പ്രവർത്തനങ്ങൾ, മത്സ്യകർഷക ക്ലബ്ബുകൾ, സാങ്കേതിക വിദ്യ ഏറ്റെടുക്കൽ, ജലകൃഷി അവാർഡുകൾ, റിസ്ക് മിറ്റിഗേഷൻ എന്നീ പ്രവർത്തനങ്ങൾക്കും 560 അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ സേവനത്തിനുമായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-99 - സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തു ചുറ്റൽ

പുതിയതായി ആരംഭിച്ച 4 ഫിഷറീസ് സ്റ്റേഷനുകളുടെ ശമ്പള ഇനത്തിലേക്കായി 2.29 കോടി രൂപയും കൺസോളിഡേറ്റഡ് പേ ഇനത്തിൽ 7.10 ലക്ഷം രൂപയും ടൂർ ടി.എ ഇനത്തിൽ 50,000/- രൂപയും ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 10,000/- രൂപയും ടെലഫോൺ ചാർജ്ജിനത്തിൽ 60,000/- രൂപയും ഓഫീസ് എക്സ്പെൻസ് അദർ ഐറ്റംസിൽ 1 ലക്ഷം രൂപയും റെന്റ് റേറ്റ് & ടാക്സിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.393 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-84-33 - മത്സ്യതൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം
സബ്സിഡികൾ

2021-22 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 25 രൂപ നിരക്കിൽ മണ്ണെണ്ണ നൽകുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ ഒ.ബി.എം. ഉപയോഗിക്കുന്ന യാനങ്ങൾക്ക് ശരാശരി 500 മുതൽ 700 ലിറ്റർ മണ്ണെണ്ണയും 10 Hp യ്ക്ക് താഴെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്ററും 10 Hp യ്ക്ക് മുകളിലുള്ളവയ്ക്ക് 136 ലിറ്ററും 15 Hp യ്ക്ക് മുകളിലുള്ളവയ്ക്ക് 150 ലിറ്ററും മണ്ണെണ്ണയാണ് സബ്സിഡി നിരക്കിൽ നൽകുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു.

മണ്ണെണ്ണ പെർമിറ്റ് ജോയിന്റ് വെരിഫിക്കേഷനിൽ 14332 എഞ്ചിനുകൾ യോഗ്യമെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും നിലവിൽ മണ്ണെണ്ണയുടെ പൊതുവിപണിയിലെ വില 124 രൂപയും സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുന്ന നോൺ പി.ഡി.എസ്. മണ്ണെണ്ണയുടെ വില 82 രൂപയുമാണെന്നും മത്സ്യഫെഡ് വഴി എഞ്ചിനുകൾക്ക് പ്രതിമാസം 300 ലിറ്റർ മണ്ണെണ്ണ 50 രൂപ സബ്സിഡിയോട് കൂടിയും സിവിൽ സപ്ലൈസ് വകുപ്പുവഴി നിലവിൽ എഞ്ചിന്റെ കുതിരശക്തി അടിസ്ഥാനമാക്കി അനുവദിക്കുന്ന മണ്ണെണ്ണയും ഒരേ വിലയിൽ അനുവദിക്കുന്നതിന് യഥാക്രമം 257.98 കോടി രൂപയും 19.68 കോടി രൂപയും ഉൾപ്പെടെ 278 കോടി രൂപ ആവശ്യമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 233 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-82-33 - സംയോജിത മത്സ്യബന്ധന വികസനപദ്ധതി
(എൻ.സി.ഡി.സി. സഹായം ) - സംസ്ഥാന വിഹിതം-
സബ്സിഡികൾ

എൻ.ഡി.സി.സി. ധനസഹായത്തോടുകൂടിയുള്ള ഐ.എഫ്.ഡി.പി. 2019-20, സ്പെഷ്യൽ സപ്പോർട്ട് സ്കീം 2018 എന്നീ പദ്ധതികളിലായി ലഭിക്കുവാനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് അപര്യാപ്തമായതിനാൽ കേന്ദ്രസർക്കാർ വിഹിതമായി 9 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 1.3277 കോടി രൂപയും ഉൾപ്പെടെ 10.3277 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-72 - പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കൽ

പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമിന്റെയും റീജിയണൽ കൺട്രോൾ റൂമുകളുടെയും പ്രവർത്തനം നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-69 - ശുചിത്വസാഗരം- ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

കടലിനേയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വഭാവിക ആവാസവ്യവസ്ഥ വീണ്ടെടുക്കുന്നതിനുള്ള തീവ്രയജ്ഞപരിപാടിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണം, ടൂറിസം, പരിസ്ഥിതി, ഫിഷറീസ് എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് കേരളത്തിലെ എല്ലാ ജില്ലകളിലും പഞ്ചായത്തുകളിലും പ്രോജക്ടുകൾ രൂപീകരിച്ചു കഴിഞ്ഞെന്നും അതിന്റെ കമ്മിറ്റികൾ രൂപീകരിക്കുകയാണെന്നും സംസ്ഥാനാടിസ്ഥാനത്തിലുള്ള പ്രാഥമികയോഗം കഴിഞ്ഞെന്നും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി അറിയിച്ചു.

2405-00-105-88 - തീരമൈത്രി സൂപ്പർമാർക്കറ്റ് - സബ്സിഡികൾ

തീരമൈത്രി സൂപ്പർമാർക്കറ്റ്-സപ്ലൈകോ ശബരി ബ്രാന്റ് & എഫ്.എം.സി.ജി. സബ്സിഡൈസ്ഡ് ഐറ്റംസിന് നൽകുന്നതിനായി 24.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-86 - മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

മുൻവർഷങ്ങളിൽ അനുവദിച്ച തുക ചെലവാക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞു. 2017-18 കാലയളവിൽ മഹാപ്രളയം വന്നതിനാൽ ആവശ്യപ്പെട്ട തുക റിലീസ് ചെയ്തിരുന്നില്ലെന്നും കഴിഞ്ഞ വർഷം 150 ലക്ഷം രൂപ അനുവദിച്ചതിൽ 139.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അഡീഷണൽ ഡയറക്ടർ ഓഫ് ഫിഷറീസ് വ്യക്തമാക്കി.

ഫിഷ് മാർട്ടുകൾ, 5 ജില്ലകളിലായി ബേസ് സ്റ്റേഷൻ, 10 അന്തിപ്പച്ച യൂണിറ്റുകൾ, മുളക്കുഴ, തലശ്ശേരി എന്നിവിടങ്ങളിൽ ബേസ് സ്റ്റേഷൻ &വാല്യു അഡിഷൻ, കൊച്ചി ഐസ്& ഫ്രീസിംഗ് പ്ലാന്റിന്റെ നവീകരണം, സമുദ്ര ബസ്സ് സർവ്വീസ്, നൂറനാട് മത്സ്യമാർക്കറ്റ് എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-98 - മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും

മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും ഓഫീസ് എക്സ്പെൻസ് അദർ ഐറ്റംസിൽ 75,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധിക മായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-95 - പരിശീലനവും വിപുലീകരണവും

മെഡിക്കൽ റീഇംബേഴ്സ്മെന്റിന് 15,000 രൂപയും യത്രാബത്തയിൽ 20000/- രൂപയും സ്ഥലംമാറ്റബത്തയിൽ 10000 രൂപയും വെള്ളക്കരത്തിന് 5000/- രൂപയും ഓഫീസ് ചെലവുകൾ മറ്റിനത്തിൽ 1.7 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവയ്ക്ക് 23 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 25.2 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-110-96 -33- മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി.

കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണ നിരോധിക്കാൻ പോകുന്ന സാഹചര്യത്തിൽ മണ്ണെണ്ണ എഞ്ചിനുകൾ അടിയന്തരമായി പെട്രോളിലേക്കോ എൽ.പി.ജി.യിലേക്കോ ഡീസലിലേക്കോ മാറേണ്ടത് അനിവാര്യമാണെന്നും നിലവിൽ 225 മണ്ണെണ്ണ എഞ്ചിനുകൾ മാറ്റുന്നതിനുള്ള പ്രൊപ്പോസലാണ് നൽകിയിട്ടുള്ളതെന്നും എൽ.പി.ജി.ക്ക് പകരമായി സി.എൻ.ജി. ഉപയോഗിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. എന്നാൽ സി.എൻ.ജി.യിൽ സ്റ്റോറേജിന്റെ പ്രശ്നമുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന ബോട്ടുകളിലെ 225 മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനുകളാക്കുന്നതിന് എഞ്ചിൻ ഒന്നിന് 40% പരമാവധി 40,000/- രൂപ വീതം സബ്സിഡി നൽകുന്നതിന് 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-120-98-66 - ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയനിർവ്വഹണം സ്റ്റാഫിനുള്ള ധനസഹായം

ലിംഗസമത്വ സ്ത്രീ ശാക്തീകരണ നയനിർവഹണത്തിനായി സ്റ്റാഫിനുള്ള ധനസഹായമായി 9.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-97 - രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

സ്വാശ്രയ കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുകൂടി വിദ്യാഭ്യാസ ആനുകൂല്യം പുതുതായി നൽകുന്നതിന് 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-95 -ട്രോളിംഗ് നിരോധനസമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം

ട്രോളിംഗ് നിരോധനസമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം നൽകുന്നതിനായി 4.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-93- മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി

പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതമായ 1500/- രൂപ നിലവിൽ ലഭിക്കാത്തതിനാൽ പദ്ധതി മുന്നോട്ട് കൊണ്ടു പോകുന്നതിനായി ടി തുക കൂടി സംസ്ഥാന വിഹിതമായി നൽകേണ്ടിവരുമെന്നും 2018 മുതൽ ഏകദേശം 63 കോടി രൂപ കേന്ദ്ര വിഹിതം പെൻഡിംഗുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞ മാസക്കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും 5 തവണകളായി 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായി 3000 രൂപയും ചേർത്ത് 4500/- രൂപ മൂന്ന് തവണകളായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട് ഇതനുസരിച്ച് 1,80,000 ത്തോളം മത്സ്യത്തൊഴിലാളികൾ 2021-22 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞെന്നു ഇവർക്ക് 2022-23 വർഷം മെയ്, ജൂൺ, ജൂലൈ, മാസങ്ങളിൽ പദ്ധതി വിഭാവനം ചെയ്ത രൂപത്തിൽ ധനസഹായം അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 17.62 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-92- മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പ്രീമിയം കൂടിയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00 -188 -99-31 - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് സഹായധനം - ശമ്പളം

പുതിയതായി അനുവദിച്ചിട്ടുള്ള 24 അനദ്ധ്യാപക തസ്തികകൾക്ക് ആനുപാതികമായിട്ടുള്ള വർദ്ധനവ്, നിലവിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നത് വഴി ഉണ്ടാകുന്ന അധിക ചെലവ്, ഏഴാമത് യു.ജി.സി ശമ്പള പരിഷ്ക്കരണം മൂലം ഉണ്ടായിട്ടുള്ള അധിക ചെലവ്, അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം എന്നിവ വഴി ഉണ്ടായിട്ടുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 7.7217 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00 -190 -95 - കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ.)

കമ്പനി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും അലങ്കാര മത്സ്യമാർക്കറ്റിംഗ് വിപുലീകരിക്കുന്നതിനും കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00 -190 -94 -66 - ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം - മത്സ്യഫെഡിനുള്ള ധനസഹായം

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/സ്കിൽ ട്രെയിനിംഗ് നൽകുന്നതിന് 9.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00 -800 -91 - കേരള അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസിക്ക് (അഡാക്ക്) ഒറ്റത്തവണ സഹായം

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മത്സ്യകൃഷി/വിത്തുല്പാദന പ്രവർത്തനങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കാൻ കഴിയാത്തതിനാൽ അഡാക്ക് സാമ്പത്തിക പ്രതിസന്ധിയിലാകുകയും കഴിഞ്ഞ സീസണിൽ ആവശ്യത്തിന്

പ്രവർത്തന മൂലധനമില്ലാത്തതിനാൽ മത്സ്യകൃഷി/മത്സ്യ വിത്തുൽപാദന പ്രവർത്തനങ്ങൾ കോവിഡിന് മുമ്പുള്ള കാലഘട്ടത്തിലെന്ന പോലെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ പ്രവർത്തനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് അഡാക്കിന് അനുവദിക്കുന്നതിലേക്കായി 2.61 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00 -800 -90 - 2018-19 പലിശ സബ്സിഡി നിലവിൽ വരുന്നതിനു മുമ്പ് നൽകിയിട്ടുള്ള നിഷ്ക്രിയ ആസ്തികളായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിന് മുമ്പ് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് 28.52 കോടി രൂപ വേണ്ടി വരുമെന്ന് സമിതി നിരീക്ഷിച്ചു. 3 ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് 2022-23 വർഷം 5 കോടി രൂപ മത്സ്യഫെഡ് തനത് ഫണ്ടിൽ നിന്ന് വിനിയോഗിച്ചതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2018-ന് മുമ്പുള്ള വായ്പകൾ നിഷ്ക്രീയമായി കിടക്കുന്നതിനാൽ ആളുകളൊന്നും വായ്പതിരിച്ചടയ്ക്കാൻ തയ്യാറല്ലെന്നും ഇത്തരമൊരു സാഹചര്യത്തിൽ മത്സ്യഫെഡുമായി ചർച്ച ചെയ്ത് വായ്പകളുടെ പലിശയും പിഴപ്പലിശയും ഇളവ് ചെയ്താൽ കുറെയധികം തുക ലഭിക്കുമെന്നും ഗവൺമെന്റിന്റെ വിഹിതമില്ലാത്തത് കൊണ്ടാണ് ഇക്കാര്യം നടപ്പിലാക്കാൻ കഴിയാത്തതെന്നും പലിശയ്ക്കും പിഴപ്പലിശയ്ക്കും മുഴുവനായും ഇളവ് നൽകുവാൻ മത്സ്യഫെഡിന് കഴിയാത്തതിനാൽ മത്സ്യഫെഡ് 5 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് 5 കോടി രൂപയും വഹിച്ചു കൊണ്ട് 10 കോടി രൂപയുടെ ഇളവ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാൻ കഴിയുന്ന തരത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

2405-00-800-27 - മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പരമ്പരാഗത യാനങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയിൻകീഴിൽ കൊണ്ടുവരുന്നതിന് ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -101 -90 – അക്വാകൾച്ചർ ഡെവലപ്പ്മെന്റ്

മുൻവർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഫീഡ് മിൽ സ്ഥാപിക്കൽ, ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ എന്നിവയുടെ ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ പൂർത്തീകരണത്തിനായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -103 -98 – സംയോജിത മത്സ്യബന്ധന വികസന പദ്ധതി
(100% എൻ.സി.ഡി.സി. സഹായം)

ഭരണാനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ളതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ഐ.എഫ്.ഡി.പി. 2020-21 പദ്ധതി പൂർത്തീകരിക്കുന്നതിനായി സർക്കാരിന്റെ ഓഹരി മൂലധനമായി 8.2417 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -103 -94 – തീരദേശ റോഡുകളുടെ നവീകരണം

തീരദേശ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിലേക്കായി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -103 -92 – വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമ പാര് നിക്ഷേപം നടത്തി പദ്ധതി പൂർത്തിയാക്കിയ ഇനത്തിൽ അനുവദിക്കാനുള്ള ബിൽ തുക 2.1385 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -104 -61 – കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം

കൊയിലാണ്ടി സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -104 -59 – ചേറ്റുവ മത്സ്യബന്ധന തുറമുഖം

ചേറ്റുവ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -104 -58 – ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം

ചെറുവത്തൂർ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00 -104 -55- മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമിഏറ്റെടുക്കൽ

മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-109-98- മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങൾ പണി പൂർത്തിയാക്കലും മത്സ്യഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും

2021-22 ൽ ഭരണാനുമതി നൽകിയ ബേപ്പൂർ ഫിഷറീസ് ട്രെയിനിംഗ് സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ശക്തികുളങ്ങര മത്സ്യഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.3 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-800-75- നിയമസഭാ നിയോജകമണ്ഡലം- ആസ്തി വികസന പദ്ധതി (എൽ.എ.സി.എ.ഡി.എസ്.)

പ്രസ്തുത പദ്ധതിയിലെ ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിലേയ്ക്കായി 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6405-00-195-99- മത്സ്യബന്ധന വികസനത്തിന് സമഗ്രനിർദ്ദേശങ്ങൾ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിലുള്ള മത്സ്യബന്ധനോപാധികൾക്ക് പകരം പുതിയവ നൽകൽ, ഉത്പാദനോപാധികൾ നൽകൽ, മത്സ്യക്കച്ചവടത്തിനായുള്ള പ്രവർത്തന മൂലധനം/ മാർജിൻമണി നൽകൽ , മത്സ്യവിപണനത്തിനും മത്സ്യബന്ധന ഉൽപ്പന്നങ്ങളും മാനേജ്മെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യ വികസനം, പരിശീലനം, വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി എന്നീ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ശീർഷകം പുന:സ്ഥാപിക്കുന്നതിന്

തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2405-00-103-74 എന്ന ശീർഷകം പുന:സ്ഥാപിച്ച് 70 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനത്തിനായി 2021-22 വർഷം 3.03 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. ആയത് മത്സ്യഫെഡിന് നൽകുന്നതിനായി 2405-00-105-96 എന്ന ശീർഷകം പുന:സ്ഥാപിച്ച് 3.03 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പുതിയ ശീർഷകം അനുവദിക്കുന്നതിന്

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യവിത്ത് നിയമം (2014) നടപ്പാക്കുന്ന ആവശ്യത്തിലേയ്ക്ക് Central Inspection Cum Enforcement Squad രൂപീകരിക്കുന്നതിനുള്ള അനുബന്ധ പ്രവൃത്തികൾക്കായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യസംസ്കരണ യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കപ്പെട്ട ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യത്തിനും മത്സ്യ ഉൽപന്നങ്ങൾക്കും ന്യായവില ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കു ശേഷം 12.50-ന് പിരിഞ്ഞു.

## 27.04.2022-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I 2022 ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദ് വീഡിയോ കോൺഫറൻസ് മുഖേന അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നേരിട്ടും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസിലൂടെയും പങ്കെടുക്കുകയുണ്ടായി.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
5. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ**

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

1. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

സമിതി, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.10-ന് പിരിഞ്ഞു.

## 18.07.2022-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2022 ജൂലൈ 18-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം രാത്രി 7.40 ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ.പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1. ശ്രീ.പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ.കെ.പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
5. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
6. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ഷാജി. സി. ബേബി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
2. ശ്രീമതി ഇഷിത റോയ്, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷി വകുപ്പ്.
3. ഡോ. അദീല അബ്ദുള്ള, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
4. ഡോ. എ. കൗശിഗൻ, ഡയറക്ടർ, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ്.
5. ശ്രീ. സുഭാഷ് ടി. വി, ഡയറക്ടർ, കൃഷി വകുപ്പ്.
6. ശ്രീ. എസ്. സുബ്രഹ്മണ്യൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ.

7. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
8. ശ്രീ. അനിൽ കുമാർ സി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
9. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
10. ശ്രീമതി കെ. ബി. അനിതകുമാരി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
11. ശ്രീമതി മീര എസ്, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
12. ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.
13. ശ്രീമതി ശാലിനി കെ. ജെ., ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
14. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
15. ശ്രീ. ആർ സുരേഷ് ബാബു , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
16. ശ്രീമതി രാജേശ്വരി എസ്. ആർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ .
17. ശ്രീ. സുനിൽ കുമാർ ആർ., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ.
18. ശ്രീമതി ശ്രീരേഖ ആർ., അഡീഷണൽ ഡയറക്ടർ (സി. പി.), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ.
19. ശ്രീമതി വി. ആർ. സോണിയ, അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ് & വി. സി.), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ.
20. ശ്രീമതി ശ്രീല എൻ. എസ്., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
21. ശ്രീ. ജോർജ്ജ് ഫിലിപ്പ്, അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ.
22. ശ്രീ. സലീം എച്ച്, ജോയിന്റ് ഡയറക്ടർ (പ്രോജക്ട്), ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്.
23. ശ്രീ. മഹേഷ് എസ്, ജോയിന്റ് ഡയറക്ടർ (ഇൻ-ലാൻഡ്), ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്.
24. ശ്രീമതി രാജശ്രീ ജെ, ജോയിന്റ് ഡയറക്ടർ (എ.ആർ.&ടി), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ.
25. ശ്രീമതി വി. രജത, ജോയിന്റ് ഡയറക്ടർ, (ധന), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ.

26. ശ്രീ. ബേബി കെ.കെ, ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

27. ശ്രീ. കെ. ശശികുമാർ, ജോയിന്റ് ഡയറക്ടർ(പ്ലാനിംഗ്), ഡയറി ഡെവലപ്മെന്റ് കോർപ്പറേഷൻ.

28. ശ്രീ. ടി.എസ്. പ്രവീൺ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

29. ശ്രീ. പ്രമോദ് കുമാർ എം.എസ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ.

30. ശ്രീ. കോശി കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്.

31. ഡോ. ഷാജി എ.എച്ച്, അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

32. ശ്രീമതി പ്രിയ വി.പി, അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ കൺസർവേഷൻ), ഡയറക്ടേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ.

33. ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & കൺസർവേഷൻ.

34. ശ്രീമതി ബീന എസ്, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ.

35. ശ്രീ. ചന്ദ്രൻ വി. കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല.

36. ഡോ. ഇ.ജി. രഞ്ജിത്ത് കുമാർ, ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ, കേരള കാർഷിക സർവ്വകലാശാല.

37. ഡോ. ദിനേശൻ ചെറുവാട്ട്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്.

38. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

39. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്.

40. ശ്രീ. രാജീവ് പി. എസ്., മാനേജിംഗ് ഡയറക്ടർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

41. ശ്രീമതി ആരതി, മാനേജിംഗ് ഡയറക്ടർ, കേരള ഹോർട്ടികൾച്ചർ മിഷൻ.

42. ഡോ. എ.എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്.

43. ശ്രീ. ശങ്കരൻ സുമ, കമ്പനി സെക്രട്ടറി, വിഴിഞ്ഞം, ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്.

44. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ, കൃഷി വകുപ്പ്.

45. ശ്രീ. രാജീവ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്.

46. ശ്രീ. രാജശേഖരൻ കെ.എൻ., മാനേജർ (എഫ്&എ) കേരള ഫീഡ്സ് ലിമിറ്റഡ്.

47. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

48. ശ്രീ. സുധീർ എൻ.ജി., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്.

49. ശ്രീമതി ശോഭ ജെ, മാനേജർ, മത്സ്യഫെഡ്.

50. ശ്രീ. ഇ.പി. രാജ്മോഹൻ, സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്.

51. ശ്രീമതി രജനി ടി.എസ്., സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ ഓഫീസർ (ഫാംസ്), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ.

സമിതി 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസ പത്രികകൾ, സാധൂകരണത്തിനുള്ള എസ്.ആർ.ഒ എന്നിവയും ജോയിന്റ് സെക്രട്ടറി തലത്തിലുള്ള അർദ്ധ ഔദ്യോഗിക കത്തിന് ശേഷവും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തതിനെ തുടർന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നിശ്ചയിച്ചിരുന്ന ഫയലുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവയും പരിഗണിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I. സമിതി 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയതു.

II. 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യാർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. <u>സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ.</u>

1. <u>2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.</u>

(ഫയൽ നം. 12385/സബ്.സി.സി2/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 2, 4, 6, 38, 45, 47 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കൃഷി (ഫാംസ്) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (ഇബി) വകുപ്പിൽ നിന്നും ഖണ്ഡിക 48-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (എൻ.സി.എ.) വകുപ്പിൽ നിന്നും ഖണ്ഡിക 33-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ 15, 32, 37 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിൽ നിന്നും ഖണ്ഡിക 53-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ക്ഷീര വികസന വകുപ്പിൽ നിന്നും 84 മുതൽ 99 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

മൃഗസംരക്ഷണ (എഫ്) വകുപ്പിൽ നിന്നും 78 മുതൽ 83 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

മത്സ്യബന്ധന തുറമുഖ (പി.എസ് ) വകുപ്പിൽ നിന്നും ലഭിച്ച 100 മുതൽ 159 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

മത്സ്യബന്ധന തുറമുഖ (പി.എസ്) വകുപ്പിൽ നിന്നുള്ള ഖണ്ഡിക 114 -ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ മറൈൻ ആംബുലൻസുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതാണെന്നും കടൽ ക്ഷോഭമുണ്ടായാൽ ആയവ കടലിൽ ഇറക്കാൻ പറ്റാത്ത അവസ്ഥയാണെന്നും പ്രസ്തുത ആംബുലൻസുകൾ കൊണ്ട് ആർക്കും പ്രയോജനം ലഭിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

ഖണ്ഡിക 136-ലെ നടപടി സ്റ്റേറ്റുമെന്റ് പരിഗണിക്കവേ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചുവോയെന്ന് സമിതി ആരാഞ്ഞതിന് 2018-19 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ഒഴികെ ബാക്കിയെല്ലാം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത വർഷത്തെ വിഹിതം നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നല്കിയിട്ടുണ്ടെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ മറുപടി നല്കി. പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര വിഹിതം റീ-ഇംബേഴ്സ്മെന്റായി മാത്രമേ ലഭിക്കാറുള്ളൂവെന്നും പഞ്ഞമാസക്കാലയളവിൽ കേന്ദ്രവിഹിതമായ 1500/- രൂപ കൂടി ചേർത്ത് സംസ്ഥാനം നൽകുകയും ഒക്ടോബർ, നവംബർ മാസത്തിൽ കേന്ദ്ര സർക്കാർ അത് റീ-ഇംബേഴ്സ് ചെയ്ത് നൽകുകയുമാണ് ചെയ്യുന്നതെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ അറിയിച്ചു. 2018-19 സാമ്പത്തിക വർഷം കേന്ദ്ര വിഹിതം ലഭിക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് മുൻകാലം മുതൽ തന്നെ രണ്ട് മൂന്ന് വർഷങ്ങളിലെ കേന്ദ്ര വിഹിതം ഒരുമിച്ചാണ് കേന്ദ്ര സർക്കാർ നൽകാറുള്ളതെന്നും കാലതാമസമുണ്ടായാലും തുക ലഭിക്കാറുണ്ടെന്നും ഫിഷറീസ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ഖണ്ഡിക 154-ലെ മറുപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ അടുത്ത സാമ്പത്തിക വർഷം പുതിയ ശീർഷകം അനുവദിച്ച് തുക അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെടാൻ സമിതി വകുപ്പിന് നിർദ്ദേശം നല്കി.

ഖണ്ഡിക 157 പരിഗണിക്കവേ അടുത്ത സാമ്പത്തിക വർഷം പ്രസ്തുത ശീർഷകം പുന:സ്ഥാപിച്ച് തുക അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

(ഫയൽ നം. 3054/സബ്.സി.സി2/2019/നി.സെ.)

മത്സ്യബന്ധന തുറമുഖ (എ) വകുപ്പിൽ നിന്നും 68, 69 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

മത്സ്യബന്ധന തുറമുഖ (പി.എസ്.) വകുപ്പിൽ നിന്നും 70, 71, 78-80, 91, 92, 97, 98-109 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. ഖണ്ഡിക 98, 108 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ അടുത്ത സാമ്പത്തിക വർഷം പുതിയ ശീർഷകം അനുവദിക്കുവാൻ വീണ്ടും ആവശ്യപ്പെടുവാൻ വകുപ്പിന് സമിതി നിർദ്ദേശം നൽകി.

കൃഷി (പി.പി.എം) സെൽ വകുപ്പിൽ നിന്നും ഖണ്ഡിക 4-ലെ ശിപാർശയിന്മേൽ കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

3. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്.

(ഫയൽ നം. 51/സബ്.സി.സി2/2022/നി.സെ.)

കൃഷി (ഐ.എഫ്.എ.) വകുപ്പിൽ നിന്നും ഖണ്ഡിക 29-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. 2020-21 സാമ്പത്തിക വർഷത്തെ 5-ാമത് റിപ്പോർട്ടിലെ 33, 34, 35 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം.

(ഫയൽ നം. 1998/സബ്.സി.സി2/2020/നി.സെ.)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 33, 34, 35 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ പ്രകാരം കേരള കാർഷിക സർവകലാശാലയ്ക്ക് അധികതുക അനുവദിക്കാതിരുന്നത് സംബന്ധിച്ച് 02.07.2021-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിച്ചു. ഹൈ ലെവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് എല്ലാ സർവകലാശാലകൾക്കും നോൺ-പ്ലാൻ ഗ്രാന്റ് വർഷം തോറും റിലീസ് ചെയ്തു നൽകുന്നതെന്നും വിഭവ ലഭ്യതയുടെ പരിമിതി കാരണം നിലവിൽ നോൺ-പ്ലാൻ ഗ്രാന്റ് ഉയർത്തേണ്ടെന്നാണ് ധനകാര്യ വകുപ്പിന്റെ തീരുമാനമെന്നും തദവസരത്തിൽ ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

കാർഷിക സർവകലാശാലയ്ക്ക് വിത്തുകളുടെയും തൈകളുടെയും ഉൽപ്പാദനം വഴിയും മറ്റും തനത് വരുമാനം കണ്ടെത്താൻ സാധിക്കുമെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ സർവകലാശാലകളുടെ പ്രധാന ജോലി അതല്ലെന്നും സർവകലാശാലകളുടെ കർത്തവ്യം ബൃഹത്താണെന്നും വിത്തുകളുടെയും തൈകളുടെയും വിൽപ്പന അനുബന്ധമായി വരുന്നതാണെന്നും അതിന്റെ പേരിൽ കാർഷിക സർവകലാശാലയ്ക്ക് ഫണ്ട് അനുവദിക്കാതിരിക്കരുതെന്നും സമിതി അഭിപ്രായപ്പെട്ടു. അടുത്ത സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വീണ്ടും അധിക തുക ആവശ്യപ്പെടുവാൻ വകുപ്പിന് സമിതി നിർദ്ദേശം നല്കി.

5. 2021-22- സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന 22.06.2021-ലെ സമിതി യോഗ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്.

(ഫയൽ നം. 10783/സബ്.സി.സി2/2021/നി.സെ.)

കേരളത്തിൽ കുളമ്പുരോഗം ക്രമാതീതമായി വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് 22.06.2021-ലെ സമിതി യോഗം ആവശ്യപ്പെട്ട റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയത് പരിഗണിക്കവേ കശാപ്പിനായി ദിവസേന

സംസ്ഥാനത്തെത്തുന്ന ആയിരത്തോളം കന്നുകാലികളുടെ ആരോഗ്യ പരിശോധന നടത്തുന്നതിനായി 19 ചെക്ക് പോസ്റ്റുകളിലും നടപടി കർശനമാക്കിയിട്ടുണ്ടെന്നും തെന്മല, ഇരിട്ടി, മട്ടത്ത്കാട് എന്നീ ചെക്ക് പോസ്റ്റുകളിൽ പ്രീ ഫാബ് നിർമ്മിക്കാൻ സാധിച്ചിട്ടുണ്ടെന്നും 2020-21 മുതൽ കന്നുകാലികളുടെ രോഗബാധ കണ്ടുപിടിക്കുന്നതിന് സ്പോട്ട് ടെസ്റ്റ് നടത്തുന്നുണ്ടെന്നും വാളയാർ, കോഴിപ്പാറ, കുമളി എന്നീ ചെക്ക് പോസ്റ്റുകൾ ചരക്ക് സേവന നികുതി വകുപ്പിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രവർത്തനങ്ങൾ കുറച്ചുകൂടി ശാക്തീകരിക്കുന്നതിനായി കൂടുതൽ മനുഷ്യശേഷി ആവശ്യമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## IV. സമിതിയിൽ സമർപ്പിച്ച കാലതാമസ പത്രികകൾ

വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് താഴെപറയുന്ന കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു.

(ഫയൽ നം. 1863/സബ്.സി.സി2/2021/നി.സെ.)

| | | |
|---|---|---|
| 1 | കേരള അഗ്രോ- മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 |
| 2 | സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ | 2020-21 |

## V. സാധൂകരിച്ച SRO

കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച്.

(ഫയൽ നം. 5641/സബ്.സി.സി2/2014/നി.സെ.)

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലേക്കുള്ള യോഗ്യതായി മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശിച്ചതും സമിതി അംഗീകരിച്ചതും പ്ലസ് ടു പാസ്സും കേരള വെറ്ററിനറി യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ, ഡയറി ഡിപ്ലോമ പ്രോഗ്രാം, ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് എന്നിവയിൽ ഏതെങ്കിലും ഒരു കോഴ്സും ആയിരുന്നു വെന്നും എന്നാൽ സ്പെഷ്യൽ റൂൾ അംഗീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചപ്പോൾ ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് മാത്രമാണ് രോഗനിർണ്ണയത്തിനുള്ള കോഴ്സ് എന്ന്

കണ്ടെത്തിയതിനെ തുടർന്ന് ആയത് മാത്രം ഉൾപ്പെടുത്തിക്കൊണ്ട് സാധൂകരണത്തിനായി മൃഗസംരക്ഷണ വകുപ്പ് SRO ഇറക്കിയിരിക്കുകയാണെന്നും തുടക്കത്തിൽ ഉൾപ്പെടുത്തിയിരുന്ന മൂന്ന് കോഴ്സുകളിൽ രണ്ടെണ്ണം ഒഴിവാക്കി SRO ഇറക്കുകയാണെങ്കിൽ ആയതിന് സമിതിക്ക് ഒരു വിശദീകരണക്കുറിപ്പ് നൽകണമായിരുന്നെന്നും സമിതി ആയത് അംഗീകരിച്ചതിനു ശേഷം മാത്രമായിരുന്നു SRO ഇറക്കേണ്ടിയിരുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. മുൻപുണ്ടായിരുന്ന യോഗ്യതകൾ പര്യാപ്തമല്ലെന്നും അധിക യോഗ്യതകൾ വേണമെന്നും വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സമിതി അന്ന് പ്രസ്തുത കോഴ്സുകൾ അംഗീകരിച്ചതെന്നും എന്നാൽ രണ്ട് യോഗ്യതകൾ ഒഴിവാക്കിയ സ്ഥിതിക്ക് ആയത് സംബന്ധിച്ച് ഒരു വിശദമായ റിപ്പോർട്ട് നൽകേണ്ടതായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. മുമ്പ് അംഗീകരിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പഴയ റൂൾസ് പി.എസ്.സി. യുടെ അംഗീകാരത്തിനായി അയച്ചിട്ടില്ലെന്ന് മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. സമിതിയുടെ അനുവാദമില്ലാതെ SRO പ്രസിദ്ധീകരിച്ചത് സമിതിയോടുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തി. തുടക്കത്തിൽ സമിതി അംഗീകരിച്ച മൂന്ന് കോഴ്സുകളിൽ രണ്ടെണ്ണം ഒഴിവാക്കിയത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് അടിയന്തരമായി വിശദീകരണം ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ SRO സമിതി സാധൂകരിച്ചു.

## VI. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

ജോയിന്റ് സെക്രട്ടറി തലത്തിലുള്ള അർദ്ധ ഔദ്യോഗിക കത്ത് അയച്ചതിനു ശേഷവും സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്ത 4 ഫയലുകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത ഫയലുകളിലെ

വിഷയം സംബന്ധിച്ച് കൃഷി വകുപ്പ് വൈകി ലഭ്യമാക്കിയ മറുപടികൾ സമിതി പരിഗണിച്ചു.

1. നെല്ല് വികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക്ക് അഗ്രികൾച്ചർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, 'നിറവ്' കാർഷിക വികസനത്തിനുള്ള സമഗ്രപദ്ധതി എന്നീ വിഷയങ്ങൾ സംബന്ധിച്ച ചട്ടം 235(i) (iii) പ്രകാരമുള്ള പ്രത്യേക റിപ്പോർട്ട്.

(ഫയൽ നമ്പർ 1069/സബ്.സി.സി2/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 1-ലെ ശിപാർശയിന്മേൽ കൃഷി (പ്ലാനിംഗ് -എ) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച ചട്ടം 235 (i) (iii) പ്രകാരമുള്ള പ്രത്യേക റിപ്പോർട്ട്.

(ഫയൽ നമ്പർ 1070/സബ്.സി.സി2/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ കൃഷി (ഇ.എ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 4 മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കൃഷി (ഇ.ബി), കൃഷി (പി.ബി) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ ഖണ്ഡിക 11 മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കൃഷി (ഐ.എഫ്.എ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 6, 9, 11 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി അംഗീകരിച്ചു.

3. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് 2-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 2076/സബ്.സി.സി2/2017/നി.സെ.)

2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 5-ലെ ശിപാർശയിന്മേൽ കൃഷി (പി.യു) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. പ്രസ്തുത സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക കൂടി ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

4. 2017-18 സാമ്പത്തിക വർഷത്തിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട 2575, 4402, 4415, 4575, 6402, 6572 എന്നീ ശീർഷകങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച്.

(ഫയൽ നമ്പർ: 429/സബ്.സി.സി2/2018/നി.സെ.)

2017-18 സാമ്പത്തിക വർഷത്തിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട 2575, 4402, 4415, 4575, 6402, 6572 എന്നീ ശീർഷകങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ ബഹു. വകുപ്പ് മന്ത്രി ഒപ്പിട്ട രണ്ട് പകർപ്പുകൾ കൂടി ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

യോഗം രാത്രി 8.50-ന് പിരിഞ്ഞു.

## 02.11.2022-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2022 നവംബർ 2-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്. ഒഫിഷ്യോ അംഗങ്ങളായ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹിമാനും വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം**

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. ബി. അശോക്, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീ. എബ്രഹാം റെൻ, സ്പെഷ്യൽ കമ്മീഷണർ, ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ്
3. ശ്രീ. അബ്ദുൾ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. സഹീർ ബാനു, അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
6. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
7. ശ്രീ. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
8. ശ്രീമതി കെ. ബി. അനിതകുമാരി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
9. ശ്രീമതി എസ്. മീര, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
10. ശ്രീ. ജോർജ്ജ് ഫിലിപ്പ്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
11. ശ്രീ. ആർ. സുനിൽകുമാർ, അഡീഷണൽ ഡയറക്ടർ, ഡയറ്ക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ
12. ഡോ. റോയ് രാജ്, അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
13. ശ്രീമതി വി.പി. പ്രിയ, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
14. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്
15. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
16. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
17. ഡോ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ആനിമൽ ഹസ്ബൻഡറി

18. ഡോ. ബാല്യ ഭാസ്കർ, ഡെപ്യൂട്ടി ജനറൽ മാനേജർ (എ.എച്ച്), കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

19. ഡോ. ജോതിഷ് കുമാർ വി., ഡെപ്യൂട്ടി ജനറൽ മാനേജർ (എഫ്.ഡി), കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

20. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

21. ശ്രീ. എൻ.ജി. സുധീർ, മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്

22. ശ്രീമതി ജെ. ഷമീന, അസിസ്റ്റന്റ് മാനേജർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

23. ശ്രീ. ഡി. രാജീവ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ആനിമൽ ഹസ്ബൻഡറി

24. ശ്രീമതി ബി. ശ്രീജ, ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ

സമിതി, 'കാർഷിക ഉത്പന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ 29.12.2021-ന് നടത്തിയ ചർച്ചയുടെ തുടർനടപടി റിപ്പോർട്ട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസ പത്രികകൾ, നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തതിനെ തുടർന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നിശ്ചയിച്ചിരുന്ന ഫയലുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I <u>'കാർഷിക ഉത്പന്നങ്ങളുടെ വിതരണം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ ചട്ടം 235(എ) പ്രകാരം 29.12.2021-ന് നടത്തിയ ചർച്ചയുടെ തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>.

<u>(ഫയൽ നമ്പർ 19920/സബ്.സി.സി2/2021/നി.സെ.)</u>

കാർഷിക ഉത്പന്നങ്ങളുടെ വിതരണം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ ചട്ടം 235(എ) പ്രകാരം 29.12.2021-ന് നടത്തിയ ചർച്ചയുടെ തുടർനടപടി റിപ്പോർട്ട് കൃഷി (എൻ.സി.എ) വകുപ്പിൽ നിന്നും ലഭ്യമാക്കിയത് സമിതി പരിഗണിക്കുകയുണ്ടായി. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പറ്റാത്ത സാഹചര്യവും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതിരിക്കുന്ന സാഹചര്യവും ഉണ്ടെന്ന പ്രസ്തുത റിപ്പോർട്ടിലെ പരാമർശത്തോട് യോജിക്കാൻ കഴിയില്ലെന്നും കാർഷിക മേഖലയിലെ സംവിധാനങ്ങളുടെ അപര്യാപ്തത കാരണം കാര്യങ്ങൾ ഫലപ്രദമായും വേഗത്തിലും നടപ്പിലാകുന്നില്ലെന്നും എല്ലാ മേഖലയിലും ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും കർഷകർക്ക് മാത്രം അർഹമായ വേതനം ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിന് ആയത് സംബന്ധിച്ച മന്ത്രിസഭാ തീരുമാനം കൈക്കൊണ്ടിട്ട് ഒരു മാസമേ ആയിട്ടുള്ളൂവെന്നും ആയതിനായുള്ള ഉദ്യോഗസ്ഥ സംവിധാനം രൂപീകരിക്കാനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണെന്നും ആയതിൽ ഒരു സ്റ്റേറ്റ് കോ-ഓർഡിനേറ്ററെയും സി.ഇ.ഒ. യെയും നിയമിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്നും വിവിധ വകുപ്പുമന്ത്രിമാർ അതിൽ അംഗങ്ങളാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കാൻ മൂല്യവർദ്ധിത കാർഷിക മിഷനിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കാനും അതിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വിവിധ തലങ്ങളിൽ എത്തിക്കാനുമുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ടെന്നും കേരള അഗ്രിടെക് ഫെസിലിറ്റേഷൻ സെന്റർ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) എന്നീ ക്ലസ്റ്ററുകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ സംവിധാനമൊരുക്കുന്നതെന്നും കൃഷിക്കൂട്ടം വഴിയാണ് പ്രാഥമികമായി ഇവ നടപ്പിലാക്കുന്നതെന്നും കൃഷിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കൃഷിക്കൂട്ടങ്ങൾ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

നാളികേര വികസനത്തിനു വേണ്ടി നാളികേര വികസന ബോർഡ് ത്രിതല സംവിധാനമുണ്ടാക്കുകയും 29 കമ്പനികൾ കർഷകരുടെ കയ്യിൽ നിന്നും നാളികേരം വാങ്ങി ഉൽപ്പന്നങ്ങളുണ്ടാക്കി വിൽക്കാൻ തീരുമാനിക്കുകയും ചെയ്തുവെങ്കിലും ഒരു കമ്പനി പോലും നാളികേരം വാങ്ങുകയോ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിൽപ്പന നടത്തുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടില്ലെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളെക്കുറിച്ച് സമിതിയംഗം ആരാഞ്ഞതിന് കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് നിരവധി മാർഗ്ഗങ്ങൾ പരീക്ഷിച്ചിരുന്നുവെന്നും കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആകുമ്പോഴാണ് കർഷകർക്ക് നല്ല വില ലഭിക്കുന്നതെന്നും എന്നാൽ കൃഷിക്കാരന് ഇതിന്റെ നേട്ടമുണ്ടാകുന്നില്ലെന്നും അതുകൊണ്ടാണ് കർഷകരെ സഹായിക്കുന്നതിനായി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, സഹകരണം, ജലസേചനം, വൈദ്യുതി, സിവിൽ സപ്ലൈസ്, ധനകാര്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു മിഷൻ രൂപീകരിച്ച് ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചതെന്നും മൂല്യവർദ്ധിത കാർഷിക മിഷൻ കേരളത്തിൽ രൂപീകൃതമായിക്കഴിഞ്ഞെന്നും ഓരോ മേഖല കേന്ദ്രീകരിച്ചും ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളെ കർഷകരുടെ കൂട്ടായ്മ മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാമെന്നും സമിതി ചെയർമാൻ വെളിപ്പെടുത്തി. 'ഒരു കൃഷിഭവൻ ഒരു മൂല്യവർദ്ധിത ഉൽപ്പന്നം' എന്ന നിലയിലേക്ക് എത്തിക്കാനാണ് ആലോചിക്കുന്നതെന്നും വ്യവസായ വകുപ്പും അതിനാവശ്യമായ നീക്കങ്ങൾ നടത്തുന്നുണ്ടെന്നും സഹകരണ സ്ഥാപനങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും കൃഷിക്കാർക്ക് അതിന്റെ ആനുകൂല്യം കൂടുതലായി ലഭ്യമാകണമെങ്കിൽ സാങ്കേതിക സഹായവും യന്ത്രങ്ങളുടെ സഹായവും ആവശ്യമുണ്ടെന്നും ഇതിനാവശ്യമായ പദ്ധതികൾക്കായി ലോകബാങ്കിനോട് സഹായം അഭ്യർത്ഥിക്കുകയും 1400 കോടി രൂപയുടെ അന്തിമ അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും അതിൽ 842 കോടി രൂപ സംസ്ഥാനം നൽകണമെന്നും 2206 കോടി രൂപയുടെ സഹായമാണ് മൂല്യവർദ്ധിത കാർഷിക മിഷനുമായി ബന്ധപ്പെട്ട് ലഭിക്കാൻ പോകുന്നതെന്നും കൃഷിക്കാർക്കു കൂടി പങ്കാളിത്തമുള്ള 'കാപ്കോ' എന്ന കമ്പനി 2023 ജനുവരിയിൽ യാഥാർത്ഥ്യമാകുമെന്നും അതിലൂടെ ഉല്പന്നം നാട്ടിലും വിദേശത്തും വിപണനം

ചെയ്യാനുതകുന്ന തരത്തിലുള്ള സംവിധാനം രൂപം കൊള്ളാൻ പോകുകയാണെന്നും സമിതി ചെയർമാൻ കൂട്ടിച്ചേർത്തു.

നിലവിൽ നാളികേര സംഭരണം എങ്ങനെയാണ് നടത്തുന്നതെന്ന് സമിതിയംഗം ആരാഞ്ഞതിന് നാളികേര സംഭരണത്തിന് കേന്ദ്രസർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സഹകരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതെന്നും നിലവിൽ മാർക്കറ്റ്ഫെഡിനെയും കേരഫെഡിനെയുമാണ് കൊപ്ര സംഭരണത്തിന്റെ ഏജൻസിയായി കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും സഹകരണ സ്ഥാപനങ്ങൾ വഴി കൊപ്ര ഏറ്റെടുത്തതിന് ശേഷമാണ് അവർക്ക് നൽകേണ്ടതെന്നും ആയതിന് സംഘങ്ങളെ തെരഞ്ഞെടുക്കാൻ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിക്കുകയും സംഘങ്ങളെ തെരഞ്ഞെടുത്തതിന് ശേഷം യോഗങ്ങൾ ചേരുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും ഡ്രയർ സംവിധാനവും ഉറപ്പാക്കിയിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു. വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങൾക്ക് പച്ചത്തേങ്ങ സംഭരിക്കാൻ അനുവാദം നൽകില്ലെന്ന നിലപാടിന്റെ ഭാഗമായി കേന്ദ്ര സഹായം ലഭ്യമാകാതെ വന്നപ്പോൾ സഹകരണ സ്ഥാപനങ്ങൾ വഴി നാളികേരം സംഭരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായെന്നും നിലവിൽ വി.എഫ്.പി.സി.കെ. മുഖേനയാണ് സംഭരണം ഏറ്റെടുത്തിരിക്കുന്നതെന്നും ചില സ്ഥലങ്ങളിൽ പ്രസ്തുത സെന്ററുകളുടെ എണ്ണം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നും കാസർഗോഡും തൃശ്ശൂരും സെന്ററുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മലപ്പുറത്തും കോഴിക്കോട്ടും പാലക്കാട്ടും സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ആവശ്യമുള്ള സ്ഥലങ്ങളിൽ വാഹനങ്ങൾ ഏർപ്പാടാക്കിക്കൊണ്ട് നാളികേരം സംഭരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും നിലവിൽ 32 രൂപ നിരക്കിലാണ് നാളികേരം സംഭരിക്കുന്നതെന്നും സമിതി ചെയർമാൻ കൂട്ടിച്ചേർത്തു.

പുതിയ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിന് മുമ്പ് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതുണ്ടെന്നും നാളികേര സംഭരണത്തിന് നിലവിൽ തുക വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് മുൻകാലങ്ങളിൽ 293 കേന്ദ്രങ്ങളിലൂടെ നാളികേരം സംഭരിക്കുകയും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും ചെയ്ത സാഹചര്യമുണ്ടായിരുന്നെന്നും ആറരക്കൊല്ലമായി

അത് നഷ്ടപ്പെട്ടിരിക്കുകയാണെന്നും നിലവിലെ സംഭരണ സംവിധാനം തുടങ്ങിയിട്ട് ആറ് മാസമേ ആയിട്ടുള്ളൂവെന്നും സമിതിയംഗം വ്യക്തമാക്കി. കേരളത്തിലെ കാർഷിക രംഗത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ ബന്ധപ്പെടുന്ന മേഖല നാളികേര കൃഷിയാണെന്നും നിലവിൽ തമിഴ്നാട്ടിൽ നിന്നും നാളികേരം കൊണ്ടുവന്നാണ് ഉപയോഗിക്കുന്നതെന്നും തമിഴ്നാട്ടിലെ കർഷകർക്കാണ് കേരഫെഡിന്റെ പ്രവർത്തനം മൂലം പ്രയോജനം ലഭിക്കുന്നതെന്നും നാളികേരത്തിന്റെ വില നിലവിൽ 50 രൂപയ്ക്ക് താഴെയാണെന്നും സമിതിയംഗം കൂട്ടിച്ചേർത്തു. ടെണ്ടർ നടപടികളിലൂടെ ഏജൻസികൾക്ക് എവിടെ നിന്നും നാളികേരം കൊണ്ടുവരാമെന്നും മുൻകാലങ്ങളിലും അപ്രകാരം ചെയ്തിരുന്നുവെന്നും കൊപ്ര സംഭരണത്തിന് സുതാര്യമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ സ്വീകരിക്കാറുണ്ടെന്നും എന്നാൽ സംസ്ഥാനത്തിന് പുറത്തു നിന്നുള്ള നാളികേരം ടെണ്ടർ നടപടികളിലൂടെ എടുക്കാൻ പാടില്ലെന്ന് സർക്കാരിന് നിഷ്കർഷിക്കാൻ കഴിയില്ലെന്നും സമിതി ചെയർമാൻ അറിയിച്ചു. 2012 മുതൽ തമിഴ്നാട്ടിൽ നിന്നും നാളികേരം കൊണ്ട് വരുന്നത് തടയാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നും കേരഫെഡിന് ആവശ്യമുള്ള നാളികേരം കേരളത്തിലെ കൃഷിഭവനുകൾ മുഖേന ലഭ്യമാക്കിയിരുന്നുവെന്നും സമിതിയംഗം വെളിപ്പെടുത്തിയതിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള നാളികേരം കേരളത്തിലെ കൃഷി ഭവനുകൾ വഴി സംഭരിച്ചതിൽ ക്രമക്കേടുകളുണ്ടായതുമായി ബന്ധപ്പെട്ട് നിരവധി വിജിലൻസ് കേസുകൾ ഉണ്ടായിട്ടുണ്ടെന്നും നാളികേരസംഭരണം സുതാര്യമായി നടത്തുന്നതിനുവേണ്ടിയാണ് സ്ഥലവിസ്തൃതി, നാളികേരത്തിന്റെ എണ്ണം എന്നിവ കണക്കാക്കിയതെന്നും നിലവിൽ നാളികേരത്തിന്റെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

കാർഷികമേഖലയുടെ നിലവിലെ അവസ്ഥ പരിതാപകരമാണെന്നും കൃത്യ സമയത്ത് നെല്ല് സംഭരിക്കാൻ കഴിയാത്തതിനാൽ പകുതിയിൽ കൂടുതൽ നെല്ലും സ്വകാര്യമേഖലയ്ക്ക് വിൽക്കേണ്ടി വന്നുവെന്നും ബാക്കിയുള്ളത് ഉണങ്ങി തൂക്കം കുറയുകയും മഴപെയ്ത് മുളയ്ക്കുകയും ചെയ്തുവെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. എന്നാൽ പകുതിയിൽ കൂടുതൽ നെല്ല് സ്വകാര്യമേഖലയ്ക്ക് നൽകിയിട്ടില്ലെന്ന് സമിതി ചെയർമാൻ വ്യക്തമാക്കി.

കേരളത്തിൽ മുന്നൂറിലധികം കേരഗ്രാമങ്ങളുണ്ടെന്ന് നിരീക്ഷിച്ച സമിതി കേരഗ്രാമപദ്ധതിക്കായി അനുവദിക്കുന്ന 26 ലക്ഷം രൂപ അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കണമെന്നും സംസ്ഥാനത്തിന്റെ വടക്കുഭാഗങ്ങളിൽ നാളികേരകൃഷി വ്യാപിപ്പിക്കുന്നതിന് തുക അനുവദിക്കണമെന്നും അഭിപ്രായപ്പെട്ടു. നാളികേര ഉൽപ്പാദന സംഘങ്ങൾ വഴി നാളികേരം സംഭരിക്കുന്നതിനും അവരിൽ നിന്നും കൃഷി വകുപ്പ് നാളികേരം വാങ്ങുകയും ചെയ്യുന്നത് പരിഗണിക്കണമെന്ന് സമിതി നിരീക്ഷിച്ചു. ഒരു ക്വിന്റൽ നാളികേരം സംഭരിക്കുന്നതിന് നൽകുന്ന സർവ്വീസ് ചാർജ്ജ് 5 രൂപയിൽ നിന്ന് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് കൃഷി (എൻ.സി.എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി ചുവടെചേർത്തിരിക്കുന്ന വിശദാംശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

*കൃഷിയുമായി ബന്ധപ്പെട്ട് ഓരോ മേഖലയിലും നടപ്പാക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട്

*കാപ്കോയുടെ വിശദവിവരങ്ങൾ

*അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുമായി ബന്ധപ്പെട്ട് ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ട് എത്ര തുക ലഭിച്ചുവെന്നതിന്റെ വിശദാംശം

*എ.ഐ.എഫ് പദ്ധതി കോൾഡ് സ്റ്റോറേജുമായി ബന്ധപ്പെടുത്തിയുള്ള വിശദാംശം.

*കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ 19 ശീതീകരണ വാഹനങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകിയതിന്റെ വിശദാംശം.

*e-nam മാർക്കറ്റുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ, ഓരോ സീസണുമായി ബന്ധപ്പെട്ട് എത്ര മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട് എന്നിവ സംബന്ധിച്ച വിശദാംശം.

*കൃഷിയിടാധിഷ്ഠിത വിള ആസൂത്രണം സംബന്ധിച്ച് ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കുക .

*കേരളത്തിലെ 1076 കൃഷിഭവനുകളിൽ എത്രയെണ്ണത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആയിട്ടുണ്ടെന്നും എത്രയെണ്ണം മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങിയിട്ടുണ്ടെന്നതും സംബന്ധിച്ച വിശദാംശം

*കേരഗ്രാമവുമായി ബന്ധപ്പെട്ട് എത്രയിടങ്ങളിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കായി കേര സമിതി രൂപീകരിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ.

II സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതി പരിഗണിച്ചു.

1. <u>2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട് തുടർ നടപടി സംബന്ധിച്ച്</u>

(ഫയൽ നമ്പർ . 12385/സബ്.സി.സി2/2021/നി.സെ)

കൃഷി (പ്ലാനിംഗ് എ) വകുപ്പിൽ നിന്നും 3, 8, 9, 10, 12, 13, 14, 17, 23, 24, 25, 27, 30, 31, 34, 39, 40, 41 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ മേൽ സൂചിപ്പിച്ച 18 ശിപാർശകളിൽ 5 എണ്ണത്തിൽ മാത്രമേ അധിക തുക അനുവദിച്ചിട്ടുള്ളുവെന്നും ബാക്കി പതിമൂന്ന് ശിപാർശകളിൽ തുക അനുവദിച്ചിട്ടില്ലെന്നും കൃഷിവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത ശീർഷകങ്ങളിൽ അധികമായി തുക അനുവദിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഒരു ഹെഡ് ഓഫ് അക്കൗണ്ടിലെ തുക പൂർണ്ണമായി ചെലവഴിച്ചതിനുശേഷമാണ് അധിക തുക അനുവദിക്കുന്നതെന്നും ഈ വർഷത്തെ കണക്കനുസരിച്ച് ഖണ്ഡിക 3 ൽ സൂചിപ്പിച്ചിരിക്കുന്ന ശീർഷകത്തിൽ 1.74 കോടി രൂപ ബാക്കിയുണ്ടെന്നും ബാലൻസ് തുകയില്ലെങ്കിൽ മാത്രമേ അഡീഷണൽ ഓതറൈസേഷൻ വഴി തുക അനുവദിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. അഡീഷണൽ ഓതറൈസേഷൻ ആവശ്യപ്പെടുമ്പോൾ ഹെഡ് ഓഫ് അക്കൗണ്ടിൽ ചെറിയ തുക ബാക്കി ഉണ്ടെങ്കിൽ പോലും അത് മുഴുവൻ ചെലവഴിച്ചതിനു ശേഷം ആവശ്യപ്പെടാനാണ് ധനകാര്യ വകുപ്പിൽ നിന്നും അറിയിക്കുന്നതെന്നും എന്നാൽ പദ്ധതി നടപ്പാക്കാൻ കഴിയാതെ വരുമ്പോഴാണ് ഉപധനാഭ്യർത്ഥന വഴി അധികതുക അനുവദിക്കണമെന്ന്

അപേക്ഷിക്കുന്നതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. അധിക തുക അനുവദിക്കാത്ത എല്ലാ ഹെഡ് ഓഫ് അക്കൗണ്ടിലും ബാലൻസ് തുകയുണ്ടെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. ധനകാര്യവകുപ്പിന്റെ ടോട്ടൽ റിസോഴ്സ് അലോക്കേഷൻ അനുസരിച്ചുമാത്രമേ അധിക തുക അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. അധിക തുക അുവദിക്കപ്പെട്ടിട്ടില്ലാത്ത ശിപാർശകളിൽ അടിയന്തിരമായി തുക ആവശ്യമുള്ളവ വീണ്ടും ആവശ്യപ്പെടാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി അറിയിച്ചു.

കൃഷി (എൻ. സി. എ) വകുപ്പിൽ നിന്നും 1, 35, 36, 46, എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

2.<u>2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് 4-ാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച്</u>

<u>(ഫയൽ നമ്പർ. 3054/ സബ് സി സി2/2019/നി.സെ)</u>

പ്രസ്തുത റിപ്പോർട്ടിലെ 30, 35, 36 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കൃഷി (ഐ.എഫ്.എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

3. <u>2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട് തുടർ നടപടി സംബന്ധിച്ച്</u>

<u>(ഫയൽ നമ്പർ. 2076/ സബ്. സി. സി2/ 2017/നി.സെ.)</u>

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 5-ലെ ശിപാർശയിന്മേലുള്ള കാലതാമസപത്രിക സമിതി അംഗീകരിച്ചു.

4. <u>2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന 22.06.2021-ലെ സമിതിയോഗത്തിൽ കേരളത്തിൽ കുഷ്ഠരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി നൽകിയ നിർദ്ദേശത്തിന്മേൽ നികുതി വകുപ്പ് സ്വീകരിച്ച നടപടി റിപ്പോർട്ട്.</u>

<u>(ഫയൽ നമ്പർ. 10783/സബ്. സി. സി2/2021/നി.സെ)</u>

നികുതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ചു.

ജി. എസ്. ടി നടപ്പിലാക്കിയതിനുശേഷം ചരക്കുസേവന നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ അവ മൃഗസംരക്ഷണ വകുപ്പിന് കൈമാറുന്ന കാര്യം പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അവിടെ ഇപ്പോഴും ജി.എസ്.ടി. യുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്ന് ജി.എസ്.ടി സ്പെഷ്യൽ കമ്മീഷണർ അറിയിച്ചു. കൂടാതെ ജി.എസ്.ടി വകുപ്പിലൂടെ നടപ്പിലാക്കിയിട്ടുള്ള ഓട്ടോമാറ്റിക് നമ്പർപ്ലേറ്റ് റെക്കഗ്നീഷൻ സംവിധാനത്തിന്റെ കമാൻഡിംഗ് കൺട്രോൾ സെന്റർ, വാളയാർ, അമരവിള, മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ആയതിനാലും ഇന്റലിജൻസ് സ്ക്വാഡ് വിഭാഗത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നതിനാലും പ്രസ്തുത പോസ്റ്റുകളിൽ വാഹനങ്ങൾ തുറന്ന് പരിശോധിക്കുന്നതിനും അതിനകത്ത് കയറുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളതിനാൽ സ്ക്വാഡുകൾ വാഹനം പരിശോധിക്കുന്നത് അവിടെ വച്ചാണെന്നും അതുകൊണ്ട് മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുന്നത് ഗുണകരമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മൃഗസംരക്ഷണ വകുപ്പിന് 19 ചെക്ക് പോസ്റ്റുകളുള്ളതിൽ മൂന്നെണ്ണത്തിന് ജി.എസ്.ടി വകുപ്പിന്റെ സ്ഥലം ലഭിച്ചിട്ടുണ്ടെന്നും ആറ് ചെക്ക് പോസ്റ്റുകൾക്കുകൂടി സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾക്കടുത്ത് ജി.എസ്.ടി വകുപ്പിന്റെ ഒഴിഞ്ഞ കെട്ടിടങ്ങളുണ്ടെന്നും മറ്റൊരു സംവിധാനം ലഭിക്കുന്നതുവരെ താൽക്കാലികമായി ചെക്ക് പോസ്റ്റുകൾ ഉപയോഗിക്കാനുള്ള അനുമതിയാണ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും സംസ്ഥാനത്ത് പന്നിപ്പനിയും പക്ഷിപ്പനിയും നിലനിൽക്കുന്നത് കൊണ്ട് ചെക്ക് പോസ്റ്റുകളെല്ലാം ശക്തിപ്പെടുത്തുകയാണെന്നും The Prevention and Control of Infectious and Contagious Diseases in Animals Act സംസ്ഥാനത്ത് നടപ്പാക്കിയ സാഹചര്യത്തിൽ ചെക്ക് പോസ്റ്റുകളിൽ ആരോഗ്യ പരിശോധനയ്ക്കായി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തേണ്ടത് അനിവാര്യമായിരിക്കുകയാണെന്നും ഏറ്റവും കൂടുതൽ മൂവ്മെന്റുള്ള സ്ഥലത്തെങ്കിലും ജി.എസ്.ടി വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ അനുവദിക്കണമെന്നും മൃഗസംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. കന്നുകാലികളുടെ പരിശോധന നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണത്തിലും അടിസ്ഥാന സൗകര്യത്തിലും പരിമിതികളുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം വെളിപ്പെടുത്തി.

മൃഗസംരക്ഷണ വകുപ്പിന് പത്തൊമ്പത് പരിശോധനാ കേന്ദ്രങ്ങളുള്ളതിൽ രണ്ടെണ്ണത്തിൽ മാത്രമേ നിലവിൽ വെറ്ററിനറി ഡോക്ടർമാർ ഉള്ളൂവെന്നും ബാക്കിയുള്ളിടത്ത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് ഉള്ളതെന്നും നിരീക്ഷിച്ച സമിതി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ജീവനക്കാരുടെ കുറവും പരിഹരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

ചെക്ക് പോസ്റ്റുകൾ വിട്ടുതന്നാൽ രണ്ട് കാര്യങ്ങളും പരിഹരിക്കാൻ കഴിയുമെന്നും പുറത്തുനിന്നും ഡോക്ടർമാരെ അവിടേയ്ക്ക് നിയോഗിക്കാൻ സാധിക്കുമെന്നും ഇത്രയുമധികം ജി.എസ്.ടി കേന്ദ്രങ്ങൾ ഒഴിഞ്ഞുകിടന്നിട്ടും അത് വിട്ടുതരാൻ ജി.എസ്.ടി. വകുപ്പ് തയ്യാറാകുന്നില്ലെന്നും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി അറിയിച്ചു.

മൃഗസംരക്ഷണ വകുപ്പിന് നേരിട്ട് ഭൂമി കൈമാറ്റം ചെയ്യുന്നതിന് പകരം ചെക്ക് പോസ്റ്റുകൾ ഉപയോഗിക്കാൻ വേണ്ടിയുള്ള അനുമതി നൽകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ, അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തണമെന്നും താൽക്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിച്ച് ക്വാറന്റൈൻ സെന്ററുകൾ ഫലപ്രദമാക്കുവാനും ജി.എസ്.ടി വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ താൽക്കാലികമായി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി വീണ്ടും ആവശ്യപ്പെടുന്നതിനും മൃഗസംരക്ഷണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ ശിപാർശ ചെയ്യുന്നതിനായി മന്ത്രിതലത്തിൽ യോഗം ചേരുന്നതിനായി ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

5. <u>കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും കാർഷിക സേവന കേന്ദ്രങ്ങളും സേവനവിതരണവും, മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച ചട്ടം 235(1)(iii) പ്രകാരമുള്ള റിപ്പോർട്ട്.</u>

<u>(ഫയൽ നമ്പർ: 1070/സബ്സി.സി2/2016/നിസെ)</u>

ഖണ്ഡിക II(1)-ലെ ശിപാർശയിന്മേൽ കൃഷി (പ്ലാനിംഗ്-എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. 2015-16-ൽ അനുവദിച്ച തുക വകുപ്പ് യഥാസമയം വിനിയോഗിച്ചില്ലെന്ന് നിരീക്ഷിച്ച സമിതി അനുവദിക്കുന്ന തുക

പൂർണ്ണമായി വിനിയോഗിക്കുന്ന കാര്യത്തിൽ ഗൗരവകരമായ ഇടപെടൽ നടത്തണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

III സമിതിയിൽ സമർപ്പിച്ച കാലതാമസപത്രിക

(ഫയൽ നമ്പർ: 576/സബ്സി.സി2/2022/നിസെ)

മൃഗസംരക്ഷണ വകുപ്പ് വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള ഫീഡ്സ് ലിമിറ്റഡ് എന്നിവയുടെ 2021-22 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുവാനുണ്ടായ കാലതാമസം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. താഴെപ്പറയുന്ന വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർ നടപടികൾ തീരുമാനിക്കുകയും ചെയ്തു.

1. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്-ഖണ്ഡിക 22-ലെ ശിപാർശയിന്മേൽ കൃഷി (പിയു) വകുപ്പിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ: 4699/സബ്സി.സി2/2015/നിസെ)

പഴവർഗ്ഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഘടകം എന്ന ശീർഷകത്തിൽ പ്രസ്തുത വർഷം പദ്ധതിയേതര ഇനത്തിലാണ് തുക വകയിരുത്തിയിരുന്നതെന്നും എന്നാൽ ഇത് ഉദ്യോഗസ്ഥരുടെ ശമ്പളം മാറി നൽകുന്നതിനാണ് വിനിയോഗിച്ചതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്ലാൻ, നോൺ-പ്ലാൻ ഹെഡുകൾ മാറി വരുന്നത് എന്തു കൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് വകുപ്പ് നൽകുന്നതിനനുസരിച്ച് പ്ലാനിംഗ് ബോർഡിൽ ചർച്ച ചെയ്തതിനുശേഷമാണ് പ്ലാനിൽ തുക വകയിരുത്തുന്നതെന്നും ശമ്പളം വരുന്നത് നോൺ പ്ലാനിലാണെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പഴവർഗങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി നോൺ-പ്ലാൻ ശീർഷകത്തിൽ വന്നതെന്ത് കൊണ്ടെന്നുള്ള സമിതിയുടെ ചോദ്യത്തിന് ബന്ധപ്പെട്ട വകുപ്പുകളാണ് ശീർഷകങ്ങൾ സംബന്ധിച്ച ചർച്ച നടത്തി പ്ലാനിംഗ് ബോർഡിൽ വച്ച് തീരുമാനമെടുക്കുന്നതെന്നും നോൺപ്ലാൻ ബജറ്റ് ധനകാര്യ വകുപ്പാണ് ചെയ്യുന്നതെന്നും

പ്ലാൻ ബജറ്റ് ചെയ്യുന്നത് പ്ലാനിംഗ് ബോർഡുമായുള്ള ചർച്ചയ്ക്ക് ശേഷമാണെന്നും ആയത് പ്ലാൻ ഹെഡിലേക്ക് മാറ്റാനുള്ള അപേക്ഷ നൽകിയാൽ പരിശോധിക്കാമെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട കാലതാമസപത്രിക അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു. സമിതിക്ക് മറുപടി ലഭ്യമാക്കാനുള്ള ഫയലുകളുടെ വിശദാംശം അടങ്ങിയ പെൻഡിംഗ് ലിസ്റ്റ് അടുത്ത യോഗത്തിനു മുമ്പായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

2. <u>പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗങ്ങളും സംബന്ധിച്ച ചട്ടം 235(എ) പ്രകാരമുള്ള റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള അധികവിവരം റവന്യൂ (പി) വകുപ്പിൽ നിന്നും ലഭ്യമാക്കാത്തത് സംബന്ധിച്ച്.</u>

(ഫയൽ നമ്പർ: 15381/സബ്സി.സി2/2010/നിസെ)

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് പുഴയുടെ അതിരുകൾ കയ്യേറിയതുൾപ്പെടെയുള്ള സ്ഥലങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സർവ്വെ സെൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും തുടർന്ന് സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടുകയും സർവ്വെ നമ്പർ രൂപീകരിക്കാനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ജില്ലാ കളക്ടർ ചെയർമാനായ 14 അംഗ കമ്മിറ്റി നിലവിൽ വരുന്നതോടെ സർവ്വെ സെല്ലിന്റെ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ നടത്താനാവുമെന്നും ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും ഇടപെടൽ ആവശ്യമാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.

## 05.12.2022-ലെ യോഗനടപടികുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2022 ഡിസംബർ മാസം 5-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം രാവിലെ 11.45 ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ.പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു.മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി, മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവർ ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ.അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ.കെ.പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
5. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
2. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബി. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
5. ഡോ. കെ. ലാലു, അസിസ്റ്റന്റ് പ്രൊഫസർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

സമിതി, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

വെറ്ററിനറി സർവ്വകലാശാലയിൽ ഇതുവരെ സ്പെഷ്യലൈസേഷൻ അടിസ്ഥാനമാക്കിയായിരുന്ന സംവരണ റോസ്റ്റർ നടപ്പിലാക്കിയിരുന്നതെന്നും എന്നാൽ അത്തരത്തിൽ സംവരണ റോസ്റ്റർ വരുമ്പോൾ ആദ്യം രണ്ടുമൂന്ന് പേരെ നിയമിച്ച് കഴിഞ്ഞാൽ പലപ്പോഴും പല സ്പെഷ്യലൈസേഷനിലേയ്ക്കുമുള്ള നിയമനങ്ങൾ അവസാനിക്കുന്നതായും ആദ്യം വരുന്ന ഓപ്പൺ മെറിറ്റ്, ഈഴവ, വീണ്ടും ഓപ്പൺ മെറിറ്റ്, മുസ്ലീം, പട്ടികജാതി എന്നിവ കഴിയുമ്പോഴേക്കും സെലക്ഷൻ ലഭിക്കേണ്ട ബാക്കിയുള്ളവർക്ക് ആയത് ലഭിക്കാതെ പോകുന്ന സാഹചര്യം സർവ്വകലാശാലയിലുള്ളതായും അത് ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശം അനുസരിച്ച് മുഴുവൻ ഒഴിവുകളും ഒറ്റ പൂൾ ആയിക്കരുതി, അക്ഷരമാലാ ക്രമത്തിൽ ഡിസിപ്ലിൻസ് അറേഞ്ച് ചെയ്തുകൊണ്ട് എല്ലാവർക്കും ഒരുപോലെ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണിതെന്നും കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ആമുഖമായി സമിതിയെ അറിയിച്ചു. സെക്ഷൻ 58-ൽ നിയമനങ്ങളുമായി ബന്ധപ്പെട്ട സംവരണത്തിന്റെ കാര്യത്തിൽ മാത്രം മാറ്റം വരുത്താൻ ഉദ്ദേശിച്ചുള്ളതാണ് ബില്ലിലെ ഭേദഗതിയെന്ന് സമിതി ചെയർമാൻ വ്യക്തമാക്കി.

സെക്ഷൻ 58-ൽ, വെറ്ററിനറി സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും നിയമനത്തിന്റെ കാര്യത്തിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും സർക്കാരിനുകീഴിലുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് നിലവിലുള്ള സംവരണ ചട്ടങ്ങൾ ബാധകമാകുന്നതാണെന്നുള്ള ഭേദഗതി മാത്രമേ വരുന്നുള്ളുവെന്നും ഈ രീതിയിൽ നിയമനങ്ങൾ വരുമ്പോൾ എല്ലാവർക്കും ഒരുപോലെ പ്രാതിനിധ്യം ലഭിക്കുമെന്നും മറ്റ് ചില യൂണിവേഴ്സിറ്റികളിൽ പ്രാവർത്തികമാക്കിയിട്ടുള്ള പ്രസ്തുത സംവരണതത്വം ഈ ഭേദഗതിയിലൂടെ വെറ്ററിനറി സർവ്വകലാശാലയിലും നടപ്പിൽ വരുന്നതാണെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി വിശദീകരിച്ചു.

സംവരണ വ്യവസ്ഥയിലെ ഏകീകരണത്തോട് യോജിക്കുന്നുണ്ടെങ്കിലും ബില്ലിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ നടപടികളുണ്ടെന്ന് അഭിപ്രായപ്പെട്ട ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ., ശ്രീ. കുറുക്കോളി മോയ്തീൻ, എം.എൽ.എ., ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാവിലെ 11.55-ന് അവസാനിച്ചു.

## 07.12.2022-ലെ സംയുക്ത യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, കൃഷിയും, മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ സംയുക്തമായി The University Laws (Amendment) (No. 2) Bill, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി 2022 ഡിസംബർ 7-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 6.20 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സന്നിഹിതരായിരുന്ന അദ്ധ്യക്ഷന്മാർ/എക്സ് ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡോ. ആർ. ബിന്ദു,
   ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി,
   എക്സ് ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VI.

2. ശ്രീ. പി. പ്രസാദ്,
   ബഹു. കൃഷി വകുപ്പുമന്ത്രി,
   അദ്ധ്യക്ഷൻ,
   സബ്ജക്ട് കമ്മിറ്റി I.

3. ശ്രീമതി ജെ. ചിഞ്ചുറാണി,
   ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി,
   എക്സ് ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി I.

4. ശ്രീ. വി. അബ്ദുറഹിമാൻ,
   ബഹു. മത്സ്യബന്ധനം-കായികം, വഖഫ്,
   ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി,
   എക്സ് ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി IX.

5. ശ്രീ. പി. രാജീവ്,
ബഹു. നിയമം, വ്യാവസായം, കയർ വകുപ്പുമന്ത്രി,
അദ്ധ്യക്ഷൻ,
സബ്ജക്ട് കമ്മിറ്റി IV (പ്രത്യേക ക്ഷണിതാവ്).

**ഹാജരായ അംഗങ്ങൾ**

**സബ്ജക്ട് കമ്മിറ്റി VI**

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. ടി. വി. ഇബ്രാഹിം
3. ശ്രീ. ടി. ഐ. മധുസൂദനൻ
4. ശ്രീ. മുഹമ്മദ് മുഹസിൻ
5. ശ്രീ. കെ. എം. സച്ചിൻദേവ്
6. ശ്രീ. ഷാഫി പറമ്പിൽ
7. ശ്രീ. എം. വിജിൻ

**സബ്ജക്ട് കമ്മിറ്റി I**

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. പി. പി. ചിത്തരഞ്ജൻ
3. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
4. ശ്രീ. കെ. പി. മോഹനൻ
5. ശ്രീ. കുറുക്കോളി മൊയ്തീൻ

**സബ്ജക്ട് കമ്മിറ്റി XII**

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. എ. പി. അനിൽകുമാർ
3. ശ്രീ. പി. കെ. ബഷീർ
4. ശ്രീമതി ദെലീമ
5. ശ്രീ. ജോബ് മൈക്കിൾ
6. ശ്രീമതി യു. പ്രതിഭ
7. ശ്രീമതി കെ. കെ. രമ
8. ഡോ. സുജിത് വിജയൻപിള്ള

## സബ്ജക്ട് കമ്മിറ്റി XIV

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. വി. ഡി. സതീശൻ
5. ശ്രീ. തോമസ് കെ. തോമസ്

## നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
4. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
5. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
7. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി
8. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

## ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി ഇഷിതാ റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
3. ശ്രീ. വി. ഹരിനായർ, സെക്രട്ടറി, നിയമ വകുപ്പ്.
4. ഡോ. ബി. അശോക്, സെക്രട്ടറി, കൃഷി വകുപ്പ്.
5. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, ഐ. ടി. വകുപ്പ്.
6. ഡോ. സജി ഗോപിനാഥൻ, വൈസ് ചാൻസലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി.
7. ശ്രീമതി ഷഹർബാനു, അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
8. ശ്രീ. സാദിഖ് എം. കെ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
9. കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, The University Laws (Amendment) (No. 2) Bill, 2022, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**I** **<u>The University Laws (Amendment) (No. 2) Bill, 2022</u>.**

**(File No. 21973/സബ്.സി.ഇ 1/2022/നി.സെ)**

The University Laws (Amendment) (No. 2) Bill, 2022-ലെ 2, 3, 4, 5, 6, 7, 8, 9 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ആയത് സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The University Laws (Amendment) (No. 2) Bill, 2022 അംഗീകരിക്കുകയും ചെയ്തു.

*Clause 2*

(i) In sub-clause (a) for item(1D) the following item shall be substituted,-

"(1D) The chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,-

"(b) in section 27, for sub-section (11), the following sub-section shall be substituted namely:-

(11) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties,".

*Clause 3*

(i) In sub-clause (a) for item(1D) the following item shall be substituted,-

"(1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b),the following sub-clause shall be substituted,-

"(b) in section 10, for sub-section (18), the following sub-section shall be substituted, namely:-

(18) in the event of a temporary vacancy occuring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.".

*Clause 4*

(i) In sub-clause (a) for item(1D) the following item shall be substituted,-

"(1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,-

"(b) in section 10, for sub-section (18), the following sub-section shall be substituted, namely:-

(18) In the event of a temporary vacancy occuring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.".

*Clause 5*

(i) In sub-clause (a) for item(1D) the following item shall be substituted,-

"(1D) The Chancellor may submit resignation in writing to the Government."

(ii) for sub-clause (b), the following sub-clause shall be substituted,-

"(b) in section 10, for sub-section (24), the following sub-section shall be substituted, namely:-

(24) in the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.”.

*Clause 6*

(i) In sub-clause (a) for item(1D) the following item shall be substituted,-

“(1D) The Chancellor may submit resignation in writing to the Government.”

(ii) for sub-clause (b), the following sub-clause shall be substituted,-

“(b) in section 24, for sub-section (6), the following sub-section shall be substituted, namely:-

(6) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.”.

*Clause 7*

(i) In sub-clause (a) for item(1D) the following item shall be substituted,-

“(1D) The Chancellor may submit resignation in writing to the Government.”

(ii) for sub-clause (b), the following sub-clause shall be substituted,-

“(b) in section 12, for sub-section (1), the following sub-section shall be substituted,-

(1) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-

Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.”.

*Clause 8*

(i) In sub-clause (a) for item(1D) the following item shall be substituted,-

“(1D) The Chancellor may submit resignation in writing to the Government.”

(ii) for sub-clause (b), the following sub-clause shall be substituted,-

“(b) in section 12, for sub-section (10), the following sub-section shall be substituted, namely:-

(10) In the event of a temporary vacancy occuring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.”.

*Clause 9*

(i) In sub-clause (a) for item(1D) the following item shall be substituted,-

“(1D) The Chancellor may submit resignation in writing to the Government.”

(ii) In sub-clause (b) for item (ii), the following item shall be substituted,-

“(ii) after sub-section (6), the following sub-section shall be substituted, namely:-

(6A) In the event of a temporary vacancy occurring in the office of the Vice-Chancellor, the Chancellor shall in consultation with the Pro-Chancellor, make necessary arrangements for exercising the powers and performing the duties of the Vice-Chancellor until the date on which the Vice-Chancellor resumes his duties.”.

വൈസ്-ചാൻസലർ ഒരു ദിവസം ലീവിൽ പോയാൽ സെർച്ച് കമ്മിറ്റി കൂടി ചാർജ് കൊടുക്കാൻ സാധിക്കില്ലെന്നും, അതിനാൽ വൈസ്-ചാൻസലറുടെ ഒഴിവ് വന്നാൽ ചാൻസലർ, പ്രോ-ചാൻസലറുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണം വരുത്തുന്നതാണ് പുതിയ മാറ്റമെന്ന് ചർച്ചാവേളയിൽ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതിവരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണെന്നും ഉള്ള ഭേദഗതി ഉൾപ്പെടുത്താവുന്നതാണെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി ഇതോടൊപ്പം കൂട്ടിച്ചേർത്തു.

ഓരോ സർവ്വകലാശാലയുടെയും സ്വഭാവത്തിലും ഘടനയിലും വ്യത്യാസമുണ്ടെന്നും, പ്രോ-വൈസ്-ചാൻസലർ ഇല്ലാത്തിടത്ത് വൈസ്-ചാൻസലർ മാറിക്കഴിഞ്ഞാൽ പ്രോ-വൈസ്-ചാൻസലർക്ക് ഉത്തരവാദിത്തം എന്ന് എഴുതിവച്ചിട്ട് കാര്യമില്ലെന്നും സർവ്വകലാശാല ആക്ടിൽ അങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ സാധിക്കില്ലല്ലോയെന്നും ബഹു. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചപ്പോൾ, അതാണ് മാറ്റിയതെന്നും മറ്റ് മൂന്ന് സർവ്വകലാശാലകളിൽ ഈ പ്രശ്നമുണ്ടെന്നും, സർക്കാരിന് രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് ചാൻസലർക്ക്, ഉദ്യോഗം രാജിവയ്ക്കാവുന്നതാണെന്ന രീതിയിൽ ഒരു ഭേദഗതി കൂടി വരുത്തിയിട്ടുണ്ടെന്നും ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മറുപടി നൽകി.

The University Laws (Amendment) (No. 2) Bill, 2022 ന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ. ടി. വി. ഇബ്രാഹിം, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, എ. പി. അനിൽകുമാർ, പി. കെ. ബഷീർ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

## II 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

**(ഫയൽ നം. 21973/സബ്.സി.ഇ 1/2022/നി.സെ)**

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലിലെ 2, 3, 4, 5, 6, 7 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതി നിർദ്ദേശിക്കുകയും ആയത് സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

### ഖണ്ഡം 2

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

" (ബി) 11-ാം വകുപ്പിൽ (16)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(16) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

### ഖണ്ഡം 3

(i) (എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

" (ബി) 33-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(11)വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

## <u>ഖണ്ഡം 4</u>

(i)(എ) ഉപഖണ്ഡത്തിൽ (1 <u>ഡി</u>) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 <u>ഡി</u>) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ii) (9-ാം ) ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്." .

## **<u>ഖണ്ഡം 5</u>**

(i)(എ) ഉപഖണ്ഡത്തിൽ (1 <u>ഡി</u>) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 <u>ഡി</u>) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ii) (7-ാം ) ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(7 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.'' .

## ഖണ്ഡം 6

(i)(എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിൽ (ii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

" (ii)(6-ാം ) ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.'' .

## ഖണ്ഡം 7

(i)(എ) ഉപഖണ്ഡത്തിൽ (1 ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്,-

" (1 ഡി)ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ് " .

(ii) (ബി) ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

" (ii) 11-ാം വകുപ്പിൽ (10-ാം ) ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക

ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.” .

പ്രസ്തുത ബില്ലിന്മേൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ. ടി. വി. ഇബ്രാഹിം, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 6.35 ന് പിരിഞ്ഞു.

## 08.12.2022-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2022 ഡിസംബർ മാസം 8-ാം തീയതി, വ്യാഴാഴ്ച സഭ പിരിഞ്ഞതിന് ശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കെ.പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ഷാജി സി. ബേബി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ എ. കൗശിഗൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.
2. ശ്രീ. സഹീർ ഭാനു, അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

3. ഡോ. ജിജിമോൻ ജോസഫ്, അഡീഷണൽ ഡയറക്ടർ, സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം, മൃഗസംരക്ഷണ വകുപ്പ്.
4. ശ്രീമതി പി.എൻ. ജയശ്രീ, അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
5. ഡോ. എം.ജി. അജിത്, വെറ്ററിനറി സർജൻ, സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം, മൃഗസംരക്ഷണ വകുപ്പ്.
6. ശ്രീ. ഡി. രാജീവ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ.

സമിതി മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട 'ഗോവർദ്ധിനി പദ്ധതി' സംബന്ധിച്ച് ചർച്ച നടത്തി. ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു.

1976-ൽ ആരംഭിച്ച 'ഗോവർദ്ധിനി പദ്ധതി' മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കന്നുകുട്ടി പരിപാലന പദ്ധതിയാണെന്നും പശുക്കുട്ടികളുടെ ശരിയായ പരിചരണത്തിലൂടെ പ്രത്യുൽപാദനക്ഷമതയും ഉൽപാദനക്ഷമതയും ക്രമേണ വർദ്ധിപ്പിച്ച് പാലുൽപാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യമെന്നും ഇതിൽ ഒരു കന്നുകുട്ടിക്ക് അനുവദിച്ചിട്ടുള്ള പദ്ധതി ചെലവായ 25000 രൂപയിൽ 50 ശതമാനം ഗുണഭോക്താവും 50 ശതമാനം സംസ്ഥാനവുമാണ് വഹിക്കുന്നതെന്നും തെരഞ്ഞെടുക്കപ്പെടുന്ന 4-6 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ സമീകൃത തീറ്റ, ധാതുലവണ മിശ്രിതം, വിരമരുന്ന് എന്നിവ നൽകുമെന്നും പദ്ധതി കാലയളവ് പരമാവധി 30 മാസവും ഇൻഷ്വറൻസ് പരിരക്ഷ 32 മാസവും വരെയാണെന്നും ബഹു. മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു.

എന്നാൽ നിലവിൽ കാലിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിച്ചതിനാൽ 32 മാസംവരെ പദ്ധതി തുടർന്നു കൊണ്ടുപോകാൻ പറ്റാത്ത അവസ്ഥയാണെന്നും വർഷങ്ങൾക്കു മുമ്പ് തുടങ്ങിയ പദ്ധതിയിൽ ഇതുവരെ ഒരു മാറ്റവും കൊണ്ടുവരാൻ സാധിച്ചിട്ടില്ലെന്നും 17 മാസം മാത്രമേ 'ഗോവർദ്ധിനി പദ്ധതി' നിലവിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇതിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്നും മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ് മന്ത്രി കൂട്ടിച്ചേർത്തു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന പശുക്കുട്ടികളിൽ നിന്ന് 4 മാസം വരെ പ്രായമുള്ളതും ആരോഗ്യമുള്ളതുമായ പശുക്കുട്ടികളെ തെരഞ്ഞെടുത്ത് സമീകൃതാഹാരം നൽകി വളർത്തിയെടുത്ത് 14 മാസത്തിനുള്ളിൽ പ്രായപൂർത്തിയാക്കി, 16

മാസത്തിനകം ഗർഭധാരണം, 26 മാസത്തിനകം ആദ്യ പ്രസവം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് പശുക്കുട്ടികൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനുതകുന്ന ശാസ്ത്രീയ പരിശീലനവും പ്രതിരോധ കുത്തിവയ്പുകളും നൽകുന്നുണ്ടെന്നും അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള കന്നുകുട്ടികളെ മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള ക്യാമ്പുകളിൽ വച്ച് പദ്ധതിയിലേയ്ക്ക് വരി ചേർത്ത് തിരിച്ചറിയൽ രേഖ നൽകുകയും തിരിച്ചറിയുന്നതിനായി ചെവിയിൽ കമ്മൽ ഘടിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും വരി ചേർത്തു കഴിഞ്ഞാൽ കൃത്യമായി ആനുകൂല്യങ്ങൾ ലഭിക്കുമെന്നും ഒരു മാസം 50-60Kg തീറ്റ കൊടുക്കുന്നതിന്റെ പകുതി തുക ഗുണഭോക്താവ് അടയ്ക്കണമെന്നും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി വിശദീകരിച്ചു. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പശുക്കുട്ടിയെ വളർത്തുന്നതിനുള്ള ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ടെന്നും ഒരു കർഷകന് രണ്ടു പശുക്കുട്ടികളെ രജിസ്റ്റർ ചെയ്യാമെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി അറിയിച്ചു.

പദ്ധതിയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും വരി ചേർക്കുമ്പോൾ പശുക്കുട്ടി ഒന്നിന് ചെലവാകുന്ന പ്രീമിയം തുകയായ 400 രൂപയിൽ 50 ശതമാനം ഗുണഭോക്താവ് നൽകണമെന്നും ഇൻഷ്വർ ചെയ്ത കന്നുകുട്ടി മരണപ്പെട്ടാൽ നിയമാനുസൃതമായി പ്രായമനുസരിച്ച് 6000 രൂപ മുതൽ 52800 രൂപവരെ നഷ്ടപരിഹാരം ലഭിക്കുമെന്നും കിടാരികൾക്ക് മതിയായ ചികിത്സയ്ക്കുശേഷം വന്ധ്യതയോ ഉൽപാദന നഷ്ടമോ ഉണ്ടായാൽ ഉരുവിന്റെ വിലയുടെ 75 ശതമാനം വരെ നഷ്ടപരിഹാരമായി ലഭിക്കുമെന്നും ഇതിനായി ചികിത്സാ രേഖകൾ, മരണപ്പെട്ടാൽ പോസ്റ്റ്മാർട്ടം റിപ്പോർട്ട്, തിരിച്ചറിയൽ കമ്മൽ എന്നിവയും ഹാജരാക്കേണ്ടതുണ്ടെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി യോഗത്തിൽ വ്യക്തമാക്കി.

നിലവിൽ തീറ്റയുടെ വില കിലോഗ്രാമിന് 30 രൂപയായി വർദ്ധിപ്പിക്കുകയും സബ്സിഡി തുക 12500 രൂപയായി നിലനിൽക്കുകയും ചെയ്യുന്നതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് സബ്സിഡി തുക മതിയാകാതെ വരികയും കന്നുകുട്ടിക്ക് ആവശ്യമായത്ര കാലയളവ് വരെ തീറ്റനൽകാൻ കഴിയാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്നതു മൂലം പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുമെന്നും ആയതിനാൽ സബ്സിഡി നിരക്ക് 25000 രൂപയായി വർദ്ധിപ്പിച്ചാൽ ഗോവർദ്ധിനി പദ്ധതി പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കാൻ സാധിക്കുമെന്ന്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

മൃഗസംരക്ഷണ വകുപ്പ് ഒരു വർഷം ചെലവഴിക്കുന്ന പ്ലാൻ ഫണ്ട് തുകയായ 150 കോടി രൂപയുടെ മൂന്നിലൊന്ന് ഭാഗം പ്രസ്തുത പദ്ധതിയ്ക്കാണെന്നും ഒരു വർഷം 5 ലക്ഷത്തോളം ബ്രീഡ് പശുക്കളിൽ നിന്നും 4 ലക്ഷം കന്നുകുട്ടികൾ ജനിക്കുന്നതിൽ 2 ലക്ഷം പശുക്കുട്ടികളാണെന്നും ഇവയെ രജിസ്റ്റർ ചെയ്ത് പോഷകാഹാരം കൊടുത്ത് വളർത്തിയെടുത്ത് കൃത്യമായ കാലയളവിനുള്ളിൽ (24-26 മാസം) പ്രസവിക്കുന്ന തരത്തിലാക്കിയാൽ മാത്രമേ പദ്ധതി ലാഭകരമായി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കുകയുള്ളൂവെന്നും മൃഗങ്ങൾ ഉൽപാദനമില്ലാതെ കൂടുതൽ ദിവസം നിന്നു കഴിഞ്ഞാൽ കാലാവസ്ഥാ ചെലവുകൂടി വഹിക്കേണ്ടി വരുമെന്നതിനാൽ എത്രയും വേഗം ഇവയെ ഉൽപാദന രീതിയിലേയ്ക്ക് കൊണ്ടുവരണമെന്നും 400 ദിവസത്തിലൊരിക്കലെങ്കിലും ഒരു കുട്ടിയെ ജനിപ്പിച്ച് മുന്നോട്ടു പോയാലെ ഈ മേഖല ലാഭകരമാകുകയുള്ളൂവെന്നും കന്നുകുട്ടികളെ ഉൽപാദിപ്പിച്ച് മുന്നോട്ടു കൊണ്ടു പോയില്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കന്നുകുട്ടികളെയും പശുക്കുട്ടികളെയും കൊണ്ടുവരേണ്ടി വരികയും അതു വഴി രോഗങ്ങൾ വരുകയും ചെയ്യുമെന്നും അതിനാൽ കന്നുകുട്ടികൾക്ക് നല്ല രീതിയിൽ പോഷകാഹാരം കൊടുത്ത് ആരോഗ്യമുള്ള പശുക്കളാക്കി മാറ്റിയെടുക്കേണ്ടത് ഈ മേഖലയുടെ വിജയകരമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചത് പദ്ധതിയെ ബാധിച്ചിട്ടുള്ളതിനാൽ 30 മാസം വരെ പരിപാലിക്കേണ്ട കാലയളവ് കുറച്ച് 16-19 മാസത്തിനകത്ത് നിർത്തുകയാണെന്നും വിജയിപ്പിക്കേണ്ട സമയത്ത് പദ്ധതി അവസാനിപ്പിക്കേണ്ട രീതിയിലാണ് നിലവിൽ മുന്നോട്ടു പോകുന്നതെന്നും അത് മാറ്റിയെടുക്കണമെങ്കിൽ സബ്സിഡി ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

2020-21 സാമ്പത്തിക വർഷത്തിൽ 35 കോടി രൂപ മുടക്കിയപ്പോൾ 42410 കന്നുകുട്ടികളെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ 41 കോടി രൂപ ചെലവഴിച്ചിട്ടും 21590 കന്നുകുട്ടികളെ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സമിതി നിരീക്ഷിച്ചു. ആയതിന് ഒരു വർഷത്തെ കണക്കിൽ

ആവർഷം രജിസ്റ്റർ ചെയ്യതും കഴിഞ്ഞ വർഷത്തെ ക്യാരി ഓവറും കൂടി ഉൾപ്പെടുമെന്നും കന്നുകുട്ടികളെ പരിപാലിക്കുന്ന കാലയളവ് 19 മാസമായതിനാൽ 12 മാസം കഴിയുമ്പോൾ തൊട്ടടുത്ത വർഷത്തേയ്ക്ക് വരുന്നതുകൊണ്ടാണ് ചെലവ് അങ്ങനെ തന്നെ നിലനിൽക്കുന്നതും രജിസ്റ്റർ ചെയ്യുന്നതിന്റെ എണ്ണത്തിൽ വ്യത്യാസം വരുന്നതെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ കാസർഗോഡും പത്തനംതിട്ടയിലും മുൻവർഷത്തെ അപേക്ഷിച്ച് രജിസ്ട്രേഷൻ കുറയാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് രണ്ട് വർഷമാണ് കന്നുകളെ പരിപാലിക്കുന്നതെന്നും ഒരു വർഷം എൻറോൾ ചെയ്ത പശുക്കുട്ടികൾക്കുള്ള തുകയുടെ രണ്ടാം ഗഡു തൊട്ടടുത്ത വർഷം നൽകേണ്ടി വരുമെന്നും ഫണ്ടിന്റെ കുറവ് കൊണ്ടാണ് രജിസ്ട്രേഷൻ കുറഞ്ഞു വരുന്നതെന്നും കൂടാതെ സർക്കിൾ ജില്ലയും നോൺ സർക്കിൾ ജില്ലയും തമ്മിലുള്ള വ്യത്യാസവും ഇതിന് കാരണമാകുമെന്നും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവ സർക്കിൾ ജില്ലകളും പത്തനംതിട്ട, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കാസർഗോഡ് എന്നിവ നോൺ-സർക്കിൾ ജില്ലകളുമാണെന്നും സർക്കിൾ ജില്ലകളിൽ സ്റ്റാഫ് പാറ്റേൺ കൂടുതലായതിനാൽ അവിടെയാണ് ഈ സ്കീം കൂടുതലായി നടപ്പിലാക്കുന്നതെന്നും നോൺ സർക്കിൾ ജില്ലകളിൽ വെറ്ററിനറി സർജൻ തന്നെ ഈ സ്കീം നടപ്പിലാക്കണമെന്നുള്ളതുകൊണ്ട് ഫണ്ട് വരുന്നത് കുറവാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. ജീവനക്കാരില്ലെങ്കിൽ സഹായം നൽകില്ല എന്ന് പറയുന്നത് ശരിയല്ലെന്നും കേരളത്തിൽ ഏകീകൃതമായി ഈ സ്കീം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും വെറ്ററിനറി സർജൻ ഇല്ലാത്തത് കർഷകന്റെ കുഴപ്പമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ചില വെറ്ററിനറി സർജൻമാർ കൃത്യമായി ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ലെന്ന് മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പ് മന്ത്രി അറിയിച്ചു. 14 ജില്ലകളിലും ഏകീകൃത പാറ്റേൺ നടപ്പാക്കണമെന്ന് പുതിയ പ്രൊപ്പോസലിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

രജിസ്റ്റർ ചെയ്ത കന്നുകുട്ടികളെ മുഴുവൻ പദ്ധതിയിലേയ്ക്ക് പരിഗണിച്ചിട്ടുണ്ടെന്നും ഒരു വർഷം ഏകദേശം രണ്ടു ലക്ഷം കന്നുകുട്ടികൾ ജനിക്കുന്നുണ്ടെങ്കിലും റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരമാണെന്നും അത്രയും കന്നുകുട്ടികൾക്കു പോലും ആനുകൂല്യം നൽകാൻ ഫണ്ട് ലഭിക്കുന്നില്ലെന്നും ഇപ്പോൾ അനുവദിച്ചിട്ടുള്ള ഫണ്ട് മുഴുവൻ വിനിയോഗിച്ചിട്ടുണ്ടെന്നും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പശു പ്രസവിച്ച് എത്ര ദിവസത്തിനകം കന്നുകുട്ടികളെ രജിസ്റ്റർ ചെയ്യണമെന്ന് സമിതി ആരാഞ്ഞതിന് ജനിച്ച ദിവസം തന്നെ രജിസ്റ്റർ ചെയ്യണമെന്നാണെങ്കിലും 10 ദിവസത്തിനുള്ളിലെങ്കിലും രജിസ്റ്റർ ചെയ്യേണ്ടതുണ്ടെന്നും പല കർഷകരും അങ്ങനെ ചെയ്യാറില്ലെന്നും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. കന്നുകുട്ടി ജനിച്ചാൽ നിശ്ചിത ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന വയ്ക്കേണ്ടതാണെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ അവർക്ക് ആനുകൂല്യം ലഭിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കന്നുകുട്ടി ജനിച്ച് മൂന്നു മാസം കഴിഞ്ഞ് രജിസ്റ്റർ ചെയ്യാൻ കഴിയുമോയെന്ന് സമിതിയംഗം ആരാഞ്ഞതിന് അപ്പോൾ രജിസ്റ്റർ ചെയ്താൽ സ്കീമിന്റെ അനുകൂല്യം ലഭിക്കില്ലെന്ന് ചെയർമാൻ മറുപടി നല്കി.

കന്നുകുട്ടി ജനിച്ച് 10 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം ആനുകൂല്യം ലഭിക്കുമോ എന്നും അതോ ഏതെങ്കിലും പ്രത്യേക പ്രായപരിധിയിലുള്ള കന്നുകുട്ടികൾക്ക് മാത്രമാണോ ആനുകൂല്യം ലഭിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് നിലവിൽ കർഷകന്റെ സമ്മതപ്രകാരമാണ് രജിസ്റ്റർ ചെയ്യുന്നതെന്നും ഇപ്പോൾ ആശുപത്രികളിലും സബ്സെന്ററുകളിലും രജിസ്റ്റർ ബുക്ക് സൂക്ഷിച്ചിട്ടുണ്ടെന്നും അതിൽ പേര് ചേർത്തു കഴിഞ്ഞാൽ പദ്ധതി അനുവദിക്കുന്ന സമയത്ത് രജിസ്റ്ററിൽ നിന്നും നാലുമാസം പ്രായമുള്ള കന്നുകുട്ടികളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നതെന്നും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു.

ഏത് സമയത്താണ് രജിസ്റ്റർ പരിശോധിക്കുന്നതെന്നുള്ള സമിതിയുടെ ചോദ്യത്തിന് വകുപ്പിൽ നിന്നും പ്രോജക്ട് അനുവദിച്ചു വരുന്ന മാസങ്ങളിലാണ് രജിസ്റ്റർ പരിശോധിക്കുന്നതെന്നും പ്രസ്തുത സമയത്ത് കന്നുകുട്ടികൾക്ക് അഞ്ച് മാസമാണ് പ്രായമെങ്കിൽ ആനുകൂല്യം ലഭിക്കില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നല്കി.

എല്ലാവർക്കും ആനുകൂല്യം ലഭിക്കാനായി സ്കീം വ്യാപിപ്പിക്കണമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ബജറ്റിൽ തുക വർദ്ധിപ്പിച്ചാൽ എല്ലാവർക്കും ആനുകൂല്യം നൽകാൻ കഴിയുമെന്നും നിലവിലെ കണക്കുപ്രകാരം പശുക്കൾ പ്രസവിക്കുന്നതിൽ രണ്ട് ലക്ഷം മാത്രമാണ് പശുക്കുട്ടികളുള്ളതെന്നും ബാക്കിയെല്ലാം കാളക്കുട്ടികളാണെന്നും അതൊഴിവാക്കാനായി ലിംഗനിർണ്ണയം നടത്തിയ ബീജം ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറാൻ പോകുകയാണെന്നും അങ്ങനെ വരുമ്പോൾ ജനിക്കുന്ന കന്നുകുട്ടികളെല്ലാം പശുക്കളായിരിക്കുമെന്നും തുടർന്ന് പശുക്കളുടെ എണ്ണവും പാലുല്പാദനവും വർദ്ധിക്കുന്നതിനൊപ്പം അന്യ സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ കൊണ്ടു വരേണ്ട ആവശ്യം വരില്ലെന്നും പക്ഷേ അധിക തുക വേണ്ടി വരുമെന്നും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

ഈ വർഷത്തെ ബജറ്റ് വിഹിതമായ 40 കോടി രൂപയോടൊപ്പം 7 കോടി രൂപ കാഫ് അഡോപ്ഷന് നൽകുന്നുണ്ടെന്നും പ്രസ്തുത തുക പുതിയതായി രജിസ്റ്റർ ചെയ്യുന്ന കന്നുകുട്ടികൾക്കും കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത കന്നുകുട്ടികൾക്കുമായി നൽകാമെന്നും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു. രജിസ്റ്റർ ചെയ്യുന്ന കന്നുകുട്ടികളുടെ ചെലവിന്റെ നാലിലൊരു ഭാഗം പോലും ബജറ്റിലെ തുക കൊണ്ട് മതിയാകില്ലെന്ന് നിരീക്ഷിച്ച സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി ടി പദ്ധതിയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭിപ്രായപ്പെട്ടു.

പഞ്ചായത്തുകളിൽ നിലവിൽ കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതിയുണ്ടെന്നും പഞ്ചായത്ത് നൽകുന്ന 6250/- രൂപയും വകുപ്പ് നൽകുന്ന 6250/- രൂപയും ചേർന്നുള്ള 12,500/- രൂപയോടൊപ്പം ഗുണഭോക്താവ് കൂടി 12,500/- രൂപ മുടക്കിയാൽ ആകെ 25,000/- രൂപയുടെ പദ്ധതിയാകുമെന്നും ഗോവർദ്ധിനി പദ്ധതിയിൽപ്പെടാത്തവർക്ക് പഞ്ചായത്തിന്റെ ടി പദ്ധതിയിൽ ചേരാമെന്നും നിർബന്ധിത പദ്ധതിയായി ഇതുൾപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടാൽ അവരത് അംഗീകരിക്കുമെന്നും അതുവഴി പരമാവധി പശുക്കളെ ഉൾപ്പെടുത്താൻ കഴിയുമെന്നും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ഈ പദ്ധതി നിലവിൽ പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി കൂട്ടിച്ചേർത്തു.

508 പഞ്ചായത്തുകൾ വകുപ്പിന്റെ വിഹിതമില്ലാതെ മുഴുവൻ തുകയും നൽകാമെന്ന് പറഞ്ഞ് മുന്നോട്ട് വന്നിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. സമിതി നിർദ്ദേശം നൽകിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത്തരത്തിൽ പദ്ധതി ആവിഷ്കരിക്കുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. സംയുക്ത പദ്ധതി വന്നു കഴിഞ്ഞാൽ ഇതിന്റെ പ്രയോജനം കൂടുതൽ കർഷകരിലേക്കെത്തിക്കാൻ സാധിക്കുമെന്ന് നിരീക്ഷിച്ച സമിതി മേൽപ്പറഞ്ഞ രീതിയിൽ പദ്ധതി ആവിഷ്കരിച്ച് വ്യാപകമായി നടപ്പാക്കണമെന്ന് പഞ്ചായത്തുകളോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

വെറ്ററിനറി സർജൻമാർ കൃത്യമായി പരിശോധന നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഓൺലൈൻ രജിസ്ട്രേഷനും മൊബൈൽ ആപ്പ് വഴി ബന്ധപ്പെടാനുള്ള സംവിധാനവും നടപ്പിലാക്കിയാൽ തീറ്റ സബ്സിഡി കന്നുകാലികൾക്കു തന്നെ ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുമെന്ന് സമിതി നിരീക്ഷിച്ചു. തീറ്റ കൃത്യമായി നൽകുന്നുണ്ടോയെന്നറിയാൻ പീരിയോഡിക്കൽ ചെക്കപ്പ് നടത്തണമെന്നും പരിശോധനയിൽ കൃത്യമായി തീറ്റ നൽകിയില്ലെന്ന് കണ്ടെത്തിയാൽ അപ്പോൾ തന്നെ ആനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കുന്ന സംവിധാനം കൊണ്ടുവരണമെന്നും അപ്പോൾ യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ആനുകൂല്യങ്ങൾ ലഭിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കൂടുതൽ പാൽ ലഭിക്കുന്ന പശുക്കളുടെ കുട്ടികളെ വളർത്തിയെടുത്താൽ നല്ല രീതിയിൽ പാൽ ലഭിക്കുമെന്നും ഒരു പശുവിൽ നിന്നും ഒരു ദിവസം 10.2 ലിറ്റർ പാൽ ലഭിക്കുന്ന രീതിയാണ് നിലവിൽ ഉള്ളതെന്നും ആയത് 17 ലിറ്ററിലെത്തിക്കാൻ സാധിക്കുമെന്നും ജനിക്കുന്ന എല്ലാ കന്നുകുട്ടികളെയും തെരഞ്ഞെടുക്കുന്നതിനു പകരം നല്ല കറവയുള്ള പശുക്കളുടെ കന്നുകുട്ടികളെ തെരഞ്ഞെടുക്കണമെന്നും പശുക്കുട്ടികളുടെ വളർച്ചയുടെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകുന്ന സംവിധാനം വന്നാൽ നൽകുന്ന തീറ്റ പശുക്കുട്ടി കഴിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സാധിക്കുമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

ഗ്രോത്ത് അച്ചീവ്മെന്റ് പരിശോധിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്

ഡിജിറ്റലായി കന്നുകുട്ടികളുടെ നീളവും വീതിയും വച്ച് ഭാരം കണക്കുകൂട്ടാൻ സാധിക്കുമെന്നും ടി പദ്ധതിയിൽ അതുണ്ടെങ്കിലും തീറ്റ വിതരണത്തിൽ ധാരാളം സമയമെടുത്തതുകൊണ്ട് പെർഫോർമൻസ് നോക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്നും ഡിജിറ്റലായി ഫോട്ടോ എടുത്ത് സിസ്റ്റം തന്നെ ഭാരം കണക്കുകൂട്ടുന്ന സംവിധാനമുണ്ടെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത സംവിധാനം നടപ്പിലാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇൻസെന്റീവ് നൽകുന്ന 100 കന്നുകുട്ടികളുണ്ടെങ്കിൽ അതിന്റെ മുഴുവൻ ഭാരം എടുത്തശേഷം നല്ല പെർഫോർമൻസ് ഉള്ളതിന് കൂടുതൽ ഇൻസെന്റീവും തൊട്ടുതാഴത്തെ ലെവലിനുള്ളതിന് കുറച്ച് ഇൻസെന്റീവും കൊടുത്താൽ നല്ല കന്നുകുട്ടികളെ ലഭിക്കുമെന്നും പെർഫോർമൻസ് നോക്കി അതനുസരിച്ചുള്ള പദ്ധതിയായി മുന്നോട്ട് പോകണമെന്നാണ് ധനകാര്യവകുപ്പ് നിർദ്ദേശിച്ചതെന്നും ഇൻപുട്ട് മാത്രമാകാതെ പെർഫോമൻസ് നോക്കി കർഷകർക്ക് ഇൻസെന്റീവ് നൽകണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു. കാർഷിക വികസന സമിതി വിളിച്ച് ചേർത്ത് എല്ലാ പഞ്ചായത്തുകളിലും കന്നുകളെ പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നും സ്കീമുകളുടെ വിശദവിവരങ്ങൾ മൃഗാശുപത്രികളുടെ മുമ്പിൽ പ്രദർശിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഗോവർദ്ധിനി പദ്ധതിയുടെ സബ്സിഡി തുക 12,500/- രൂപയിൽ നിന്ന് 25,000/- രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ശിപാർശ നൽകുന്നതിന് സമിതി തീരുമാനിച്ചു.

ഗോവർദ്ധിനി പദ്ധതിയുടെ ഫണ്ട് വർദ്ധിപ്പിക്കുക, ഓൺലൈൻ രജിസ്ട്രേഷൻ, പദ്ധതി പരിശോധന എന്നിവയ്ക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തി സിസ്റ്റത്തിൽ പരിശോധിക്കുന്നതിനുള്ള സംവിധാനമൊരുക്കുക, ഡിജിറ്റലായി ഭാരം കണക്കുകൂട്ടുന്നതിനുള്ള സൗകര്യമൊരുക്കുക, പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കാൻ വിവിധ തരത്തിലുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, കന്നുകുട്ടി ജനിച്ചാൽ രണ്ടാഴ്ചയ്ക്കുള്ളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുവാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 6 മണിക്ക് പിരിഞ്ഞു.

# 14.02.2023-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2023 ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ.പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

**ഹാജരായഅംഗങ്ങൾ**

1. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
2. ശ്രീ.കെ.പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം:**

ശ്രീ. പി. പി. ചിത്തരഞ്ജൻ,എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പുനീത് കുമാർ,അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
2. ശ്രീമതി അഞ്ജു കെ. എസ്., ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
3. ശ്രീ. സജീവ് പി. പി., ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്
4. ശ്രീഎസ്. സുബ്രമണ്യൻ, ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്.
5. ശ്രീ. നിസാമുദ്ദീൻ എ., ലാൻഡ് യൂസ് കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് & ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ.

6. ശ്രീമതി എം. ഗീത, അഡീഷണൽ  സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ  സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ  സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
9. ശ്രീ. അജിത്ദാസ് എ.,അഡീഷണൽ  സെക്രട്ടറി, കാർഷിക വികസന കർഷക ക്ഷേമ  വകുപ്പ്
10. ശ്രീ. എസ്. സാബിർ  ഹുസൈൻ, അഡീഷണൽ  സെക്രട്ടറി, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
11. ശ്രീ.ജോർജ് അലക്സാണ്ടർ, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
12. ശ്രീ.ജോർജ്  ഫിലിപ്പ്, അഡീഷണൽ ഡയറക്ടർ  (ഇൻ ചാർജ്ജ്),  മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്.
13. ശ്രീ. ചന്ദ്രൻ വി., കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല.
14. ശ്രീമതി.വി. രജത,    ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്പ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ.
15. ശ്രീമതി. രാജശ്രീ ജെ.,  ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്പ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ.
16. ശ്രീ. എസ്. അനിൽ ദാസ്,  മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ.

17. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ (പ്ലാനിംഗ്), കേരള കാർഷിക സർവ്വകലാശാല.
18. ശ്രീമതി. ജ്യോതി കെ. ഐ., പ്ലാന്റ് പ്രൊട്ടക്ഷൻ ഓഫീസർ & ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) ഇൻ-ചാർജ്ജ്, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്പ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ
19. ശ്രീ. അജിത് സി., അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്പ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ
20. ശ്രീ. അജയ് സുകുമാരൻ,  അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്പ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ.

21. ശ്രീ. മനോജ് എസ്,  അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡവലപ്പ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫെയർ.
22. ശ്രീമതി  ദീപ എസ്., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ), ഡയറക്ടറേറ്റ്  ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവ്വേഷൻ
23. ശ്രീമതി  പ്രിയ വി. പി., അസിസ്റ്റന്റ് ഡയറക്ടർ, (സോയിൽ  കൺസർവേഷൻ), ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ.
24. ശ്രീ. ശ്രീരാജ് എസ്. എസ്., അഡീഷണൽ  സെക്രട്ടറി, ധനകാര്യ വകുപ്പ്.
25. ശ്രീ. സുജിത് എസ്. എസ്., ലെയ്സൺ ഓഫീസർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX (ഭക്ഷ്യം), XXXIX (വൈദ്യുത പദ്ധതികൾ) എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

(ഫ.നം. 2018/സബ്സിസി2/23/നി.സെ.)

## <u>ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി</u>

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 806.96 കോടി രൂപയും അധികമായി ആവശ്യപ്പെടുന്നത് പ്ലാൻ ഇനത്തിൽ 287.6 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 172.71 കോടി രൂപയുമാണെന്ന് കൃഷി വകുപ്പ് അഡിഷണൽ  സെക്രട്ടറി ആമുഖമായി പറഞ്ഞു.

2401-00-001-88 -  <u>മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം</u>

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇവർക്ക് പെൻഷനും ക്ഷാമബത്തയും, കുടിശ്ശികയും അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-001-86-99 - <u>ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ടക്ചർ വിവരസാങ്കേതിക വിദ്യ</u>

പ്രസ്തുത പദ്ധതിയുടെ ഭാഗമായി വീഡിയോ കോൺഫറൻസ്/ വെർച്വൽ ക്ലാസ്റ്റൂം ഉൾപ്പെടെയുള്ള ഐസിടി ഇൻഫ്രാസ്ടക്ചർ സൗകര്യങ്ങളുടെ പരിപാലനവും നവീകരണവും എന്ന ഘടകത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനും കേരള സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് അഗ്രികൾച്ചർ ഡാറ്റാ ഹബ്ബിന്റെ (KHDH) വികസനം, ജിഐഎസ്. പ്ലാറ്റ്ഫോമിന്റെ വികസനവും ജി.ഐ.എസ്. ലാബിന്റെ സജ്ജീകരണവും എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതിനും കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20.47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-102-90 - <u>ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം</u>

സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിൽ നെൽകൃഷി ചെയ്യുന്ന മുഴവൻ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനായും മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനം എന്ന ഘടക പദ്ധതിക്കായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 66.9_കോടി രൂപ ഈ ശീർഷകത്തിൽ ധന പുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-87 - <u>നാളികേര വികസനം</u>

2023-24 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയുടെ ഭാഗമായി 20 ലക്ഷം തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരഗ്രാമങ്ങളുടെ പരിശോധന നടത്തുന്നുണ്ടോയെന്ന് സമിതിയംഗം ആരാഞ്ഞതിന് കേരഗ്രാമങ്ങളിൽ പരിശോധന നടത്താൻ സ്പൈസസ് ബോർഡ് ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കേരഗ്രാമം നടപ്പാക്കിയ സ്ഥലങ്ങളിൽ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ കേരഗ്രാമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണെന്നും സമിതി ചെയർമാൻ ബഹു. കൃഷി വകുപ്പ് മന്ത്രി അറിയിച്ചു.

2401-00-104-72-01 - <u>പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)</u> -കേന്ദ്രവിഹിതം

ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിന് ആനുപാതികമായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 22.25988 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)- (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിന് ആനുപാതികമായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 14.83992 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-67 - <u>കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ -</u>

2022-23-ൽ പുതുതായി ആവിഷ്കരിച്ച 'കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപാദന പൂർവ്വ പിന്തുണ ഉൾപ്പെടെ' എന്ന പദ്ധതിയുടെ ഭാഗമായി 2023-24-ൽ ഓരോ കൃഷിഭവനിലും 10 മാതൃകാതോട്ടങ്ങൾ എന്ന നിലയിൽ ആകെ 10760 മാതൃകാതോട്ടങ്ങൾക്കായും 2022-23-ൽ ആരംഭിച്ച മാതൃകാതോട്ടങ്ങൾക്കുള്ള രണ്ടാം വർഷ തുടർച്ചാ ആനുകൂല്യങ്ങൾ നൽകുന്നതിനും പുതിയതായി 1000 സംയോജിത കൃഷി മാതൃകാതോട്ടങ്ങൾ സ്ഥാപിക്കുന്നതിനുമായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.79 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-86 - <u>ആധുനിക പരീക്ഷണ ശാലകൾ സ്ഥാപിക്കൽ</u>

രണ്ട് രാസവള പരിശോധനാ ലാബുകളും ഒരു ജീവാണുവള പരിശോധന ലാബും ആധുനീകരിക്കുന്നതിനും പ്രസ്തുത ലാബുകളുടെ പരിശോധനാ ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ നേടുന്നതിന് കെട്ടിടം നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരിശോധനാ ശാലകൾ സജ്ജമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 72 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-85 - <u>ഓർഗാനിക് ഫാമിംഗ്</u>

ജൈവകൃഷിക്കും ഉത്തമകൃഷിമുറകൾ വ്യാപിപ്പിക്കുന്നതിനുമായി ജൈവവളങ്ങളുടെ ഉൽപ്പാദനത്തിനും ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡിക്കുമായും ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവ പദ്ധതിക്കുമായും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-107-78 - <u>വിളകളുടെ ആരോഗ്യ സംരക്ഷണം</u>

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളെ സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറിയുടെ സാറ്റലൈറ്റ് സ്റ്റേഷനുകളായി ഉയർത്തുന്നതിനും കണ്ണൂർ ജില്ലയിൽ പുതുതായി ഒരു സാറ്റലൈറ്റ് സ്റ്റേഷൻ കൂടി അധികമായി സ്ഥാപിക്കുന്നതിനും നിലവിൽ കൃഷിഭവനുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന 276 Plant Health Clinic-കളുടെ ശാക്തീകരണത്തിനും KCPM-ന്റെ അനുബന്ധ ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ _1.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-108-59 - <u>സുഗന്ധദ്രവ്യങ്ങളുടെ വികസനം</u>

കുരുമുളക് തോട്ടങ്ങൾ, മറ്റു സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ വിസ്തൃതി വർദ്ധനവിനായും നൂതന വിള പരിപാലന രീതികൾ സ്വീകരിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.07 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-84 - <u>കാർഷിക വിജ്ഞാനവും വ്യാപനവും</u>

'കേരള കർഷകൻ' എന്ന മാസികയുടെ അനുബന്ധ പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശില്പശാലകൾ, ഉപദേശക സമിതിയോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധന ചെലവുകൾ, യാത്രാ ചെലവുകൾ മുതലായവയ്ക്കായും ഏകദേശം ഒരു ലക്ഷത്തിനുമേൽ വരിക്കാരുള്ള സർക്കാർ പ്രസിദ്ധീകരണം ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-80 - <u>കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ</u>

മികച്ച പ്രവർത്തനം കാഴ്ചവച്ച കർഷകർക്കുള്ള ക്യാഷ് അവാർഡിനായി 1.80 കോടി

രൂപയും പരിശീലനകേന്ദ്രങ്ങളായ ആർ.എ.റ്റി.റ്റി.സി., എഫ്.റ്റി.സി. എന്നിയുടെ നവീകരണത്തിനായി 1 കോടി രൂപയും കർഷക സഭ, ഞാറ്റുവേലച്ചന്തകൾ എന്നിവക്കായി 2.25 കോടി രൂപയും 'വൈഗ' പരിപാടി സംഘടിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും ലീഡ്സിനുള്ള സഹായത്തിനായി 35 ലക്ഷം രൂപയും സോഷ്യൽ ഓഡിറ്റിനായി 14 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.04 കോടി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-76 – <u>കർഷക ക്ഷേമനിധി ബോർഡ്</u>

കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണ തോതിലാവുന്നതോടെ ബോർഡിന്റെ ചെലവുകൾക്കും ഓൺലൈൻ പോർട്ടലിന്റെ ചെലവുകൾക്കും ഉൾപ്പെടെ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-65-02 – <u>അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതയോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും (60 %സി.എസ്.എസ്) - സംസ്ഥാന വിഹിതം</u>

ഇൻഷ്വറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷ്വറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി 43.2035 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-01 – <u>രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി (60 % കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം</u>

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 5.09 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-02- രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 3.39 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-58-01- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം. 60% കേന്ദ്രാവിഷ്കൃതം) (കേന്ദ്ര വിഹിതം). -

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 27.5158 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-58-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - സംസ്ഥാന വിഹിതം (എസ്. എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 18.34 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-57-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം- (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 8.9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-57-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം- (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 5.9332 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-110-82- പുന:സ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

01.02.2021 മുതൽ 07.01.2023 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായും ഇനിയും അംഗീകരിച്ചുവരാവുന്ന ഏകദേശ തുകയും ചേർത്ത് 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-113-83- കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

മൊബൈൽ അഗ്രോ ക്ലിനിക്ക് ഡ്രൈവർമാർക്ക് വേതനം നൽകുന്നതിനായി 30 ലക്ഷം രൂപയും NEGP ഡാറ്റാഎൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്ന ഘടകത്തിൽ 1.34 കോടി രൂപയും ഉൾപ്പെടെ 1.64 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401 - 00 -115 -99- ചെറുകിട നാമമാത്ര നെൽകർഷർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

KSEB-ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 114.0770 കോടി രൂപ ഈ ശീർഷകത്തിൽ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-85- കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

പ്രസ്തുത പദ്ധതിയിൽ സങ്കരയിനം വിത്തുകളും അത്യുല്പാദന ശേഷിയുള്ള തൈകളും വിതരണം ചെയ്യുന്നതിനും ക്ലസ്റ്ററുകൾ മുഖേനയുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, ഡേറ്റ എൻട്രി ഓപ്പറേറ്റർ, ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 32.10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-79 – ഔഷധ സസ്യങ്ങളുടെയും പഴം, പൂവ് എന്നിവയുടെയും വികസനം

പ്രസ്തുത പദ്ധതിയിലെ ഒരു കോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതിയിലേയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10.33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-78 – കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 17 കോടി രൂപയും സാങ്കേതിക സൗകര്യ വികസനത്തിനായി 12 കോടി രൂപയും വകയിരുത്തുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആകെ 17 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-191-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുൻസിപ്പൽ കോർപ്പറേഷനുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 66.988 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-192-50 - റവന്യൂ ചെലവകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.9927 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-198-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 54.67089 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-01 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1.2366 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 82.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്)- കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 2.01 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്) സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1.34 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-78-01- കാർഷികയന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 9.46 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-78-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം- സംസ്ഥാന വിഹിതം

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 6.3066 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-77-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.)- കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-77-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.) - സംസ്ഥാന വിഹിതം.

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 66.68 ലക്ഷം രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-01- പരമ്പരാഗത കൃഷി വികസ് യോജനയുടെ കീഴിലുള്ള ഭാരതീയ കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം)- കേന്ദ്രവിഹിതം

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1.2366 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി ഈ ശീർഷകത്തിൽ 82.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2401-00-796-78-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) കേന്ദ്ര വിഹിതം

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2401-00-796-78-02 - <u>രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി <u>ഈ ശീർഷകത്തിൽ 43 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2401-00-796-77-01 - <u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം</u>

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി <u>ഈ ശീർഷകത്തിൽ 6.40 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2401-00-796-77-02 - <u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി <u>4.26 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2401-00-796-76-01 - <u>തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം - (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം</u>

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി <u>10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി 6.68 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-91-34 - പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി - മറ്റു ചെലവുകൾ

01/05/2021 മുതൽ 07/01/2023 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം

ചെയ്യുന്നതിനായി 45 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-004-88 - കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും, ശമ്പളകുടിശ്ശികയും, ഓഫീസ് ചെലവുകളും, ഗവേഷണത്തിനായുള്ള ചെലവുകളും നൽകുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-277-98 - സീനിയർ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

2023-24 വർഷം കർഷകർക്ക് പരിശീലനം നൽകുന്നതിനായും സമേതിയുടെ മാനവവിഭവശേഷി വികസന പരിപാടികൾക്കും, പോളി ഹൗസ്, കദളീ വനം എന്നിവ പരിപാലിക്കുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം ദേശീയ നിലവാരത്തിലേക്ക്

ഉയർത്തുന്നതിനുള്ള ഇടപെടലുകൾക്കുമായി 1.85 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-101-85 - വിലസ്ഥിരതയ്ക്കു വേണ്ടി വിപണിയിൽ ഇടപെടൽ

2023-24 സാമ്പത്തിക വർഷത്തെ ഓണവിപണി, പഴം, പച്ചക്കറികളുടെ വില നിയന്ത്രണം, തേങ്ങ സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.75 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശീർഷകം പുന:സ്ഥാപിക്കുന്നതിനായി**

2023-24 വർഷത്തിൽ 1000000 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാലും നാളികേരവികസന ബോർഡിന്റെ പദ്ധതിയായ ERCN-ൽ ഒരു തെങ്ങിൻ തൈ ഉത്പാദിപ്പിക്കാൻ 32 രൂപ അനുവദിക്കുന്നതിനാലും ആയതിന്റെ 50% സംസ്ഥാനം വഹിക്കേണ്ടതുണ്ട്. ആയതിനാൽ 2401-00-103-74-01 (സംസ്ഥാന വിഹിതം ജനറൽ), 2401-00-789-71-01 (സംസ്ഥാന വിഹിതം SCP), 2401-00-796-70-01 (സംസ്ഥാന വിഹിതം ജനറൽ TSP) എന്നീ ശീർഷകങ്ങൾ പുന:സ്ഥാപിച്ച് യഥാക്രമം 89:10:1 എന്ന അനുപാതത്തിൽ ആകെ 1.6 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള കാർഷിക സർവ്വകലാശാല**

2415-01-277-99-31- കേരള കാർഷിക സർവകലാശാല സഹായധനം -ശമ്പളം

ജീവനക്കാരുടെ/അദ്ധ്യാപകരുടെ ഡി.എ. കുടിശ്ശിക, പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.സി.ആർ.ജി കുടിശ്ശിക, കമ്മ്യൂട്ടേഷൻ കുടിശ്ശിക, ആജീവനാന്തകുടിശ്ശിക, 2023-24 സാമ്പത്തിക വർഷത്തിൽ

ഉണ്ടാകാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 151.33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

2402-00-001-99- ഡയറക്ടറാഫീസും ജില്ലാ ഓഫീസുകളും

കബനി പദ്ധതിയിൽ ഉൾപ്പെട്ടവരും സൂപ്പർ ന്യൂമററിയായി നിലനിർത്തപ്പെട്ടതുമായ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കബനി പദ്ധതിയിൻ കീഴിലുള്ള 28 ഓളം ജീവനക്കാരെ പുനർവിന്യസിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-102-81- ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വകുപ്പിൽ e-office, e-service സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-102-78 - ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം

സംസ്ഥാനത്തുടനീളമുള്ള വിവിധ ജലാശയങ്ങളും കുളങ്ങളും നവീകരിക്കുന്നതിനും പുനരുജ്ജീവനം നടപ്പിലാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-102-77 - <u>ഡെവലപ്പ്മെന്റ് ഓഫ് മൈക്രോവാട്ടർ ഷെഡ്സ്</u>

2022-23 സാമ്പത്തിക വർഷത്തിൽ കാട്ടാക്കട, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിലെ ടെണ്ടർ ചെയ്ത തുടർ പ്രവർത്തനങ്ങൾക്കും, സ്പിൽ ഓവർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ <u>75 ലക്ഷം രൂപ</u> <u>ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

4402-00-800-74 - <u>തിരുവനന്തപുരം കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം</u>

കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പിന്റെ കീഴിൽ നടത്തുന്ന സഹസ്ര സരോവർ പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 4.25 കോടി രൂപ</u> <u>ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## <u>കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം</u>

2402-00-001-94-36 - <u>കേരള സംസ്ഥാന ബഹിദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം -ശമ്പളം)</u>

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി 1.0634 കോടി രൂപ <u>ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്

2401-00-111-99 - <u>കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)</u>

പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാം ഘട്ട ലിസ്റ്റിംഗ് ജോലികൾക്കുള്ള ഓണറേറിയം നൽകുന്നതിനായി <u>5.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്</u>

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

### കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ

4408-02-101-98 - ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

കൊല്ലം ജില്ലയിലെ പുനലൂർ, കോട്ടയം ജില്ലയിലെ പാലാ, ആലപ്പുഴ ജില്ലയിലെ തകഴി എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6408-02-190-98 - ആർ.ഐ.ഡി. എഫ്. XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുള്ള വായ്പ

ഭരണാനുമതി ലഭിച്ച 8 ഗോഡൗണുകളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള 7 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 14.15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.20 ന് പിരിഞ്ഞു.

## 16.02.2023-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2023 ഫെബ്രുവരി 16-ാം തീയതി, വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസിംഗിലൂടെയും പങ്കെടുത്തു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. കെ.പി. മോഹനൻ, എം.എൽ.എ.
3. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
4. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം**

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. എസ്. സുനിൽകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
2. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ഡോ. എ. കൗശിഗൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് & ക്ഷീരവികസന

വകുപ്പ്.

6. ഡോ. സി. ലത, ഡയറക്ടർ (അക്കാഡമിക്സ് ആൻഡ് റിസർച്ച്), കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി.
7. ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.
8. ശ്രീമതി ശാലിനി കെ.ജെ.,ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ് & ക്ഷീരവികസന വകുപ്പ്.
9. ശ്രീമതി ശ്രീലു എൻ. എസ്., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
10. ഡോ. വിനുജി ഡി. കെ., അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്.
11. ശ്രീ. മഹേഷ് എസ്., ജോയിന്റ് ഡയറക്ടർ (ഇൻലാൻഡ്), മത്സ്യബന്ധന വകുപ്പ്.
12. ശ്രീ. സലീം എച്ച്., ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
13. ശ്രീ. ടി. എസ്. പ്രവീൺകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
14. ശ്രീ. അനിൽകുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ (പി.എം,ഇ), മത്സ്യബന്ധന വകുപ്പ്.
15. ശ്രീ. ബെൻസൺ കെ., ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാൻഡ്), മത്സ്യബന്ധന വകുപ്പ്.
16. ശ്രീ. ഇഗ്നേഷ്യസ് മൺട്രോ ബി., മാനേജിംഗ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK)
17. ഡോ. ദിനേശൻ ചെറുവാട്ട്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്,
18. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്.
19. ശ്രീ. ഷേയ്ക്ക് പരീത്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.
20. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്.
21. ശ്രീ. എം.എസ്. സജു, മാനേജിംഗ് ഡയറക്ടർ, കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL)
22. ശ്രീ. ആസിഫ് കെ. യൂസഫ്, മാനേജിംഗ് ഡയറക്ടർ, മിൽമ.
23. ഡോ. ആശ അഗസ്റ്റിൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, സാഫ്.
24. ശ്രീ ഫഹദ് എം., അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്.
25. ഡോ. ഷാജിൽ എ.എച്ച്., അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.
26. ഡോ. ടി. സജീവ്കുമാർ, ജനറൽ മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്.
27. ശ്രീ. അനിൽ കുമാർ പി., ജനറൽ മാനേജർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.
28. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്.
29. ഡോ. രാജേഷ് വി. എം., മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്.
30. ശ്രീ. സുധീർ എൻ.ജി., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്.
31. ശ്രീമതി ശോഭ ജെ., മാനേജർ, മത്സ്യഫെഡ് (ഹെഡ് ഓഫീസ്)
32. ശ്രീമതി ശ്രീദേവി ഐ. ബി., അണ്ടർ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

33. ശ്രീ. ഡി. രാജീവ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്.
34. ശ്രീ. രാജു എസ്., സീനിയർ ഫിനാൻസ് ഓഫീസർ, മത്സ്യബന്ധന വകുപ്പ്.
35. ശ്രീ. മനോജ് ടി. ആർ., ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി.
36. ശ്രീ. ബാബു എം. ജെ., ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.
37. ശ്രീ. മുഹമ്മദ് താഹ കെ. എം., ഫിനാൻസ് ഓഫീസർ, കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്.
38. ശ്രീമതി ഷമീമ ജെ., അസിസ്റ്റന്റ് മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്.
39. ശ്രീ. അച്യുത് എൻ. വി., അസിസ്റ്റന്റ് എഞ്ചിനീയർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്.
40. ഡോ. കെ. ലാലു, അസോസിയേറ്റ് പ്രൊഫസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി.
41. ശ്രീ. ശ്രീകണ്ഠൻ എം., മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെ ന്റ് കൗൺസിൽ.

സമിതി, 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2403-00-001-99 - ഭരണവും നടത്തിപ്പും

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

1.

2403-00-001-98 - ജില്ലാഭരണം

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-99 - കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനം

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-98 - ആശുപത്രികളും ഡിസ്പെൻസറികളും

ജില്ലാ വെറ്ററിനറി സെന്ററുകൾ, മേഖലാ മരുന്ന് സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളുടെ വാടക, കരം, ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97 - മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-71 - വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

ബ്ലോക്ക്തല മൊബൈൽ വെറ്ററിനറി സംവിധാനവും കാൾ സെന്റർ സംവിധാനവും വിപുലീകരിക്കുന്നതിന് 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൃഗാശുപത്രികളിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലെന്ന പരാതിയുണ്ടെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടതിന് കേരളത്തിലെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 70 വാഹനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും 187 ബ്ലോക്കുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ നിയമിക്കുകയും കാൾ സെന്റർ സംവിധാനമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും '1962' എന്ന നമ്പരിൽ വിളിച്ചാൽ ഡോക്ടറുടെ സേവനം ലഭ്യമാകുമെന്നും കാലതാമസമില്ലാതെ എല്ലാ ബ്ലോക്കുകളിലും പ്രസ്തുത സേവനം ലഭ്യമാകുന്നതാണെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി വ്യക്തമാക്കി.

കന്നുകാലികളിലുണ്ടാകുന്ന ചർമ്മമുഴ രോഗത്തിന് നൽകേണ്ട വാക്സിന്റെ അളവ് 3 ml എന്നാണ് കമ്പനി പറഞ്ഞിരിക്കുന്നതെന്നും എന്നാൽ നിലവിൽ 1 ml ആണ് കന്നുകാലികൾക്ക് നൽകുന്നതെന്നും വാക്സിനെടുത്ത പശുക്കൾക്ക് വീണ്ടും രോഗമുണ്ടാകുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ചർമ്മമുഴ രോഗത്തിന്റെ വാക്സിന് രണ്ടുൽപ്പാദകരാണുള്ളതെന്നും കേരളം വാക്സിൻ വാങ്ങിയിരിക്കുന്നത് ഗുജറാത്തിലെ ഹെസ്റ്റർ ബയോസയൻസസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നാണെന്നും കമ്പനി നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ മിക്സ് ചെയ്ത മരുന്ന് 1 ml വച്ച് 50 പശുകൾക്ക് കുത്തിവയ്ക്കുന്നുണ്ടെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

വാക്സിനെടുത്ത പശുക്കൾക്ക് പിന്നീട് രോഗബാധയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വാക്സിനെടുക്കുന്നതിന് മുമ്പുതന്നെ പശുക്കളുടെ ശരീരത്തിൽ വൈറസ് ബാധിച്ചത് കൊണ്ടാകാം വാക്സിനെടുത്ത ശേഷവും രോഗലക്ഷണങ്ങൾ കാണിക്കുന്നതെന്നും സാധാരണഗതിയിൽ വാക്സിനെടുത്ത് 15 ദിവസത്തിനുള്ളിൽ പ്രതിരോധശേഷി ലഭിക്കുമെന്നും ഇതിനുമുമ്പ് അണുബാധയുണ്ടായിട്ടുണ്ടെങ്കിൽ വാക്സിനെടുത്ത് കഴിഞ്ഞാലും രോഗമുണ്ടാകാമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

മുൻപ് നാൽക്കാലികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായപ്പോൾ അടിയന്തരമായി നൽകാനുള്ള മരുന്ന് ലഭ്യമായിരുന്നില്ലെന്നും വിഷബാധയുണ്ടായി ഒരു ദിവസം കഴിഞ്ഞാണ് മരുന്ന് ലഭ്യമായതെന്നും പ്രദേശത്തെ ആശുപത്രികളിൽ മരുന്നെത്താൻ കാലതാമസമുണ്ടായതുകാരണം വലിയ പ്രശ്നമാണുണ്ടായതെന്നും ജീവൻ രക്ഷാമരുന്നുകൾ വെറ്ററിനറി ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

സാമ്പത്തിക വർഷാവസാനമായതിനാൽ മരുന്നുകളുടെ സ്റ്റോക്ക് തീർന്നിരിക്കുകയാണെന്നും ഭക്ഷ്യവിഷബാധയേറ്റ സ്ഥലങ്ങളിൽ രാത്രിയിൽ വാഹനമുൾപ്പെടെ ഏർപ്പെടുത്തുകയും വീടുകൾ കേന്ദ്രീകരിച്ച് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്ത് നല്ല രീതിയിലുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി വ്യക്തമാക്കി.

കോട്ടയം ഭാഗത്തൊക്കെ സേവനം ലഭിക്കുന്നുണ്ടെന്നും എറണാകുളം ബ്ലോക്കിലെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ലെന്നും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണമെന്നും

സമിതി അഭിപ്രായപ്പെട്ടു. കാലിത്തീറ്റയിൽ നിന്നും ഇങ്ങനെയൊരു ഭക്ഷ്യവിഷബാധ ഉണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചതല്ലെന്നും അക്കാര്യം പരിശോധിക്കാമെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ഉറപ്പുനൽകി.

2403-00-102-99 - ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-97 - ലൈവ് സ്റ്റോക്ക് ഫാമുകൾ

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96 - വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-78 - ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-99-06 - കോഴി വളർത്തൽ കേന്ദ്രങ്ങൾ

കൊല്ലം ജില്ലാ ടർക്കി ഫാം കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിനായി 12.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-109-96 – വെറ്റിനറി വികസനം

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

2403-00-103-82 – പേരന്റ് സ്റ്റോക്കുകളുടെ ശാക്തീകരണം (മുട്ടക്കോഴിയും ബ്രോയിലറും)

മുട്ടക്കോഴികളുടെ വിതരണം തടസ്സം കൂടാതെ നടപ്പിലാക്കുന്നതിന് ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കി കോഴിയിറച്ചിയുടെയും കോഴി മുട്ടയുടെയും ആഭ്യന്തര ഉത്പാദന വിപണനത്തിലെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-81 – സംയോജിത കോഴിവളർത്തലിനെ ശക്തിപ്പെടുത്തൽ

സംസ്ഥാനത്തിന് അനുയോജ്യമായതും ആഭ്യന്തര മുട്ട ഉൽപ്പാദനത്തിനും ഗ്രാമീണ ജനതയ്ക്ക് ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനും വലിയ സംഭാവന നൽകുന്നതുമായ 'ചെറുകിട മുട്ടക്കോഴി വളർത്തൽ' പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-190-94 - കെ.എസ്.പി.ഡി.സി.ക്ക് സഹായം

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് വേണ്ടിയും ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയും 2.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93 - മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

മാംസോൽപ്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖല സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ (എം.പി.ഐ.) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ബൈ ബാക്ക് സംവിധാനത്തിലൂടെ പോത്തുകളെയും ആടുകളെയും വളർത്തൽ പദ്ധതിക്കായി 91 ലക്ഷം രൂപയും കണ്ണൂരിൽ ശീതീകരണ ഹബ്ബ് സ്ഥാപിക്കാൻ 1 കോടി രൂപയും വിപണന കേന്ദ്രത്തിൽ ഫ്രീസർ/ബോർഡ് സംവിധാനങ്ങൾ സജ്ജീകരിക്കാൻ 2.5 കോടി രൂപയും കൊല്ലം കാസർഗോഡ് ജില്ലകളിൽ 2 പെറ്റ്ഫുഡ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനായി 1 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത്, കിടാരി വളർത്തൽ കേന്ദ്രം എന്ന പദ്ധതിക്കായി 1 കോടി രൂപയും ഭക്ഷ്യസുരക്ഷ അവയർനെസ് പ്രൊഗ്രാമിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ അടിസ്ഥാനമാക്കി കർഷകർ, ഉപഭോക്താക്കൾ, ബുച്ചറന്മാർ, വിദ്യാർത്ഥികൾ, എന്നിവർക്ക് ബോധവൽക്കരണത്തിനുള്ള പരിശീലനം നടത്തുന്നതിനായി 1 കോടി രൂപയും ഉൾപ്പെടെ 7.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86 - കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

കാലിത്തീറ്റ വിലകുറച്ച് നൽകുന്ന പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി 5 കോടി രൂപയും ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി 6 കോടി രൂപയും ഉൾപ്പെടെ ആകെ 11 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കെ.എസ്. കാലിത്തീറ്റയിൽ നിന്നുള്ള ഭക്ഷ്യവിഷബാധയെത്തുടർന്ന് നിരവധി പശുക്കൾ മരണപ്പെടുകയുണ്ടായെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി അറിയിച്ചു. എന്നാൽ കെ.എസ്. കാലിത്തീറ്റ നൽകുമ്പോൾ പാലുല്പാദനം വർദ്ധിക്കുന്നതിനാൽ ക്ഷീരകർഷകർ കൂടുതലായി അവ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയ സമിതിയംഗം, അതിൽ യൂറിയ പോലുള്ള അസംസ്കൃത വസ്തുക്കളുടെ അളവ് കൂടുതലാണോയെന്നും ആയത് മൃഗങ്ങൾക്ക് ഹാനികരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞു. കെ.എസ്. കാലിത്തീറ്റയിൽ അടങ്ങിയിട്ടുള്ള അസംസ്കൃത വസ്തുക്കൾ എന്തൊക്കെയാണെന്ന് കേരള ഫീഡ്സ് പരിശോധിച്ചിട്ടില്ലെന്നും കേരള ഫീഡ്സിന്റെ ഉൽപ്പന്നങ്ങളെല്ലാം ബി.ഐ.എസ്. സ്റ്റാൻഡേർഡ് പ്രകാരമാണ് നിർമ്മിക്കുന്നതെന്നും കഴിഞ്ഞവർഷം വരെ കോമ്പിറ്റിറ്റീവ് പ്രൈസിനേക്കാൾ 185 രൂപ വരെ കുറച്ചാണ് കേരള ഫീഡ്സ് വിറ്റ് കൊണ്ടിരുന്നതെന്നും ഇപ്പോഴും ഒരു ചാക്കിന് 35 രൂപ കുറച്ചാണ് വിൽക്കുന്നതെന്നും കേരള ഫീഡ്സ് മാനേജർ അഭിപ്രായപ്പെട്ടു.

കേരളത്തിലെ മൃഗങ്ങൾക്ക് ആവശ്യമുള്ളത്ര ഫീഡ് ഉൽപാദിപ്പിക്കാൻ കേരള ഫീഡ്സിന് സാധിക്കുന്നില്ലെന്നും വലിയ വില കൊടുത്ത് അസംസ്കൃത വസ്തുക്കൾ പുറത്തുനിന്ന് കൊണ്ടുവന്നാണ് കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതെന്നും അതുകൊണ്ടാണ് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ധനസഹായം നൽകുന്നതെന്നും കേരള ഫീഡ്സിന്റെ എല്ലാ ഫീഡുകളും ഗുണമേന്മയുള്ളതാണെന്നും അതിലടങ്ങിയിട്ടുള്ള

അസംസ്കൃത വസ്തുക്കളുടെ പേര് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും 2019-ന് ശേഷം കേരള ഫീഡ്സ് വില വർദ്ധിപ്പിച്ചിട്ടില്ലായിരുന്നെന്നും എന്നാൽ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലേക്ക് പോകുന്നതുകൊണ്ട് ഫീഡ്സിന്റെ വില വർദ്ധിപ്പിക്കണമെന്ന് മിൽമയും കേരള ഫീഡ്സും ആവശ്യപ്പെട്ടതിനെ തുടർന്നാണ് 50 കിലോഗ്രാമിന്റെ ഒരു പാക്കിന് 180/- രൂപ വർദ്ധിപ്പിച്ചതെന്നും ഈ രണ്ട് സ്ഥാപനങ്ങളെയും സർക്കാരിന് സംരക്ഷിച്ചേ മതിയാകൂവെന്നും ഇപ്പോൾ കേരള ഫീഡ്സിന്റെ ഉല്പന്നങ്ങൾക്ക് നല്ല ചെലവാണെന്നും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി വിശദീകരിച്ചു. കേരള ഫീഡ്സിന്റെ കാലിത്തീറ്റ കൂടുതൽ ക്ഷീര കർഷകർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ ധാതു ലവണ മിശ്രിതം (ഉല്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ പോകുകയാണെന്നും അതിന്റെ പകുതി ജോലി പൂർത്തികരിച്ച് കഴിഞ്ഞുവെന്നും പ്രസ്തുത ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി നല്ലൊരു മാറ്റം കൊണ്ടുവരാൻ സാധിക്കുമെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പു മന്ത്രി അഭിപ്രായപ്പെട്ടു.

കെ.എസ്. പോലുള്ള കാലിത്തീറ്റകൾ നൽകുമ്പോൾ പാലുല്പാദനം വർദ്ധിക്കുമെങ്കിലും വന്ധ്യതയടക്കമുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്നും അതിനൊരു ശാസ്ത്രീയ പഠനം ആവശ്യമാണെന്നും വളർത്ത് മൃഗങ്ങൾക്ക് നൽകുന്ന തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് പ്രധാനമാണെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. പാലുല്പാദനം വർദ്ധിപ്പിക്കുന്ന രീതിയിൽ കേരള ഫീഡ്സിന്റെ കാലിത്തീറ്റയിൽ എന്തൊക്കെ മാറ്റം വരുത്താമെന്നത് സംബന്ധിച്ച് കേരള വെറ്ററിനറി സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തണമെന്നും അതോടൊപ്പം മറ്റുള്ള തീറ്റകളുടെ ഗുണനിലവാരവും പരിശോധിക്കേണ്ടതാണെന്നും സമിതി വ്യക്തമാക്കി.

വെറ്ററിനറി യൂണിവേഴ്സിറ്റികൾ സംസ്ഥാനത്തിന് പുറത്തുനിന്നും അസംസ്കൃത വസ്തുക്കൾ കൊണ്ടുവന്ന് കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നുണ്ടെന്നും അവിടെ വളർത്തുന്ന മൃഗങ്ങൾക്ക് നൽകിയതിനുശേഷം ബാക്കി വരുന്നത് പുറത്ത് വിൽക്കുകയും ചെയ്യുന്നുണ്ടെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പു മന്ത്രി വ്യക്തമാക്കി.

പല സ്ഥാപനങ്ങളും മൃഗങ്ങൾക്ക് ഹാനികരമായ ഫീഡ്സ് ഉൽപാദിപ്പിക്കുന്നുണ്ടെന്നും കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും അല്ലെങ്കിൽ മൃഗസമ്പത്തിന്റെ

നിലനിൽപ്പിനുതന്നെ അത് ഭീക്ഷണിയായി മാറുമെന്നും സമിതി അഭിപ്രായപ്പെട്ടു. കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റകൾക്ക് ബി.ഐ.എസ്. ഗുണനിലവാരം ഉറപ്പാക്കുന്നുണ്ടെന്നും പക്ഷേ കൂടുതൽ ഫീഡ്സും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നതെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പു മന്ത്രി വിശദീകരിച്ചു.

ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ ഉപയോഗിക്കുന്നതിലൂടെ മൃഗങ്ങൾക്കും അതുവഴി മനുഷ്യർക്കും പല തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ടെന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കാലിത്തീറ്റകളിലടങ്ങിയിരിക്കുന്ന അസംസ്കൃത വസ്തുക്കളെ സംബന്ധിച്ച് പരിശോധിക്കാനോ നടപടി സ്വീകരിക്കാനോ നിയമം നിലവിൽ ഇല്ലെന്നും സമിതി വിലയിരുത്തി.

കെ.എസ്. കാലിത്തീറ്റ കഴിച്ച കന്നുകാലികൾ ഭക്ഷ്യവിഷബാധയെത്തുടർന്ന് മരണപ്പെട്ട സംഭവുമായി ബംന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെയും തുടർ നടപടികളുടെയും വിശദാംശം സമിതി ആരാഞ്ഞതിന് കെ.എസ്. കാലിത്തീറ്റ കഴിച്ച് രോഗബാധയുണ്ടായ പശുക്കളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനായി ചികിത്സയും മറ്റ് സംവിധാനങ്ങളും നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്നും തീറ്റയിൽ അടങ്ങിയിട്ടുള്ള അഫ്ലാടോക്സിന്റെ അളവ് കൂടുതലായതുകൊണ്ടാണ് മരണം സംഭവിച്ചതെന്ന് പറഞ്ഞിരുന്നെങ്കിലും അങ്ങനെയായിരുന്നില്ലെന്ന് പ്രസ്തുത ഫീഡ്സിന്റെ സാമ്പിളുകൾ ശേഖരിച്ച് നാമക്കൽ, സ്റ്റേറ്റ് ഡയറി ലാബ് എന്നിവിടങ്ങളിൽ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി. സാമ്പിൾ പരിശോധനയിൽ അഫ്ലാടോക്സിൻ ലെവലിൽ കുറച്ച് വ്യത്യാസമുണ്ടായിരുന്നെന്നും എന്നാൽ അത് മൂലമാണ് മരണം സംഭവിച്ചിട്ടുള്ളതെന്ന് പറയാൻ സാധിക്കില്ലെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പു ഡയറക്ടർ കൂട്ടിച്ചേർത്തു. കെ. എസ്. കാലിത്തീറ്റയിൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച പരുത്തിപ്പിണ്ണാക്കിൽ അണുബാധ ഉണ്ടായിട്ടുണ്ടോയെന്ന സംശയമാണ് നിലനിൽക്കുന്നതെന്നും അത് കണ്ടെത്താനുള്ള പരിശോധനയ്ക്കായി സാമ്പിളുകൾ അയച്ചിട്ടുണ്ടെങ്കിലും അന്തിമ റിപ്പോർട്ട് ആയിട്ടില്ലെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പു ഡയറക്ടർ വിശദീകരിച്ചു. അന്തിമ റിപ്പോർട്ട് വരുന്നതുവരെ അതിന്റെ ഉല്പാദനം തുടരുന്നത് പ്രശ്നമാകില്ലേയെന്ന് സമിതിയംഗം ആരാഞ്ഞതിന് മാർക്കറ്റിൽ സപ്ലൈ ചെയ്തിരുന്ന ആ ബാച്ചിലെ മുഴുവൻ തീറ്റകളും പിൻവലിച്ചുവെന്നും ഭക്ഷ്യ വിഷബാധയുണ്ടാകാൻ കാരണമായെന്ന് സംശയിക്കുന്ന പരുത്തിപ്പിണ്ണാക്ക് നിലവിൽ

ഉപയോഗിക്കാതെ മാറ്റി വച്ചിരിക്കുകയാണെന്നും മറ്റ് അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് നിലവിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. കെ.എസ്.ഇ. കമ്പനിയെക്കൊണ്ട് നഷ്ടപരിഹാരം നൽകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തുകയാണെന്നും അവരത് നൽകി തുടങ്ങിയിട്ടുണ്ടെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി വ്യക്തമാക്കി. ഇതു സംബന്ധിച്ച പരിശോധനകളുടെ റിപ്പോർട്ട് വന്നതിനുശേഷം നടപടി സ്വീകരിക്കാമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി യോഗത്തിൽ അറിയിച്ചു.

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്

2403-00-190-83 – കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

പാലക്കാട് ജില്ലയിലെ കെ.എൽ.ഡി. ബോർഡിന്റെ ധോണി ഫാമിലെ ജലദൗർലഭ്യം പരിഹരിച്ച് അവിടെ പരിപാലിക്കപ്പെടുന്ന മുന്തിയ ഇനം ആട്/കന്നുകാലികൾക്കാവശ്യമായത്ര തീറ്റപ്പുൽ ഉൽപാദിപ്പിക്കാവുന്ന രീതിയിൽ വിഭാവനം ചെയ്ത പദ്ധതി നടപ്പിലാക്കുന്നതിനും നിലവിൽ മഴക്കാലത്ത് മഴവെള്ളം നഷ്ടപ്പെടുന്നത് തടയുന്നതിനും ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള സാദ്ധ്യതാ പഠനത്തിനുമായി 45000 രൂപയും കന്നുകാലികളുടെ വന്ധ്യതാ നിരീക്ഷണ കേന്ദ്രവും റഫറൽ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 15.15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2403-00-188-99-31- കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി-സഹായധനം- ശമ്പളം

ശമ്പളം/പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി സർവ്വകലാശാലാ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, പെൻഷൻ എന്നിവ വിതരണം

ചെയ്യുന്നതിനായും മൃഗങ്ങൾക്കുള്ള തീറ്റ, മരുന്ന്, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 88.642 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-188-99-36- കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി- സഹായധനം- ശമ്പളേതരം

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിക്ക് കെട്ടിടം പണിയുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

2404-00-001-99 - ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 01(1) ഇനത്തിൽ 1 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 75 ലക്ഷം രൂപയും 01(3) വീട്ടുവാടക അലവൻസ് ഇനത്തിൽ 10 ലക്ഷം രൂപയും 01(4) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ 1 ലക്ഷം രൂപയും 02(1) ഇനത്തിൽ 10 ലക്ഷം രൂപയും 02(2)(ക്ഷാമബത്ത) ഇനത്തിൽ 50,000/- രൂപയും 04(1) ഇനത്തിൽ 1 ലക്ഷം രൂപയും 04(4) ഇനത്തിൽ 1.23 ലക്ഷം രൂപയും 05(2) ഇനത്തിൽ 2 ലക്ഷം രൂപയും 06 ( വാടക, കരം, നികുതി) ഇനത്തിൽ 2 ലക്ഷം രൂപയും 21-2 മോട്ടോർ വാഹനങ്ങൾ (സംരക്ഷണവും അറ്റകുറ്റപ്പണികളും) ഇനത്തിൽ 1.11 ലക്ഷം രൂപയും -45(പി.ഒ.എൽ) ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.0484 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-98 - ജില്ലാഭരണം

ഈ ശീർഷകത്തിൽ 01(1) ശമ്പള ഇനത്തിൽ 5 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 1.5 കോടി രൂപയും 1(4) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 1 ലക്ഷം രൂപയും 02(1) വേജസ് ഇനത്തിൽ 15 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 1.52 ലക്ഷം രൂപയും 02(3) മറ്റ് അലവൻസ് ഇനത്തിൽ 80,000 രൂപയും 04(1) യാത്രാചെലവുകൾ ഇനത്തിൽ 4.37 ലക്ഷം രൂപയും 05(2) ഇനത്തിൽ 6 ലക്ഷം രൂപയും 05(04) ഇനത്തിൽ 2 ലക്ഷം രൂപയും 06(വാടക, കരം, നികുതി) ഇനത്തിൽ 10 ലക്ഷം രൂപയും 21-2 മോട്ടോർവാഹനങ്ങൾ (സംരക്ഷണം അറ്റകുറ്റപ്പണികളും) ഇനത്തിൽ 1 ലക്ഷം രൂപയും 45 (പി.ഒ.എൽ.) ജില്ലാ ഭരണ ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.9269 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-97 - വികസന പ്രവർത്തന ഘടകങ്ങൾ

ഈ ശീർഷകത്തിൽ 01(1) ശമ്പള ഇനത്തിൽ 7 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 1.54 കോടി രൂപയും 01(3) (വീട്ടുവാടക അലവൻസ്) ഇനത്തിൽ 20 ലക്ഷം രൂപയും 01(4) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 3 ലക്ഷം രൂപയും 02(4) ഇനത്തിൽ 1.16 കോടി രൂപയും ഉൾപ്പെടെ ആകെ 9.93 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-99 - പശുക്കളുടെ ക്ഷീരോല്പാദനശേഷി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പാൽ ഉൽപാദിപ്പിക്കാനുമുള്ള പദ്ധതി

ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക് ഇൻസെന്റീവ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കും കന്നുകാലികളിലെ കൃത്രിമ ബീജദാനത്തിനുള്ള സെമന്റെ വിലയ്ക്കുമായുള്ള ചെലവുകൾക്കും KLDB യ്ക്ക് 10 ലക്ഷം രൂപ കുടിശ്ശിക നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി

വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-96 – ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ് എന്നിവ നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-79- – കാലിത്തീറ്റക്കുള്ള സബ്സിഡി

3634 ക്ഷീര സംഘങ്ങളിലൂടെ പച്ചപ്പുൽ, വയ്ക്കോൽ എന്നിവ ധനസഹായ നിരക്കിൽ വിതരണം ചെയ്ത് ഉത്പാദന ചെലവ് ലഘൂകരിച്ച് ക്ഷീരവൃത്തി ആദായകരമാക്കുവാൻ ലക്ഷ്യമിട്ട് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-77 – കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

2023-24 സാമ്പത്തിക വർഷം 90 ഏക്കർ തരിശു ഭൂമിയിൽ അധികമായി പുൽകൃഷി പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായും തീറ്റപ്പുൽ കൃഷി പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കൂടുതൽ തീറ്റപ്പുൽകൃഷി പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-98 - <u>ക്ഷീരവികസന പരിശീലന കേന്ദ്രം</u>

ഈ ശീർഷകത്തിൽ 01(1) ശമ്പള ഇനത്തിൽ 1.029 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 7.6 ലക്ഷം രൂപയും 02(4) ഇനത്തിൽ 1.3 ലക്ഷം രൂപയും 05(4) ഇനത്തിൽ 75,000 രൂപയും ഉൾപ്പെടെ ആകെ <u>1.1255 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2404-00-109-95 - <u>ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ</u>

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിനായി <u>ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2404-00-195-94 - <u>ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം</u>

ഗർഭാവസ്ഥയിലും ഇളം കറവയിലുമുള്ള പശുക്കൾക്ക് പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 5.88 <u>കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

4404-00-109-96 - <u>വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പദ്ധതി</u>

മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 66 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

സംഘങ്ങൾ വഴിയാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നുള്ള സമിതിയുടെ ചോദ്യത്തിന് പഞ്ചായത്തുകൾ വഴിയാണെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി മറുപടി നൽകി. ഒരു ഗ്രാമപഞ്ചായത്തിൽ 25 ശതമാനം പ്ലാൻ ഫണ്ട്, 25 ശതമാനം പഞ്ചായത്ത് വിഹിതം, 50 ശതമാനം ഗുണഭോക്തൃ വിഹിതം എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും നിരവധി പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ മുന്നോട്ട് വന്നിട്ടുണ്ടെന്നും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി

വ്യക്തമാക്കി.

4404-00-195-98 – ക്ഷീര സഹകരണ സംഘങ്ങളിലുള്ള നിക്ഷേപം

ക്ഷീര സഹകരണ സംഘങ്ങളുടെ മൂലധന വർദ്ധനവ് പൂർണ്ണമായി നിർവ്വഹിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മത്സ്യബന്ധനം XXXIII

2405-00-001-99- നടത്തിപ്പ്

ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-90 - ദേശീയ വിത്തുൽപാദന പരിപാടി

ഹാച്ചറികൾ/ഫാമുകളിലെ ദിവസവേതനാടിസ്ഥാനത്തിൽ സേവന-മനുഷ്ഠിക്കുന്ന തൊഴിലാളികൾ, പ്രോജക്ട് അസിസ്റ്റന്റുമാർ എന്നിവർക്ക് വേതനം നൽകുന്നതിനുള്ള അധിക ചെലവ് വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6824 കോടി രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-87 - മത്സ്യ വിത്ത് ഫാമുകൾ, നഴ്സറികൾ , ഹാച്ചറികൾ

ഹാച്ചറികളുടെ/ഫാമുകളുടെപ്രവർത്തനങ്ങൾക്കായി അധിക ചെലവ് വഹിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-54 - മത്സ്യകൃഷി വികസനം

മത്സ്യകൃഷിക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-52 - ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടവും നിർവ്വഹണവും

സംസ്ഥാനത്തെ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനും അധികമായി വരുന്ന ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-48- അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അക്വാകൾച്ചർ പ്രൊമോട്ടർ കോ-ഓർഡിനേറ്റർമാരുടെ സേവനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-99 - സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തു ചുറ്റൽ

ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി 32 തസ്തികകൾ സൃഷ്ടിച്ചതുമൂലമുണ്ടാകുന്ന അധിക ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.33 കോടി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി

തീരുമാനിച്ചു.

2405-00-103-91 – മത്സ്യ വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം )

പട്രോളിംഗ് സുരക്ഷബോട്ടുകളുടെ പ്രവർത്തനത്തിന് കൂടുതൽ തുക ഇന്ധന ചെലവിനായി വകയിരുത്തേണ്ടതിനാൽ 6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-82– സംയോജിത മത്സ്യബന്ധന വികസനപദ്ധതി (എൻ.സി.ഡി.സി. സഹായം ) - സംസ്ഥാന വിഹിതം

ഭരണാനുമതി ലഭിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധസനഹായത്തോടെയുള്ള പദ്ധതികളിൽ കേന്ദ്ര സംസ്ഥാന സബ്സിഡി ഇനത്തിൽ 14.18 കോടി രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-76 – സമുദ്രസുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

കടൽ സുരക്ഷാ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-72 – പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കൽ

കൺട്രോൾ റൂം വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം, മാസ്റ്റർ കൺട്രോൾ റൂം, സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ വേതനം എന്നിവ നൽകുന്നതിനും അധിക തുക ആവശ്യമായതിനാൽ 9 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന: പുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി

തീരുമാനിച്ചു.

2405-00-103-70 - സമുദ്രജലകൃഷി പ്രവർത്തനങ്ങൾ

കടലിലെ കൂട്ട മത്സ്യകൃഷി, sea weed farming എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-69 - ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

കടൽത്തീര ശുചീകരണത്തിനും നീണ്ടകര മാതൃകാ ശുചിത്വ സാഗരം പദ്ധതി 20 ഹാർബറുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-88 - തീരമൈത്രി സൂപ്പർ മാർക്കറ്റ് - സബ്സിഡികൾ

തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-86 - മത്സ്യസൂപ്പർ മാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

മത്സ്യഗുണനിലവാര പരിശോധന ലാബുകൾ, നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെ നവീകരണം എന്നീ പ്രവർത്തികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി

തീരുമാനിച്ചു.

2405-00-109-91 – വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കും അന്തർദേശിയ പരിശീലനവും പരസ്പര കൈമാറ്റം വ്യവസ്ഥ വഴി കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന പരിപാടിയും വിജ്ഞാന വ്യാപനവും നടപ്പാക്കുന്നതിനും ഇ-ഗവേർണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-110-98 - പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം

കൂടുതൽ യൂണിറ്റുകൾക്ക് insulated fishing box-കൾ ലഭ്യമാക്കുന്നതിനും വലിയ കണ്ണി വലകളും നവീന ചൂണ്ട ഉപകരണങ്ങളും നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-120-98 – ലിംഗസമത്വ സ്ത്രീ ശാക്തീകരണ നയനിർവഹണം-സാഫിനുള്ള ധനസഹായം

ലിംഗ സമത്വ സ്ത്രീശാക്തീകരണ നയ നിർവ്വഹണത്തിനായി സാഫിനുള്ള ധനസഹായമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-97 – രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ

ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-96 – മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കായുള്ള ഈ പദ്ധതിയിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-95 – ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം

ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-92 – മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

2022-23 സാമ്പത്തിക വർഷം 240974 മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിന് 13.79 കോടി രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-190-95 – കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ)

കാവിലിന്റെ പ്രവർത്തനങ്ങൾക്കായും പദ്ധതി നിർവ്വഹണത്തിനായും വരുന്ന അധികച്ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-800-27 - മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പരമ്പരാഗത യാനങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയിൻ കീഴിൽ കൊണ്ടുവരുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-101-90 - അക്വാകൾച്ചർ ഡെവലപ്പ്മെന്റ്

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-98 - സംയോജിത മത്സ്യബന്ധന വികസന പദ്ധതി
(100% എൻ.സി.ഡി.സി. സഹായം)

ഭരണാനുമതി ലഭിച്ച് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനസഹായത്തോടെയുള്ള പദ്ധതികളിൽ കേന്ദ്ര സംസ്ഥാന സബ്സിഡി ഇനത്തിൽ ഉള്ള തുകയ്ക്കായി 12.4084 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-94 - തീരദേശ റോഡുകളുടെ നവീകരണം

മുൻ വർഷങ്ങളിലെ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-93- മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

ഭവന പുനരുദ്ധാരണം, കോളനി നവീകരണം എന്നീ പ്രവൃത്തികൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-92- വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം പുനരധിവാസ പദ്ധതിയിൽ അടിയന്തരമായി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-89- പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

പുനർഗേഹം പദ്ധതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പുതിയ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനും മുട്ടത്തറയിൽ ഭരണാനുമതി ലഭിച്ച 8 ഏക്കർ ഭൂമിയിൽ 81 കോടി രൂപ ചെലവഴിച്ചുള്ള ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 80 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-54- നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, തീരദേശ പാലങ്ങൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം എന്നിവ നബാർഡിന്റെ സഹായത്തോടെ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-37- മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും

ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിങ് പ്രവർത്തികൾക്കുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-33- മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (എൽ.എ.ആർ)

വിവിധ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് എൽ.എ.ആർ കേസുകൾക്കായി (ചാർജ്ജ് ചെയ്ത) വിഹിതം നൽകുന്നതിലേക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-29- വിഴിഞ്ഞം മാസ്റ്റർപ്ലാൻ

വിഴിഞ്ഞം മാസ്റ്റർപ്ലാൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-28- മുതലപ്പൊഴി മാസ്റ്റർപ്ലാൻ

മുതലപ്പൊഴി മാസ്റ്റർപ്ലാൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി ബജറ്റിൽ

വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-27- തീരപരിപാലന പ്രവർത്തനങ്ങൾ

തീരപരിപാലന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 14.9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-109-98- മത്സ്യ കൃഷി പരിശീലന കേന്ദ്രങ്ങൾ - പണി പൂർത്തിയാക്കലും മത്സ്യഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും

ബേപ്പൂർ ഫിഷറീസ് ട്രെയിനിംഗ് സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ശക്തികുളങ്ങര മത്സ്യഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യോത്പ്പന്നങ്ങളുടെ സംസ്കരണത്തിലും സംഭരണത്തിലും അന്താരാഷ്ട്ര നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതിനായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായും സാങ്കേതിക വിദ്യയുടെ സഹായത്തോടെ മത്സ്യോത്പ്പന്നങ്ങൾക്ക് മൂല്യവർദ്ധന വരുത്തുന്നതിനായുമുള്ള പ്രവൃത്തികൾക്കായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.50 ന് പിരിഞ്ഞു.

## 22.02.2023-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2023 ഫെബ്രുവരി 22-ാം തീയതി, ബുധനാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രിയുമായ ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ.പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
3. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്. സുനിൽകുമാർ, ജോയിന്റ് സെക്രട്ടറി

സമിതി, 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2415-01-277-98 – സീനിയർ ഉദ്യോഗസ്ഥർക്ക് പരിശീലനം

2023-24 സാമ്പത്തിക വർഷം കർഷകർക്ക് പരിശീലനം നൽകുന്നതിനായും കാർഷിക വിജ്ഞാനം ആർജിക്കുന്നതിനായും, ദേശീയ-അന്തർ ദേശീയ പരിശീലന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും ശില്പശാലകൾ, സെമിനാറുകൾ, യോഗങ്ങൾ

എന്നിവയിൽ പങ്കെടുക്കുന്നതിനും ഉദ്യോഗസ്ഥരുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായാണ് 2415-01-277-98 എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കർഷകർക്കുള്ള പരിശീലനങ്ങൾ, അന്താരാഷ്ട്ര വിസിറ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല എന്ന് വാർഷിക പദ്ധതി രേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നിരുന്നാലും നൂതന കൃഷി രീതി അവലംബിക്കേണ്ടത് ഒഴിവാക്കാനാകാത്തതിനാൽ അടിയന്തര സാഹചര്യങ്ങളിൽ വിദേശ യാത്ര അനിവാര്യമായിത്തീരുമെന്നും ഇത്തരത്തിലൊരു നിബന്ധന ഒഴിവാക്കേണ്ടത് ആണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കി പ്രസ്തുത ഘടകം കൂടി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-96 – <u>ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ</u>

മേൽ പരാമർശിത ശീർഷകവുമായി ബന്ധപ്പെട്ട പദ്ധതിയിൻ കീഴിലുള്ള 'ആകസ്മിക ചെലവുകൾ' എന്ന ഘടകം ഒഴിവാക്കിയതിനാൽ ക്ഷീര വികസന മേഖലയുമായി ബന്ധപ്പെട്ട അടിയന്തര ചെലവുകൾ നിർവ്വഹിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതനിൽ 'ആകസ്മിക ചെലവുകൾ' എന്ന ഘടകം കൂടി പ്രസ്തുത ശിർഷകത്തിലെ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-76-34-03 – <u>ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം</u>

ക്ഷീരകർഷകർക്ക് ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ് എന്നിവ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.20-ന് അവസാനിച്ചു.